DIET
KANNUR




# STEPS-2022

**എസ്.എസ്.എൽ.സി വിദ്യാർത്ഥികൾക്കുള്ള പഠന സഹായി**

## മലയാളം

# ആമുഖം



കോവിഡ് പശ്ചാത്തലത്തിൽ ഓൺലൈനായിരുന്ന നമ്മുടെ പഠനം 2021 നവംബർ 1 ന് സ്കൂൾ തുറന്നതോടെ അധ്യാപകർക്കും, കുട്ടികൾക്കും, രക്ഷിതാക്കൾക്കും വലിയ ആശ്വാസമായി. ഓൺലൈൻ പഠനം നേരിട്ടുള്ള പഠനത്തിന് ബദലല്ലെന്ന് നമുക്കെല്ലാം അറിയാം. കുട്ടികൾക്ക് ഓൺലൈനിനൊപ്പം സഞ്ചരിക്കാനും പ്രതീക്ഷിതശേഷിയും ധാരണയും യഥാവസരം നേടാനും പരിമിതിയുണ്ടാവുക സ്വാഭാവികമാണ്. കുട്ടികൾ പരസ്പരവും, അധ്യാപകരും കുട്ടികളും, കുട്ടികളും സമൂഹവുമൊക്കെ തമ്മിലുള്ള ഇടപെടലുകൾ അർത്ഥപൂർണമായി നടക്കേണ്ടതുണ്ട്. മറ്റുള്ളവരുമായി ചർച്ചചെയ്തും പ്രവർത്തനത്തിലേർപ്പെട്ടും ചുറ്റുപാടുകളുമായി ഇടപെട്ടും ഒക്കെയാണ് പഠനം സാധ്യമാകുന്നത്. പക്ഷെ ചുരുങ്ങിയ കാലത്തെ ക്ലാസ്സ്റൂം പ്രവർത്തനങ്ങളും നീണ്ടകാലത്തെ ഓൺലൈൻ പഠനവും ഇതിനെല്ലാം ആനുപാതികമായ അവസരം പ്രദാനം ചെയ്യാൻ അപര്യാപ്തമാണ്. പത്താം തരത്തിലെ പൊതുപരീക്ഷ അഭിമുഖീകരിക്കുന്ന കുട്ടികളിൽ ഈ സാഹചര്യം ഉണ്ടാക്കാനിടയുള്ള സമ്മർദ്ദങ്ങളും ആശങ്കകളും നാം ദൂരീകരിക്കേണ്ടതുണ്ട്.

കുട്ടികളെ സൂക്ഷ്മമായി മനസ്സിലാക്കി അവരനുഭവിക്കുന്ന പഠന പ്രശ്നങ്ങൾ, അവരിൽ സംഭവിച്ചുപോയിട്ടുള്ള പഠനവിടവുകൾ പഠനനഷ്ടങ്ങൾ തുടങ്ങിയവ തിരിച്ചറിഞ്ഞ് അതിന് പരിഹാരമാകാവുന്ന പ്രവർത്തനങ്ങൾ നൽകി സഹായിക്കുക എന്നത് വലിയ ഒരു കൈത്താങ്ങായി അവർക്കനുഭവപ്പെടും. ഈ തിരിച്ചറിവിൽ നിന്നു രൂപപ്പെട്ടതാണ് സ്റ്റെപ്പ്സ് എന്ന പഠനസഹായി. ജില്ലയിലെ വിദഗ്ധരായ അധ്യാപകരുടെ സഹായത്തോടെയാണ് കണ്ണൂർ ഡയറ്റ് സ്റ്റെപ്പ്സ് തയ്യാറാക്കിയിട്ടുള്ളത്. അധ്യാപകർക്കും കുട്ടികൾക്കും ഇത് നന്നായി പ്രയോജനപ്പെടുമെന്ന പ്രതീക്ഷയോടെ സമർപ്പിക്കുന്നു.

ശ്രീ.കെ.എം.സോമരാജൻ
പ്രിൻസിപ്പാൾ
ഡയറ്റ് കണ്ണൂർ

# കേരള പാഠാവലി


| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| 1. ആമുഖം | 2 |
| 2. ലക്ഷ്മണ സാന്ത്വനം | 3-5 |
| 3. ഋതുയോഗം | 5-8 |
| 4. പാവങ്ങൾ | 8-10 |
| 5. വിശ്വരൂപം | 10-14 |
| 6. പ്രിയദർശനം | 15-17 |
| 7. കടൽത്തീരത്ത് | 17-21 |
| 8. പ്രലോഭനം | 22-24 |
| 9. യുദ്ധത്തിന്റെ പരിണാമം | 24-27 |
| 10. ആത്മാവിന്റെ വെളിപാടുകൾ | 27-29 |
| 11. അക്കർമാശി | 29- 31 |
| 12. ഞാൻ കഥാകാരനായ കഥ | 32- 33 |
| 13. അശ്വമേധം | 34-35 |
| 14. ഉരുളക്കിഴങ്ങ് തിന്നുന്നവർ | 35-37 |
| 15. മൈക്കലാഞ്ജലോ മാപ്പ് | 37-40 |


## അടിസ്ഥാന പാഠാവലി


| ഉള്ളടക്കം | പേജ് നമ്പർ |
|---|---|
| 1. പ്ലാവിലക്കഞ്ഞി | 41-44 |
| 2. ഓരോ വിളിയും കാത്ത് | 44-46 |
| 3. അമ്മത്തൊട്ടിൽ | 46-48 |
| 4. കൊച്ചു ചക്കരച്ചി | 48- 49 |
| 5. ഓണമുറ്റത്ത് | 50- 52 |
| 6. കോഴിയും കിഴവിയും | 52- 54 |
| 7. ശ്രീനാരായണ ഗുരു | 55-56 |
| 8. പത്ര നീതി | 56- 58 |
| 9. പണയം | 58- 60 |
| 10. അമ്മയുടെ എഴുത്തുകൾ | 60-61 |

# ആമുഖം

കോവിഡ്കാലം വിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച പ്രയാസങ്ങളെ ഒരു പരിധിവരെ ഓൺലൈൻ പഠനരീതി ഉപയോഗിച്ച് മറികടക്കാൻ നാം ശ്രമിച്ചു. വിദ്യാർത്ഥികൾ അഭിമുഖീ കരിച്ച നിരവധി പഠനപ്രയാസങ്ങളെ പരിഹരിക്കാനുള്ള പ്രക്രിയാധിഷ്ഠിത പഠന സാധ്യത നമുക്ക് പ്രയോജനപ്പെടുത്താനായത് ഇക്കഴിഞ്ഞ നവംബർ 1 മുതലാണ്. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളെ ആത്മവിശ്വാസത്തോടെ പൊതുപരീക്ഷയ്ക്ക് തയ്യാറെടുപ്പിക്കുക എന്ന ദൗത്യം നമ്മിൽ നിക്ഷിപ്തമാണ്.

പഠനനേട്ടങ്ങളിൽ ഊന്നി ആശയ രൂപീകരണത്തിലേക്ക് മുന്നേറുന്ന രീതിയിൽ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും അത് എത്രത്തോളം സ്വാംശീകരിക്കപ്പെട്ടി ട്ടുണ്ട് എന്ന വിലയിരുത്തൽ കൃത്യമായ ഘട്ടങ്ങളിൽ നടത്തുകയും പരിഹാരബോധന പ്രക്രി യകൾ നടപ്പിലാക്കുകയും ചെയ്യേണ്ടതുണ്ട്. വിദ്യാർത്ഥികളിൽ നിലനിൽക്കുന്ന പ്രയാസ ങ്ങളെ ലഘൂകരിക്കുകയും അതോടൊപ്പം ഭാഷാപഠന പ്രവർത്തനങ്ങൾ സർഗ്ഗാത്മകമാക്കു കയും ചെയ്യുക എന്ന സവിശേഷ മുന്നൊരുക്കവും നമ്മുടെ ഭാഗത്തു നിന്നുണ്ടാവേണ്ട തുണ്ടല്ലോ.

പത്താം ക്ലാസിലെ ഓരോ യൂണിറ്റിലെയും പാഠങ്ങളെ വിശകലനം ചെയ്യുകയും ചോദ്യമാതൃകകളായി അവതരിപ്പിക്കുകയുമാണ് ഇവിടെ ചെയ്തിരിക്കുന്നത്. ഓരോ പാഠ ത്തിന്റെയും ആശയം സംഗ്രഹിച്ച് അവതരിപ്പിക്കുക, തുടർന്ന് ചോദ്യ മാതൃകകൾ അവതരിപ്പി ക്കുക എന്ന രീതിയിലാണ് പ്രവർത്തനങ്ങൾ ക്രമീകരിച്ചിരിക്കുന്നത്. ഇവ കൂടാതെയുള്ള മറ്റ് ചോദ്യമാതൃകകളും അനുബന്ധ പ്രവർത്തനങ്ങളും നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കാൻ ശ്രമിക്കുമല്ലോ. ഓരോ കുട്ടിയെയും പരമാവധി ഉയർന്നഗ്രേഡ് നിലവാരത്തി ലെത്തിക്കാൻ ഈ പ്രവർത്തനങ്ങൾ സഹായകമാകും എന്ന് പ്രതീക്ഷിക്കുന്നു.

# കേരള പാഠാവലി

## <u>കാലാതീതം കാവ്യവിസ്മയം</u>

"കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളൂ
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ"
കവികളുടെ ഭാഷ (സച്ചിദാനന്ദൻ)

- കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളൂ എന്ന് പറയുന്നതിന്റെ യുക്തി എന്ത്?
  - ലോകമെമ്പാടുമുള്ള കവികൾ മനുഷ്യനന്മ ആഗ്രഹിക്കുന്നു.
  - അവർ മാനവികതയുടെ ഭാഷ സംസാരിക്കുന്നു.

### പാഠം 1

## <u>ലക്ഷ്മണ സാന്ത്വനം</u>

മലയാള ഭാഷാപിതാവായ എഴുത്തച്ഛന്റെ 'അദ്ധ്യാത്മ രാമായണം കിളിപ്പാട്ടി'ൽ നിന്നെടുത്തിട്ടുള്ള പാഠഭാഗമാണ് ലക്ഷ്മണസാന്ത്വനം. പതിനാറാം നൂറ്റാണ്ടാണ് അദ്ദേഹത്തിന്റെ ജീവിതകാലം. ഭക്തിയിലൂടെ ഒരു ജനതയെ പരിവർത്തിപ്പിക്കുക എന്ന ചരിത്ര ദൗത്യമാണ് എഴുത്തച്ഛൻ നിർവ്വഹിച്ചത്.

ശ്രീരാമന്റെ ഉപദേശത്തിലെ പ്രധാന ആശയങ്ങൾ
സുഖഭോഗങ്ങൾ ശാശ്വതമല്ല.

- ❖ ജീവിതം നശ്വരമാണ്
- ❖ ദേഹം ഏത് നിമിഷവും നശിച്ച് പോകാവുന്ന ഒന്നാണ്.
- ❖ അഹങ്കാരം മനുഷ്യനെ നശിപ്പിക്കുന്നു.
- ❖ എല്ലാ ദു:ഖങ്ങൾക്കും കാരണം അവിദ്യയാണ്.
- ❖ വിദ്യ ദു:ഖങ്ങളെ ഇല്ലാതാക്കുന്നു.
- ❖ കൃത്യമായ വിദ്യാഭ്യാസം നേടേണ്ടത് അത്യാവശ്യമാണ്.
- ❖ മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവാണ് കോപം.
- ❖ കോപം മനുഷ്യന് ദു:ഖങ്ങൾ ഉണ്ടാക്കുന്നു.
- ❖ അറിവുള്ളവർ കോപം ഉപേക്ഷിക്കണം.

**<u>മാതൃകപോലെ എഴുതുക</u>**

- പെരുവഴിയമ്പലം – പെരുവഴിയിലെ അമ്പലം
  ആലയസംഗമം –

**<u>ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക</u>**

1. <u>പാന്ഥർ</u> പെരുവഴിയമ്പലം തന്നിലേ
   താന്തരായ് കൂടി വിയോഗം വരുമ്പോലെ
   അടിവരയിട്ട പദത്തിന് സമാനമായ പദം
   വഴിയാത്രക്കാർ, സത്രം, ക്ഷീണിച്ചവർ
2. താഴെ കൊടുത്തവയിൽ എഴുത്തച്ഛനുമായി ബന്ധപ്പെട്ടത് .
   തുള്ളൽ, കിളിപ്പാട്ട്, വഞ്ചിപ്പാട്ട്
3. മനുഷ്യന്റെ ഏറ്റവും വലിയ ശത്രുവായി കവി വിശേഷിപ്പിച്ചിരിക്കുന്നത്?
   കോപം, അഭിമാനം, അവിദ്യ
4. നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു–
   മെത്രയും ചഞ്ചലമാലയ സംഗമം
   –ഈ വരികളിലെ ആശയത്തോട് യോജിക്കാത്ത പ്രസ്താവന?
   - ജീവിതം എപ്പോൾ വേണമെങ്കിലും നശിക്കാവുന്നതാണ്.
   - കുടുംബം വേർപെട്ടുപോകാവുന്ന ഒന്നാണ്.
   - ആലയസംഗമം ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടതാണ്.
5. 'സംസാരനാശിനി' ആയി കല്പിച്ചിരിക്കുന്നത്?
   അവിദ്യ, കോപം, വിദ്യ

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1. "സംസാരകാരിണിയായതവിദ്യയും
   സംസാരനാശിനിയായതു വിദ്യയും"
   
   വിദ്യയെയും അവിദ്യയെയും കുറിച്ച് എന്തൊക്കെ സൂചനകളാണ് കാവ്യഭാഗത്ത് മുന്നോട്ട് വയ്ക്കുന്നത്?
   - ദു:ഖങ്ങൾക്ക് കാരണം അവിദ്യയാണ്.
   - ദു:ഖങ്ങളെ നശിപ്പിക്കുന്നത് വിദ്യയാണ്.
   - അഹങ്കാരം അവിദ്യകാരണം ഉണ്ടാവുന്നു.
   - വിദ്യ അഹങ്കാരത്തെ നശിപ്പിക്കുന്നു.
2. പാന്ഥർ പെരുവഴിയമ്പലം തന്നിലേ
   താന്തരായ് കൂടി വിയോഗം വരുമ്പോലെ
   നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
   മെത്രയും ചഞ്ചലമാലയ സംഗമം
   
   –ജീവിതത്തിന്റെ അവസ്ഥയെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വരികൾ നൽകുന്നത്?
   - കുടുംബജീവിതം ക്ഷണികമാണ്.
   - ബന്ധങ്ങൾ ഒന്നും ശാശ്വതമല്ല.
3. കാലാഹിനാപരിഗ്രസ്തമാം ലോകവു-
   മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു.
   
   –ഈ വരികൾ സൂചിപ്പിക്കുന്ന ലോക സ്വഭാവം എന്താണ്?
   - ❖ കാലമാകുന്ന പാമ്പിനാൽ വിഴുങ്ങപ്പെട്ടതാണ് ലോകം.
   - ❖ എന്നിട്ടും ചഞ്ചല മനസ്സോടെ സുഖഭോഗങ്ങൾ തേടുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
   വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം
   മണ്ണിന്നു കീഴായ് കൃമികളായ് പോകിലാം
   നന്നല്ല ദേഹം നിമിത്തം മഹാമോഹം.
   
   മനുഷ്യശരീരത്തെക്കുറിച്ച് ഈ വരികൾ നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.?
   - ❖ ദേഹം പലവിധത്തിൽ നാശത്തിന് ഇരയാകും.
   - ❖ അതുകൊണ്ടു തന്നെ ദേഹത്തെ മുൻനിർത്തി അഹങ്കരിക്കുന്നത് ശരിയല്ല.
2. തന്നിരിക്കുന്ന വരികളിലെ അലങ്കാരഭംഗി കണ്ടെത്തുക?
   
   പാന്ഥർ പെരുവഴിയമ്പലം തന്നിലേ
   താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ
   നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു
   മെത്രയും ചഞ്ചലമാലയസംഗമം
   - ❖ മനുഷ്യജീവിതത്തിന്റെ നശ്വരത
   - ❖ സാദൃശ്യകല്പന
   - ❖ വലിയ ജീവിതതത്ത്വം ആവിഷ്ക്കരിക്കുന്നതിന് ജീവിതസാധാരണമായ ഉദാഹരണങ്ങൾ നൽകിയിരിക്കുന്നു.
3. വത്സ! സൗമിത്രേ! കുമാര നീ കേൾക്കണം
   മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
   നിന്നുടെ തത്ത്വമറിഞ്ഞിരിക്കുന്നതു
   മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
   എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
   നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും
   നിന്നാലസാധ്യമായില്ലൊരു കർമ്മവും

അനുജനോട് നിറഞ്ഞ സ്നേഹവാത്സല്യങ്ങളുള്ള ഒരു ജ്യേഷ്ഠനെയാണ് ഈ വാക്കുകളിൽ നമുക്ക് കാണാൻ കഴിയുന്നത്. നിങ്ങളുടെ അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- o സംബോധനയുടെ സവിശേഷത
- o ലക്ഷ്മണന് തന്നോടുള്ള സ്നേഹം തിരിച്ചറിയുന്നു.
- o ലക്ഷ്മണന് നൽകുന്ന അംഗീകാരം
- o മന:ശ്ശാസ്ത്രപരമായ സമീപനം

4. **താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ് വരും
ക്രോധമൂലം നൃണാം സംസാരബന്ധനം

‘ക്രോധം ഒരു സാമൂഹ്യവിപത്ത്’ എന്ന വിഷയത്തെ അടിസ്ഥാനമാക്കി എഡിറ്റോറിയൽ കുറിപ്പ് തയ്യാറാക്കുക.

ലക്ഷ്മണ സാന്ത്വനം എന്ന പാഠഭാഗത്തെ ആശയങ്ങൾ ഉപയോഗിക്കാം.

- o ആകർഷകമായ തലക്കെട്ട്
- o വസ്തുനിഷ്ഠത
- o ആശയ ക്രമീകരണം
- o സ്വന്തം നിരീക്ഷണം
- o ക്രോധം കാരണമുണ്ടാകുന്ന നാശങ്ങൾ
- o കോപം വ്യക്തികൾ തമ്മിലുള്ള കലഹത്തിൽ നിന്നും വളർന്ന് രാജ്യങ്ങൾ തമ്മിലുള്ള സംഘർഷത്തിലേക്കെത്തുന്ന അവസ്ഥ.

2. ലക്ഷ്മണനോടുള്ള ശ്രീരാമന്റെ ഉപദേശം ആധുനിക സമൂഹത്തിലും പ്രസക്തമാണ്. പാഠഭാഗത്തെ അടിസ്ഥാനമാക്കി ലഘു ഉപന്യാസം തയ്യാറാക്കുക.

- ❖ പാഠഭാഗത്തെ ആശയങ്ങൾ
- ❖ സമകാലിക സമൂഹത്തിലെ പ്രശ്നങ്ങൾ
- ❖ കിട മത്സരം, സമ്പത്തിനോടുള്ള ആർത്തി
- ❖ കോപം നിമിത്തമുണ്ടാവുന്ന അക്രമസംഭവങ്ങൾ

## ഋതുയോഗം

ഭാരതീയ നാടകങ്ങളിൽ അദ്വിതീയമാണ് കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം. മഹാഭാരത്തിലെ ശകുന്തളോപാഖ്യാനത്തെ ആസ്പദമാക്കി രചിച്ച ഈ കൃതി ‘മലയാള ശാകുന്തളം’ എന്ന പേരിൽ എ.ആർ. രാജരാജവർമ്മ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. പ്രസ്തുത കൃതിയിലെ ഏഴാമങ്കത്തിലെ ഒരു ഭാഗമാണ് ഋതുയോഗം.

**പ്രധാന മുഹൂർത്തങ്ങൾ**

- ❖ ദുഷ്യന്തൻ സർവ്വദമനനെ കാണുന്നു.
- ❖ മകനെന്നറിയാതെ അവനിൽ ആകൃഷ്ടനാവുന്നു.
- ❖ അവന്റെ രക്ഷ എടുക്കുന്നതിലൂടെ അവന്റെ അച്ഛനാണെന്ന് തിരിച്ചറിയുന്നു.
- ❖ ശകുന്തളയുടെ കാൽക്കൽ വീണ് മാപ്പു ചോദിക്കുന്നു

**പ്രധാന ആശയങ്ങൾ**

- ❖ ബാല്യത്തിന്റെ നിർമ്മലഭാവം
- ❖ കുടുംബഭദ്രതയ്ക്ക് വിട്ടുവീഴ്ച അനിവാര്യം
- ❖ എടുത്തുചാട്ടം ദുരന്തത്തിലേക്ക്
- ❖ ക്ഷമയും ത്യാഗവും പക്വമായ ജീവിത സമീപനമാണ്

**താഴെ  കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക**

മാതൃകപോലെ എഴുതുക.

കൗരവന്മാർ – കുരുവംശത്തിൽ പിറന്നവർ

1. പൗരവന്മാർ –
2. പങ്കം + അണിഞ്ഞിടുന്നു – പങ്കമണിഞ്ഞിടുന്നു

   ഞെരുങ്ങി + തൊടുകയാൽ –
3. പലനാളിവളുണ്ടു കാത്തിടുന്നു

   ഖലനാമെന്റെ വിയോഗദീക്ഷ സാധ്വി

   അടിവരയിട്ട പദം സൂചിപ്പിക്കുന്ന കഥാപാത്രം ആര്?

   ദുഷ്യന്തൻ, കണ്വൻ, ദുർവ്വാസാവ്
4. "എന്റെ മനോവിചാരം പൂർണ്ണമായി സിദ്ധിച്ചു".ഇതുമായി യോജിക്കുന്ന പ്രസ്താവന
   - രാജാവ് മകനെ തിരിച്ചറിഞ്ഞു.
   - രാജാവ് സ്വപ്നം കാണുന്നു.
   - രാജാവിന്റെ മനസ്സിന് സ്വാസ്ഥതയില്ല.
5. വിളങ്ങുന്നൂ രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം

   തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ

   അടിവരയിട്ട പദത്തിന്റെ സമാനമായ അർത്ഥം സൂചിപ്പിക്കുന്ന പദം.

   രാജമുദ്ര, താമരപ്പൂവ്, കൈവിരൽ
6. 'അഭിജ്ഞാന ശാകുന്തള'ത്തിന് 'മലയാള ശാകുന്തളം' എന്ന പേരിൽ വിവർത്തനം തയ്യാറാക്കിയത്?

ഏ.ആർ എ.ആർ. രാജരാജവർമ്മ, നാലാപ്പാട്ട് നാരായണ മേനോൻ, ലളിതാംബിക അന്തർജ്ജനം

7. മലിനം വസനദ്വയം, വ്രതത്താൽ

   മെലിവേറ്റം കുഴൽ കറ്റയൊറ്റയായ്

   –ശകുന്തളയുടെ ഏത് മനോഭാവമാണ് ഇവിടെ വ്യക്തമാവുന്നത്?

   ദു:ഖം, രോഗം, ദാരിദ്ര്യം
8. ഗോത്രാദിയൊന്നുമറിയാതെയെനിക്കിവന്റെ

   ഗാത്രങ്ങളിൽത്തൊടുകയാൽ സുഖമിത്രമാത്രം

   എത്രയ്ക്ക് വേണമിവനെ പ്രതിപത്തിയോടെ

   പുത്രത്വമോർത്തു പുണരുന്നൊരു പുണ്യവാന്ന്

   ഈ വരികളിൽ തെളിയുന്ന രാജാവിന്റെ മാനസികാവസ്ഥ.

   ❖ മക്കളില്ലാത്ത ദു:ഖം, അസൂയ, സംശയം

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. രണ്ടോ മൂന്നോവാക്യത്തിൽ**

1. സർവ്വദമനൻ എന്ന് മഹർഷിമാർ നിനക്ക് പേരിട്ടത് ശരിതന്നെ – താപസിമാർ ഇങ്ങനെ പറയാനുള്ള സാഹചര്യം എന്ത്?
   - സിംഹക്കുട്ടിയെ പിടിച്ചു വലിക്കുന്നു.
   - താപസിമാരെപ്പോലും വരുതിയിലാക്കുന്നു.
   - പേരിന്റെ അർത്ഥം – എല്ലാറ്റിനേയും അടക്കുന്നവൻ
2. തെറികാട്ടിയാശ്രമവിരുദ്ധവൃത്തി നീ

   ചെറുപാമ്പു ചന്ദനമരത്തിലെന്നപോൽ

   –ചെറുപാമ്പ്, ചന്ദനമരം എന്നീ സാദൃശ്യകല്പനകളുടെ ഔചിത്യം വ്യക്തമാക്കുക.
   - പാമ്പ് ഭയത്തിന്റെയും ചന്ദനമരം വിശുദ്ധിയുടേയും പ്രതികമാണ്.
   - വികൃതി കാണിക്കുന്നത് ആശ്രമാന്തരീക്ഷത്തിന് വിരുദ്ധമാണ്.
3. എന്റെ ആശയ്ക്ക് ഒരു താങ്ങലും കൂടിയായി –രാജാവ് ഇങ്ങനെ ചിന്തിക്കാനുള്ള കാരണം എന്ത്?

- കുട്ടിയുടെ അമ്മയ്ക്ക് അപ്സരസ്സുമായി ബന്ധം ഉണ്ടെന്നു മനസ്സിലാക്കി.
- അവൻ രാജാവിന്റെ വംശമാണെന്ന് നേരത്തേ അറിഞ്ഞു.

4. ഇത് വൈഷമ്യക്കാരനാണ്. ശകുന്തള ഇങ്ങനെ പറയാനുള്ള സാഹചര്യം എഴുതുക?
   - മോതിരത്തെക്കുറിച്ചാണ് ഇവിടെ പറയുന്നത്.
   - മോതിരം നഷ്ടപ്പെട്ടതാണ് ശകുന്തള വിരഹവേദന അനുഭവിക്കാൻ കാരണം.
5. വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ.

   വള്ളി, ഋതുയോഗം, പുഷ്പം എന്നീ പദങ്ങൾ നൽകുന്ന അർത്ഥ സൂചനകൾ എന്തെല്ലാം?
   - ❖ ദുഷ്യന്തൻ ശകുന്തളയെ മുദ്രമോതിരം അണിയിക്കാൻ ഒരുങ്ങുന്നു.
   - ❖ വള്ളി-ശകുന്തള, പുഷ്പം – മുദ്രമോതിരം, ഋതുയോഗം – സമാഗമം

**<u>മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക</u>**

1. രാജാവ് : (ശകുന്തളയുടെ കാലക്കൽവീണിട്ട്)

   "തെല്ലും ഞാൻ തള്ളിയെന്നുള്ളൊരു

   പരിഭവമുൾക്കൊള്ളാലാ വല്ലഭേ നീ"

   അധികാരസ്ഥാനത്ത് ഇരിക്കുമ്പോഴും സ്വന്തം തെറ്റുകൾ ഏറ്റ് പറയുകയും അത് തിരുത്താനുള്ള മനസ്സ് കാണിക്കുകയും ചെയ്യുന്ന മാതൃകാപരമായ പെരുമാറ്റംമാണ് ഇവിടെ ദുഷ്യന്തനിൽ കാണുന്നത്.

   –ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക.
   - ❖ രാജാവ് ശകുന്തളയുടെ കാൽക്കൽ വിഴുന്നു.
   - ❖ തെറ്റ് ഏറ്റ് പറയുന്നു.
2. താഴെ കൊടുത്തിരിക്കുന്ന വരികളിലെ കാവ്യഭംഗി കണ്ടെത്തുക.

   "കളിക്കോപ്പേൽക്കാനായ് കുതുകമൊടു നീട്ടീടിന കരം
   വിളക്കിച്ചേർത്തോണം വിരൽനിര ഞെരുങ്ങിത്തൊടുകയാൽ
   വിളങ്ങുന്നു രാഗം ഭൃശമെഴുമുഷസ്സിൽദ്ദലകുലം

   തെളിഞ്ഞീടാതൊന്നായ് വിടരുമൊരു തണ്ടാർമലരുപോൽ"
   - ❖ സാദൃശ്യകല്പന
   - ❖ പ്രാസഭംഗി
3. ഋതുയോഗം എന്ന ശീർഷകത്തിന്റെ ഔചിത്യം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക?
   - ❖ ഋതുക്കളിൽ പ്രധാനിയാണ് വസന്തം.
   - ❖ പ്രകൃതി പൂവണിയുന്ന ഋതു
   - ❖ കുടുംബത്തിന്റെ ഒത്തുചേരൽ
4. "വല്ലതെന്നുള്ളമന്നാളൊരു മലിനതയേ-

   റ്റേറേ മന്ദിച്ചിരുന്നു"

   "ഇന്നക്കണ്ണീർ ചുളിവെഴുമിമയ്ക്കുള്ളിൽനിന്നേ തുടച്ചി-

   ട്ടന്തസ്താപം സുമുഖി, ദയിതേ! ചെറ്റു ഞാനാറ്റിടട്ടേ"

   കുടുംബ ജീവിതത്തിന്റെ ഭദ്രതയ്ക്കു വേണ്ടി തെറ്റുകൾ ഏറ്റ് പറയുകയും തിരുത്താൻ തയ്യാറാവുകയും ചെയ്യുകയാണ് ദുഷ്യന്തൻ.ഇത് നമ്മുടെ സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? നാടകത്തിന്റെ സമകാലിക പ്രസക്തി വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?
   - ❖ ദുഷ്യന്തന്റെ പശ്ചാത്താപം
   - ❖ ശകുന്തളയുടെ കാൽക്കൽ വീഴുന്നു.
   - ❖ കുടുംബത്തിന്റെ ഒത്തുചേരൽ
   - ❖ സമകാലീന സമൂഹത്തിലെ കുടുംബ ബന്ധങ്ങൾ വിശകലനം ചെയ്യുന്നു.

**താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക?**

- ‘സർവ്വദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടത് ശരിതന്നെ’
- ഇവൻ വാക്കുകൊണ്ട് മാത്രം തൃപ്തിപ്പെടുന്നവനല്ല.

നാടകത്തിലെ ഇതര സന്ദർഭങ്ങൾ കൂടി പരിഗണിച്ച് സർവ്വദമനൻ എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- സന്ദർഭത്തിനനുസരിച്ച് മറുപടി നൽകുന്നു.
- ധൈര്യം, ഓമനത്തം
- അമ്മയോടുള്ള സ്നേഹം
- എല്ലാവരേയും ആകർഷിക്കുന്നു

5. രാജാവായ ദുഷ്യന്തൻ തെറ്റ് മനസ്സിലാക്കുകയും ശകുന്തളയുടെ കാൽക്കൽ വീഴുകയും ചെയ്യുന്നു. ഈ സന്ദർഭത്തെ മുൻനിർത്തി ആധുനിക സമൂഹത്തിൽ സ്ത്രീയുടെ പദവി എന്ന വിഷയത്തിൽ പ്രഭാഷണം തയ്യാറാക്കുക.
   - രാജാവിന്റെ പശ്ചാത്താപം
   - ശകുന്തയ്ക്ക് നൽകുന്ന വാഗ്ദാനം
   - സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ

6. “പല്ലിൻമൊട്ടുകൾ ഹേതുവെന്നിയേ ചിരിച്ചൽപ്പംതെളിച്ചും രസി–
   ച്ചുല്ലാസത്തൊടു ചൊല്ലിയും ചില വചസ്സവ്യക്തമുഗ്ധാക്ഷരം
   അങ്കത്തിൽക്കുതുകത്തൊടേറിയമരും ബാലന്റെ പൂമേനിമേൽ–
   ത്തങ്കും പങ്കമണിഞ്ഞിടുന്നു സുകൃതം ചെയ്തോരു ധന്യം ജനം”

   –ബാല്യത്തിന്റെ നിർമ്മലഭാവത്തെ മനോഹരമായി ആവിഷ്ക്കരിക്കുന്ന ഭാഗമാണ് ഋതുയോഗം. പാഠസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

# പാവങ്ങൾ

ലോകസാഹിത്യത്തിലെ ക്ലാസിക് രചനകളിലൊന്നാണ് പാവങ്ങൾ. ഫ്രഞ്ച് കവിയും നോവലിസ്റ്റുമായിരുന്ന വിക്ടർ ഹ്യൂഗോ ആണ് ഇതിന്റെ രചയിതാവ്. മനുഷ്യജീവിതത്തിന്റെ മഹാസങ്കടങ്ങളെ ആവിഷ്ക്കരിക്കുന്ന ഈ കൃതി എല്ലാ കാലത്തും പാവങ്ങളായി ജീവിച്ച് മരിച്ചുപോകുന്ന എല്ലാവരുടേയും കഥയാണ്. നാടകകൃത്ത്, ഉപന്യാസകാരൻ, ദൃശ്യകലാകാരൻ, മനുഷ്യാവകാശ പ്രവർത്തകൻ എന്നീ നിലകളിലും പ്രസിദ്ധനായിരുന്നു ഹ്യൂഗോ.

**പ്രധാന ആശയങ്ങൾ**

- ആർഭാടം അനീതിയാണ്.
- രോഗാതുരമായ മനസ്സിനുള്ള ഏറ്റവും വലിയ ഔഷധം സ്നേഹമാണ്.
- ചെറിയ കുറ്റങ്ങൾക്ക് വലിയശിക്ഷ നൽകുന്ന വ്യവസ്ഥയേക്കാൾ അഭികാമ്യം മാപ്പിലൂടെ മാനസാന്തരത്തിലേക്ക് നയിക്കുന്ന സ്നേഹത്തിന്റെ വ്യവസ്ഥയാണ്.

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. “ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ടു നിന്നു”.
   – ഈ വാക്യം ഴാങ് വാൽ ഴാങ്ങിന്റെ അവസ്ഥയെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം?
   - ഏത് നിമിഷവും പിടിക്കപ്പെടാം, അങ്ങനെയായാൽ ജീവിതം തകരും.
   - ഭയംകൊണ്ട് വിളറി വെളുത്തിരിക്കുന്നു.

2. “മനുഷ്യനെക്കൊണ്ടു പറഞ്ഞറിയിക്കാൻ നിവൃത്തിയില്ലാത്ത ഒരു ഭാവവിശേഷത്തോട് കൂടി അയാൾ ആ വന്ദ്യനായ മെത്രാനെ തുറിച്ച് നോക്കി”
   ഴാങ് വാൽ ഴാങ്ങിന്റെ മാനസികാവസ്ഥ വൈകാരിക തീവ്രതയോടെ ആവിഷ്ക്കരിക്കാൻ ഈ വാക്യത്തിന് കഴിയുന്നുണ്ടോ?
   - അസാദ്ധ്യമായ മനുഷ്യനന്മ അനുഭവിക്കുന്നു.
   - കാഴ്ചപ്പാടിൽ പരിവർത്തനംവരുന്നു.

3. “ഒരു സത്യവാനായിരിക്കാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്ന് നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളതു മറക്കരുതേ. ഒരിക്കലും മറന്നു പോകരുത്”.

– ഈ വാക്യങ്ങൾ മെത്രാന്റെ കാഴ്ചപ്പാടിനേക്കുറിച്ച് നൽകുന്ന ഏതെങ്കിലും രണ്ട് സൂചനകൾ കണ്ടെത്തുക.

- കുറ്റവാളിയെ മാനസാന്തരത്തിലേക്ക് നയിക്കുന്നു.
- സ്നേഹം ഔഷധമാക്കുന്നു

**ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക**

1. “പരലോകത്ത് വച്ച് ഇഹലോകകർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെകിട്ടിലലച്ചു”.

   – ഈ വാക്യം സൂചിപ്പിക്കുന്ന ഴാങ് വാൽ ഴാങ്ങിന്റെ അവസ്ഥ.

   ഭയം, ജയിൽവാസം, നിരാശ
2. അർത്ഥവ്യത്യാസം വരാതെ ഒറ്റ വാക്യമാക്കി എഴുതുക.

   ആ ഒന്നാമത്തെ അപകടം അങ്ങനെ കഴിഞ്ഞു. എങ്കിലും അപ്പോഴും അയാളുടെ മനസ്സിൽ വല്ലാത്ത പരിഭ്രമം ഉണ്ടായിരുന്നു.
3. **വിഗ്രഹാർത്ഥം കണ്ടെത്തുക**.

   വൃദ്ധമതാചാര്യൻ.
4. അപ്പോൾ ഒന്നാമത് ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ?

   –ഈ ചോദ്യവുമായി യോജിക്കാത്ത പ്രസ്താവന.

- അത് നമ്മൾ സൂക്ഷിക്കേണ്ടതായിരുന്നു.
- പാവങ്ങൾക്ക് അവകാശപ്പെട്ടതാണ്.
- സാധുക്കൾക്ക് ഉള്ളതാണ്.

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1. പരലോകത്ത് വച്ച് ഇഹലോക കർമ്മങ്ങളെ വിചാരണയ്ക്കെടുക്കുമ്പോഴത്തെ തുളഞ്ഞുകയറുന്നതും ഭയം തോന്നിക്കുന്നതുമായ കാഹളശബ്ദം പോലെ, തിരികുറ്റിയുടെ കരച്ചിലൊച്ച അയാളുടെ ചെട്ടിലലച്ചു.

   ഴാങ് വാൽ ഴാങ്ങിന്റെ അവസ്ഥ എങ്ങനെയൊക്കെയാണ് ഈ വാക്കുകൾ വെളിപ്പെടുത്തുന്നത്?

   - ❖ പിടിക്കപ്പെടുമോ എന്ന ഭയം
   - ❖ തെറ്റുകൾക്ക് ഇഹലോകത്തുവച്ച് അല്ലെങ്കിൽ പരലോകത്തു വെച്ച് ശിക്ഷ കിട്ടും എന്ന ചിന്ത
   - ❖ കർമ്മങ്ങളിലെ നീതിയെയും അനീതിയേയും കുറിച്ചുള്ള ഉൽക്കണ്ഠ
2. ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല. – ആർഭാടത്തിനെതിരായ സാമൂഹ്യബോധമാണോ മെത്രാന്റെ ഈ വാക്കുകളിൽ തെളിയുന്നത്? നിങ്ങളുടെ പ്രതികരണം വ്യക്തമാക്കി കുറിപ്പ് തയ്യാറാക്കുക?

   - ❖ വെള്ളിസ്സാമാനങ്ങൾ പാവങ്ങളുടേതാണെന്ന ചിന്ത
   - ❖ ആവശ്യകതയും ഔചിത്യവും ചിന്തിക്കുന്നു.
   - ❖ ഇന്നത്തെ സാമൂഹികാവസ്ഥ.
3. “ഇനി ഇങ്ങോട്ട് വരുമ്പോൾ നിങ്ങൾക്ക് തോട്ടത്തിലൂടെ കടന്നു പോരണമെന്നില്ല. തെരുവിലേക്കുള്ള വാതിലിലൂടെ തന്നെ എപ്പോഴും വരുകയും പോവുകയും ചെയ്യാം”. രാത്രിയും പകലും ഒരു നീക്കു നീക്കിയിരിക്കുന്നതു കൂടാതെ അതൊരിക്കലും പൂട്ടിയിടുകയില്ല –

   ഴാങ് വാൽ ഴാങ്ങിന് പരിവർത്തനത്തിന്റെ വഴിയാണ് മെത്രാൻ തുറന്നു കൊടുക്കുന്നത്. സന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

   - ❖ മെത്രാൻ ഴാങ്ങിനെ രക്ഷിക്കുന്നു.

- ❖ ഴാങ്ങ് അപ്രതിക്ഷിതമായി നന്മ അനുഭവിക്കുന്നു.
- ❖ നന്മയിലൂടെ മാനസാന്തരം

**താഴെ കൊടുക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

1. ഉപ്പുകൊണ്ടുള്ള ഒരു പ്രതിമപോലെ അയാൾ നിന്നേടത്തു തന്നെ മിഴിച്ചു കൊണ്ടു നിന്നു.
   ഴാങ്ങ് വാൽ ഴാങ്ങിന്റെ കണ്ണുരണ്ടും മിഴിഞ്ഞു പോയി.
   എന്നെ വിടാൻ പോകുന്നു എന്നത് വാസ്തവം തന്നെയോ?

ഇതര പാഠസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ഴാങ് വാൽ ഴാങ്ങ് എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ❖ മെത്രാൻ ആ സമയത്ത് കുനിഞ്ഞു നിന്ന് കൊട്ട തടത്തിൽ വീണതുകൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു.
- ❖ അപ്പോൾ ഒന്നാമത് ആ വെള്ളിസ്സാമാനം നമ്മുടെയായിരുന്നുവോ?

മെത്രാന്റെ ജീവിതം സമൂഹത്തിന് നൽകുന്ന സന്ദേശമെന്ത്? പാവങ്ങൾ എന്ന പാഠഭാഗത്തെ ആസ്പദമാക്കി ലഘു ഉപന്യാസം തയ്യാറാക്കുക.

- ❖ സാർവ്വ ലൗകിക സ്നേഹം
- ❖ ആർഭാടത്തിനെതിരായ ചിന്ത
- ❖ മാപ്പു നൽകാനുള്ള ഔചിത്യം
- ❖ സ്നേഹത്തിലൂടെ മനുഷ്യമനസ്സുകളെ സ്വാധീനിക്കാനുള്ള കഴിവ്.

## അനുഭൂതികൾ ആവിഷ്കാരങ്ങൾ

"അൻപുതരുമന്യരൊടുബന്ധ, മാബന്ധങ്ങൾ
നൺപെന്ന മഹിതസൗഭാഗ്യം"

**തിരുക്കുറൽ (തിരുവള്ളുവർ)**

പ്രാചീനതമിഴ് മഹാകവി തിരുവള്ളുവറുടെ തിരുക്കുറലിലെ ഈ വരികൾ സൗഹൃദത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. നമ്മെ സ്നേഹിക്കുന്ന അന്യരോടു തോന്നുന്ന ആത്മബന്ധമാണ് സൗഹൃദം.സ്നേഹബന്ധങ്ങളാണ് മനുഷ്യജീവിതത്തെ മുന്നോട്ടുനയിക്കുന്നത്. സാഹിത്യം ജീവിതത്തിന്റെ ആവിഷ്കാരമാണ് മനുഷ്യബന്ധങ്ങളുടെ വൈകാരികമായ ആവിഷ്കാരമാണത്. അനുഭൂതികളുടെ വ്യത്യസ്തമായ ആവിഷ്കാരമാണ് സാഹിത്യ കൃതികൾ.... വ്യക്തി കുടുംബ സാമൂഹിക ബന്ധങ്ങൾ കാത്തു സൂക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും കഴിയണം. ബന്ധങ്ങൾ ദൃഢമാകുമ്പോൾ മനുഷ്യജീവിതം സന്തോഷപ്രദമാകും. ബന്ധങ്ങളിൽ വിള്ളലുണ്ടാകുമ്പോൾ ജീവിതം ദു:ഖകരമായിത്തീരും.

## വിശ്വരൂപം

സാഹിത്യ വിഭാഗം : കഥ
കഥാകാരി :ലളിതാംബിക അന്തർജ്ജനം

***പ്രധാന ആശയങ്ങൾ:***

സ്നേഹം നൽകിയാലേ തിരിച്ചു കിട്ടൂ.

മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിയാതെ ജീവിച്ച മാഡം തലത്ത് എന്ന സ്ത്രീയുടെ തിരിച്ചറിവിന്റെ കഥയാണിത്. സ്ത്രീയുടെ വിശ്വരൂപം എന്താണെന്ന് വ്യക്തമാക്കുകയാണ് കഥാകാരി. മാഡം തലത്ത് അഥവാ മിസിസ്സ് തലത്ത് തന്റെ ആദ്യകാല ജീവിതത്തിൽ അമ്മയാണെന്ന തിരിച്ചറിവില്ലാതെ ജീവിക്കുകയും ജീവിതത്തിന്റെ വൈകിയ വേളയിൽ യഥാർത്ഥ അമ്മ എങ്ങനെയായിരിക്കണമെന്ന് തിരിച്ചറിയുകയും ചെയ്യുന്നു.

**പ്രധാന കഥാപാത്രങ്ങൾ** : സുധീർ, ഡോക്ടർ തലത്ത്, മിസിസ്സ് തലത്ത്

**എഴുത്തുകാരിയെക്കുറിച്ച്.**

മലയാളത്തിലെ വനിതാ എഴുതുത്തുകാരികളിൽ ശ്രദ്ധേയമായ വ്യക്തിത്വം സ്വസമുദായത്തിലെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ തൂലിക ചലിപ്പിച്ച കഥാകൃത്തും നോവലിസ്റ്റും. അഗ്നിസാക്ഷി എന്ന നോവൽ കേന്ദ്ര കേരള സാഹിത്യ അക്കാഡമി അവാർഡും വയലാർ അവാർഡും നേടി.....)

**ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. അൻപുതരുമന്യരോടു ബന്ധമാബന്ധങ്ങൾ
   നൺപെന്ന മഹിതസൗഭാഗ്യം .....
   ഈ വരികൾ വ്യക്തമാക്കുന്നത്
   a) സൗഹൃദ പ്രാധാന്യം
   b) സാഹിത്യത്തിന്റെ പ്രാധാന്യം
   c) അന്യരുമായുള്ള ബന്ധത്തിന്റെ അപകടങ്ങൾ
2. ലളിതാംബിക അന്തർജ്ജനത്തിന്റെ വയലാർ അവാർഡിന് അർഹമായ നോവൽ.
   a) ഇന്ദുലേഖ, b) അഗ്നിസാക്ഷി c) മഞ്ഞ്
3. "ഞാൻ മുൻകൂട്ടി വരേതായിരുന്നു മാഡം. പക്ഷേ എനിക്ക് നിവൃത്തിയില്ലായിരുന്നു". സുധീറിന്റെ ഈ വാക്കുകളിൽ തെളിയുന്നത്.
   a)കുറ്റബോധം, b)അപകർഷതാബോധം c)നിസസ്സഹായത
4. തങ്ങൾക്ക് ഇരുപേർക്കും പ്രിയപ്പെട്ടതായിരുന്നതും തങ്ങളെ കൂട്ടിയിണക്കുന്നതുമായ ഒരു വ്യക്തിയുടെ സ്മരണ അതിലൂടെ ഒലിച്ചിറങ്ങി....ഇവിടെ പരാമർശിക്കുന്ന വ്യക്തിയാര്?
   a)സുധീർ b)മിസിസ്സ് തലത്ത് c)ഡോക്ടർ തലത്ത്
5. രൂപം കൊണ്ട് പിടി കിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു. സുധീറിന് രൂപം കൊണ്ട് തിരിച്ചറിയാൻ കഴിയാതെ പോയ വ്യക്തി.
   a)a)മിസിസ്സ് തലത്ത് b)ഡോക്ടർ തലത്ത് b)ആശ
6. "ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം .... ഇന്ത്യ എത്ര നല്ല നാടാണ്!" വൃദ്ധൻ ഇങ്ങനെ പറയാൻ കാരണം .
   a) ഇന്ത്യ ഒരു മതേതര രാജ്യമായതുകെണ്ട്.
   b) ഇന്ത്യക്കാർ മാതാപിതാക്കളെ ദൈവത്തെപ്പോലെ കരുതുന്നത് കൊണ്ട്.
   c) ഇന്ത്യയിൽ കുടുംബബന്ധങ്ങൾക്ക് കെട്ടുറപ്പില്ലാത്തതുകൊണ്ട്.
7. "കൊടുത്തതു മാത്രമേ നേടാനാകൂ. ഞാൻ ആർക്കുമൊന്നും കൊടുത്തിട്ടില്ലല്ലോ."ഈ വാക്കുകളിൽ പ്രകടമാകുന്ന ഭാവം
   a)കുറ്റബോധം b) അഹങ്കാരം c) കോപം
8. സ്ത്രീയുടെ വിശ്വരൂപമായി കഥാകാരി വ്യക്തമാക്കുന്നത്.
   a) സാമൂഹിക സേവനത്തിനുള്ള താൽപര്യം
   b) ഉത്തമയായ ഭാര്യയായിരിക്കുക എന്നത്.
   c)മാതൃത്വത്തിന്റെ മഹത്വം തിരിച്ചറിയുന്നത്.
9. "ചക്രവർത്തിയുടെ ജന്മമാണ് അവർക്ക്. ആരുടെ മുന്നിലും തലകുനിക്കില്ല". ആരെക്കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്.
   a)മിസിസ്സ് തലത്ത് b)ഡോക്ടർ തലത്ത് c)സുധീർ
10. "നോക്കൂ നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ പക്ഷേ ഒരു വ്യത്യാസമുണ്ട്. ഇവൻ കുറച്ചുനാൾ നമ്മോടു കൂടി താമസിക്കും".
    ഇവിടെ അഞ്ചാമതൊരു കുട്ടി എന്ന് സൂചിപ്പിക്കുന്നതാരെ?
    a)രമേഷ് b)സുധീർ c) രവി ഉ b)

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. "മിസിസ്സ് തലത്ത് കുട്ടികളെ പ്രസവിച്ചു എന്നു മാത്രം. മുലകൊടുത്തിട്ടില്ല. താരാട്ടുപാടിയിട്ടില്ല. വാശിപിടിച്ചു കരയുമ്പോൾ ശാസിക്കുകയോ സുഖക്കേടിൽ ശുശ്രൂഷിക്കുകയോ ചെയ്തിട്ടില്ല".

ഈ വാക്കുകളിൽ നിന്ന് മിസിസ് തലത്തിനെക്കുറിച്ചുള്ള നിങ്ങളുടെ രണ്ട് കാഴ്ചപ്പാടുകൾ വ്യക്തമാക്കുക.

a) മക്കളെ വേണ്ടത്ര സ്നേഹിക്കാത്ത സ്ത്രീ
b) ഔദ്യോഗിക തിരക്കുകളുണ്ടായിരുന്ന ഭർത്താവിനോടൊപ്പം സഞ്ചരിക്കുന്നതിൽ ആനന്ദം കണ്ടെത്തിയ സ്ത്രീ.

2. അയാൾ പറഞ്ഞു –"ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം ഇന്ത്യ എത്ര നല്ല നാടാണ്".- വൃദ്ധന്റെ ഈ വാക്കുകകളിൽ തെളിയുന്ന ഭാരതീയ സംസ്കാരത്തിന്റെ മഹത്വമെന്ത്?
ഇന്ത്യക്കാർ മാതാപിതാക്കളെ ദൈവത്തെപ്പോലെ കരുതുന്നു. കുടുംബബന്ധങ്ങളുടെ വിശുദ്ധി നിലനിർത്താൻ ശ്രമിക്കുന്നു.

3. "നോക്കൂ നമുക്ക് അഞ്ചാമതൊരു കുട്ടിയുണ്ടായിരിക്കുന്നു. ഒരു മകൻ പക്ഷേ ഒരു വ്യത്യാസമുണ്ട് ഇവൻ കുറച്ചു നാൾ നമ്മോടു കൂടി താമസിക്കും".
   - ഇങ്ങനെ പറയാൻ ഡോക്ടർ തലത്തിനെ പ്രേരിപ്പിച്ച 2 സൂചനകൾ എഴുതുക.

a) നാലുമക്കളുണ്ടായിട്ടും ഒരാൾപോലും വീട്ടിൽ തനിക്കൊപ്പം കിട്ടാത്ത വിധം അകലങ്ങളിലാണ്. സുധീറെങ്കിലും അടുത്തുണ്ടാകണം എന്ന ചിന്ത.
b) മക്കളെ വേണ്ടവിധം സ്നേഹിക്കാനും അവരിൽ നിന്നും സ്നേഹം തിരിച്ചു കിട്ടാനും അവസരം ലഭിക്കാത്ത ഒരു പിതാവിന്റെ സങ്കടം.

4. മിസിസ്സ് തലത്ത് ഓർമ്മകളുടെ <u>ഓളക്കുത്തിലേക്ക്</u> വഴുതിവീഴുകയായിരുന്നു.
- അടിവരയിട്ട പദം സന്ദർഭത്തിന് നൽകുന്ന അർത്ഥതലങ്ങൾ വ്യക്തമാക്കുക.
സുധീറിനെ അവിചാരിതമായി കണ്ടപ്പോൾ മിസിസ്സ് തലത്തിന്റെ മനസ്സിൽ ഒരുപാട് ഓർമ്മകളുണരുന്നു. ഓർമ്മകളുടെ ഒരുകുത്തൊഴുക്കായിരുന്നു ആ മനസ്സിൽ.

5. മാഡം തലത്തിനെപ്പറ്റി അയാൾ <u>ഓർത്തുപോയി.</u>
മാഡം തലത്ത് വീട്ടിലേക്ക് <u>പോയി</u>
   - അടിവരയിട്ട പദങ്ങൾ സൂചിപ്പിക്കുന്ന അർത്ഥ വ്യത്യാസം കണ്ടെത്തുക.
ഓർത്തുപോയി എന്നിടയ്ക്ക് ക്രിയയുടെ അർത്ഥത്തെ പരിഷ്കരിക്കുന്ന സഹായക ക്രിയയാണ് പോയിയെന്നത്. ഇവിടെ പോയി അനുപ്രയോഗമാണ്. മാഡം തലത്ത് വീട്ടിലേക്ക്പോയി എന്നിടത്ത് പോയി എന്ന ക്രിയ പോവുക എന്നർത്ഥത്തിലാണ് പ്രയോഗിച്ചിരിക്കുന്നത്.

6. ഭാരതീയ സ്ത്രീത്വത്തിന്റെ അംബാസഡർ എന്ന് മിസിസ് തലത്തിനെ വിശേഷിപ്പിക്കുന്നതിന് ചൂണ്ടിക്കാട്ടിയിരിക്കുന്ന കാരണങ്ങൾ എന്തൊക്കെ?
അലങ്കാരങ്ങളുടെ അന്തസ്സും സൽക്കാരത്തിന്റെ ഔചിത്വവും സംഭാഷണ രസികതയും തലയുയർത്തിപ്പിടിച്ചുള്ള അംവിക്ഷേപങ്ങളും കൊണ്ട്.

7. "എന്റെ യജമാനൻ മാറ്റമായിപ്പോയി. പക്ഷേ എന്നെക്കൊണ്ട്പോയില്ല. ആരും കൊണ്ട് പോയില്ല.എന്നിട്ടും ഞാൻ ജീവിക്കുന്നു".
   - ഈ വാക്കുകളിൽ തെളിയുന്ന മാഡം തലത്തിന്റെ മാനസികാവസ്ഥ രണ്ടോ മൂന്നോ വാക്യത്തിൽ എഴുതുക.
ആരുടെ മുന്നിലും തലകുനിക്കാത്ത അഭിമാനബോധം. മക്കൾക്ക് സ്നേഹം കൊടുക്കാത്തതിനാൽ അവരിൽ നിന്നും സ്നേഹം കിട്ടില്ലെന്ന തിരിച്ചറിവിൽ സ്വയം വരിച്ച ജീവിതം നൽകുന്ന ഏകാന്തതയും നിസ്സഹായതയും എന്നിട്ടും ആർക്കുമുന്നിലും തോറ്റുകൊടുക്കില്ലെന്ന വാശി.

8. താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ
താന്താനനുഭവിച്ചിടുകെന്നേവരൂ
(എഴുത്തച്ഛൻ)
മിസിസ്സ് തലത്തിന്റെ ജീവിതാവസ്ഥയുമായി ഈ വരികളെ ബന്ധിപ്പിക്കാവുന്ന രണ്ട് നിരീക്ഷണങ്ങൾ എഴുതുക.

a) അവരുടെ പ്രവൃത്തിയുടെ ഫലമാണ് അവർ അനുഭവിക്കുന്നത്.

b) അവർ മക്കളെ വേണ്ട രീതിയിൽ സ്നേഹിച്ചില്ല. അതിനാൽ മക്കളിൽ നിന്നും അവർക്ക് സ്നേഹം തിരിച്ചു കിട്ടിയില്ല.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. "മാഡം തലത്ത് മരിച്ചുപോയി മോനേ, ഡോക്ടർ തലത്തിനൊപ്പം അവരും പോയി. ഇത് അമ്മയാണ് താഴത്ത് കുഞ്ഞുകുട്ടിയമ്മ".
ഈ വാക്കുകൾ അവരുടെ ജീവിതത്തെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം. വാക്യം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

***ഉത്തര സൂചനകൾ :***

- മാഡം തലത്തായി ഭർത്താവിനോടൊപ്പം ലോകം ചുറ്റിയ ആ കാലം കഴിഞ്ഞുപോയി.
- ഭർത്താവിന്റെ മരണശേഷം തിരക്കുകൾ അവസാനിച്ചു. ഏകാകിയായി.
- മക്കൾക്ക് വേണ്ടി സ്നേഹം കൊടുക്കാത്തതിനാൽ അവരിൽ നിന്നും സ്നേഹം പ്രതീക്ഷിക്കുന്നില്ല.
- ആരെയും ശല്യപ്പെടുത്താതെ ജീവിക്കാൻ നാട്ടിലേക്ക് തിരിച്ചു പോന്നു.
- നഗരജീവിത്തിരക്കുകളിൽ നിന്ന് ഗ്രാമീണ ജീവിതലാളിത്യത്തിലേക്ക് തിരിച്ചറിവുകൾ ഉണ്ടാകുന്നു.

2. വിശ്വരൂപം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.

- സ്ത്രീയുടെ യഥാർത്ഥ രൂപം 'അമ്മ'യാവുകയാണെന്നതിരിച്ചറിവ്

അമ്മയുടെ ഒരാൾ ശരിക്കും എന്താണോ അതാണയാളുടെ വിശ്വരൂപം മറ്റെല്ലാം ബാഹ്യ മോഡികളാണ്. ഇവിടെ അമ്മ എന്ന നിലയിലുള്ള കടമ നിർവ്വഹിക്കാതെ ജീവിച്ചത് തെറ്റായിപ്പോയി എന്ന തിരിച്ചറിവ്.

3. "പക്ഷേ ഒന്ന് ഓർക്കണം. നിങ്ങളുടെ വരാൻ പോകുന്ന ഭാര്യയോടു പറയൂ. കുട്ടികളെ ബോർഡിങ്ങുകളിൽ അയക്കരുതെന്ന്. അവർക്ക് ആയയെ വയ്ക്കരുത്. അമ്മ തന്നെ വളർത്തണം. ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം".

  - ഈ വാക്കുകൾ വർത്തമാനകാല സമൂഹത്തിന് നൽകുന്ന തിരിച്ചറിവുകൾ എന്തെല്ലാം?

സ്നേഹം കൊടുത്താലേ സ്നേഹം തിരിച്ചു കിട്ടൂ.
മക്കളോടുള്ള കടമകൾ മാതാപിതാക്കളും മാതാപിതാക്കളോടുള്ള കടമകൾ മക്കളും നിർവ്വഹിക്കണം. ഇവ പരസ്പര ബന്ധിതാമണ്.
മക്കൾ അമ്മയെ സ്നേഹിക്കണമെങ്കിൽ അമ്മയുടെ സ്നേഹം അവർക്ക് വേണ്ടത്ര ലഭിക്കണം. ബാല്യകൗമാരങ്ങളിൽ മക്കൾക്ക് നൽകേണ്ട സ്നേഹം പിന്നീട് ലഭിച്ചതുകൊണ്ട് കാര്യമില്ല. ഏകപക്ഷീയമായി അടിച്ചേൽപ്പിക്കലല്ല സ്നേഹം.

4. കാലത്തിനും ദേശത്തിനുമനുസരിച്ച് ജീവിതം സ്വയം രൂപപ്പെടുകയാണ് ജീവിതത്തെക്കുറിച്ചുള്ള സുധീറിന്റെ ഈ അഭിപ്രായത്താട് നിങ്ങൾ യോജിക്കുന്നുണ്ടോ? സ്വാഭിപ്രായങ്ങൾ വ്യക്തമാക്കുക.

- മനുഷ്യ സ്വഭാവത്തിൽ ജീവിത സാഹചര്യങ്ങൾ വരുത്തുന്ന മാറ്റം.
- മിസിസ് തലത്തിന്റെ ജീവിതത്തിലെ രണ്ട് അവസ്ഥകൾ
- സാഹചര്യങ്ങൾ അവരിൽ വരുത്തിയ മാറ്റങ്ങൾ
- രണ്ട് ചുറ്റുപാടുകൾ, അവ സൃഷ്ടിക്കുന്ന കാഴ്ചപ്പാടുകൾ

5. നമിക്കിലുയരാം നടുകിൽ തിന്നാം
നൽകുകിൽ നേടീടാം
നമുക്ക് നാമേ പണിവതുനാകം
നരകവുമതുപോലെ **(ഉള്ളൂർ, പ്രേമസംഗിതം)**
കാവ്യഭാഗത്തെ ആശയവുമായി ബന്ധിച്ച് മാഡം തലത്തിന്റെ ജീവിതാനുഭവങ്ങളെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

വരികളുടെ  ആശയം, നൽകിയാലേ നേടാനുമാവൂ.
സ്വർഗ്ഗവും നരകവും നാംതന്നെയാണ് സൃഷ്ടിക്കുന്നത്.
ഇവിടെ മാഡം തലത്തിന്റെ ഇന്നത്തെ അവസ്ഥയ്ക്കുകാരണം അവരുടെ തന്നെ പ്രവൃത്തിയാണ്.

6. "ഞാൻ ഇന്ത്യയിൽ ജനിക്കാനാഗ്രഹിക്കുന്നു മാഡം ഇന്ത്യ എത്ര നല്ല നാടാണ്" വൃദ്ധന്റെ വാക്കുകളിൽ ഇന്ത്യൻ സംസ്കാരത്തോടുള്ള ആദരവാണ് വ്യക്തമാക്കുന്നത്. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക?
   - ഭാരതീയ സംസ്ക്കാരം കുടുംബ ബന്ധങ്ങൾക്ക് നൽകുന്ന പ്രാധാന്യം
   - മാതാപിതാക്കളെ ആദരിക്കുന്ന സമൂഹം
   - വിവാഹ മോചനങ്ങൾ വളരെക്കുറവ്, പശ്ചാത്യ രാജ്യങ്ങളെ അപേക്ഷിച്ച് ദൃഢമായ ബന്ധങ്ങൾ

7. **പട്ടിക ക്രമപ്പെടുത്തുക.**

| സാഹിത്യകാരൻ | കൃതി | സാഹിത്യ വിഭാഗം |
|---|---|---|
| ലളിതാംബിക അന്തർജ്ജനം | തിരുക്കുറൾ | നോവൽ |
| കുമാരനാശാൻ | കാറ്റുപറഞ്ഞ കഥ | കാവ്യം |
| ഒ.വി. വിജയൻ | നളിനി | തമിഴ് കാവ്യം |
| തിരുവള്ളുവർ | അഗ്നിസാക്ഷി | കഥാസമാഹാരം |

8. വിശ്വരൂപം എന്ന കഥയുടെ സമകാലിക പ്രസക്തി വ്യക്തമാക്കി കുറിപ്പുതയ്യാറാക്കുക.
   - തിരക്കുപിടിച്ച ജീവിതത്തിൽ കടമകൾ മറന്നുപോകുന്ന അവസ്ഥ.
   - മക്കളെ ബോർഡിങ്ങിൽ ആക്കി ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടുമ്പോൾ ബന്ധങ്ങളുടെ വിലയാണ് നഷ്ടമാകുന്നത്.
   - ബാല്യകൗമാരങ്ങളിൽ മക്കൾക്ക് ലഭിക്കേണ്ട സ്നേഹം ആ കാലത്ത് തന്നെ അവർക്ക്  നൽകാൻ കഴിയണം.

***<u>ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക</u>***

1. "കുട്ടികളെ അമ്മതന്നെ വളർത്തണം.  ശാസിക്കുകയും ലാളിക്കുകയും കൂട്ടുകൂടുകയും വേണം. എങ്കിലേ അമ്മ എന്നത് കുട്ടിയുടെ ഒരു ഭാഗമായി തീരുകയുള്ളൂ.
   ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാണ് അയാളെ കെട്ടിപ്പിടിച്ചു.
   മിസിസ്സ് തലത്ത് കുട്ടികളെ പ്രസവിച്ചുവെന്നു മാത്രം . മുലകൊടുത്തിട്ടില്ല., താരാട്ടുപാടിയിട്ടില്ല....

തന്നിരിക്കുന്ന വരികളും കഥാസന്ദർഭങ്ങളും പരിഗണിച്ച് മിസിസ്സ് തലത്തിന്റെ കഥാപാത്ര നിരൂപണം തയ്യാറാക്കുക.
   - ആരുടെ ഏത് കഥയിലെ കഥാപാത്രം.
   - കഥാപാത്രത്തിന്റെ കഥയിലെ സ്ഥാനം
   - കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ
   - മറ്റു കഥാപാത്രങ്ങളുമായുള്ള ബന്ധം
   - സംഭാഷണങ്ങളിൽ നിന്നും കഥാപാത്രത്തെക്കുറിച്ചുള്ള തിരിച്ചറിവുകൾ
   - കഥാപാത്രത്തിന്റെ കാഴ്ചപ്പാടുകൾ
   - സ്വന്തം നിരീക്ഷണം.

2. ലളിതാംബിക അന്തർജ്ജനത്തിന്റെ വിശ്വരൂപം എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
   - എഴുത്തുകാരിയെ പരിചയപ്പെടുത്താം
   - കഥയുടെ പ്രമേയം
   - കഥയുടെ ആഖ്യാനരീതി (കഥ പറയുന്ന രീതി)
   - കഥയുടെ സമകാലിക പ്രസക്തി
   - കഥ നൽകുന്ന സന്ദേശം
   - സാദൃശ്യമുള്ള മറ്റുകഥകൾ

# പ്രിയദർശനം (കുമാരനാശാൻ)

നളിനിയും ദിവാകരനും കളിക്കൂട്ടുകാർ. യുവാവായപ്പോൾ ദിവാകരൻ സന്യാസിയായി നാടുവിട്ടു. ദിവാകരനെ കുറിച്ചുള്ള ഓർമ്മകൾ മാത്രമായി പിന്നിടുള്ള നളിനിയുടെ ജീവിതം. വിവാഹം വീട്ടുകാർ നിശ്ചയിച്ചപ്പോൾ അതിന് വഴങ്ങാതെ വീടു വിട്ടിറങ്ങിയ നളിനി ദിവാകരനെക്കുറിച്ചുള്ള ഓർമ്മകളുമായി ഒരു താപസിയെപ്പോലെ ജീവിച്ചു . വർഷങ്ങൾക്കു ശേഷം നളിനി ദിവാകരന്മാർ കണ്ടു മുട്ടുന്നതും പഴയഓർമ്മകൾ ദിവാകരനു മുന്നിൽ പങ്കുവെക്കുന്നതുമാണ് പാഠഭാഗം.

**കവി പരിചയം**

**ആധുനിക കവിത്രയം**

വീണപൂവ് എന്ന കാവ്യത്തിലൂടെ മലയാള ലോകത്ത് പുതിയൊരു കാവ്യസരണിക്ക് തുടക്കമിട്ടു. വീണപൂവ്, നളിനി, ലീല, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ തുടങ്ങിയ പ്രധാന കൃതികൾ.

***<u>എറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.</u>***

1. ആധുനിക കവിത്രയത്തിൽപ്പെടുന്ന കവി ആര്?
   (കുമാരനാശാൻ, ശങ്കരക്കുറുപ്പ്, വൈലോപ്പള്ളി)
2. താഴെപറയുന്നവയിൽ 'പ്രിയദർശനം' എന്ന പാഠഭാഗം ഉൾക്കൊള്ളുന്ന കുമാരനാശാന്റെ കാവ്യം.
   (ലീല, കരുണ, നളിനി )
3. കേണുവാണിവിടെ, യേകു<u>മർത്ഥി</u>യാം
   പ്രാണിതൻ .... പ്രിയമൊരിക്കലീശ്വരൻ....
   ഇവിടെ അർഥി എന്നു സൂചിപ്പിക്കുന്നതാരെ?
   (ദിവാകരൻ, നളിനി, ഭിക്ഷുകി)
4. ധീരനായ <u>യതി</u> നോക്കി തന്വിതൻ
   ഭൂരിബാഷ്പപരിപാടലം മുഖം..... അടിവരയിട്ട പദത്തിന് സമാനമായ പദം ഏത്?
   (സന്യാസി, കാമുകൻ, സുഹൃത്ത്)
5. പണ്ടു നിന്നെയൊരിളം കുരുന്നതായ്
6. കണ്ടു ഞാൻ <u>സപദി</u> വല്ലിയായി നീ.
   അടിവരയിട്ട പദം സൂചിപ്പിക്കുന്നത്.
   (പരാശ്രയത്വം രൂപപരമായ മാറ്റം ജീവിതലക്ഷ്യം കൈവരിച്ചതിലെ സന്തോഷം)
7. കഷ്ടകാല മഖിലം കഴിഞ്ഞു <u>ഹാ</u>
   ദിഷ്ടമീ വടിവിയന്നു വന്നപ്പോൽ. അടിവരയിട്ട കാവ്യസന്ദർഭത്തിൽ ധ്വനിപ്പിക്കുന്ന ഭാവം.
   (പരിഹാസം ആശ്വാസം സങ്കടം )
8. ഏകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ.... നളിനിയുടെ ഈ വാക്കുകളിൽ പ്രകടമാകുന്നത്.
   a) തന്റെ ആഗ്രഹം ഒരിക്കൽ സഫലമാകുമെന്ന ചിന്ത
   b) ദിവാകരൻ തന്നെ ഒരിക്കലും തിരിച്ചറിയില്ലെന്ന ആശങ്ക
   c) തന്റെ ജീവിതം നിഷ്ഫലമാണെ ചിന്ത
9. ഭാവശാലികൾ പിരിഞ്ഞുകൂടിയാ
   ലീവിധം വികലമാം സുഖോദയം
   ആശാന്റെ ഈ നീരീക്ഷണത്തോട് ഏറ്റവും യോജിച്ച പ്രസ്താവന ഏത്?
   a) പിരിഞ്ഞിരിക്കുന്നവരിൽ സുഖം എന്നുമുണ്ടാകും.
   b) ദീർഘകാലത്തെ വേർപാടിനുശേഷം കണ്ടുമുട്ടുന്ന സ്നേഹ ബന്ധരുടെ മനസ്സ് വികാരപരവശമായിരിക്കും.
   c) പരസ്പരം സ്നേഹിക്കുന്നവർ ഒരിക്കലും പിരിഞ്ഞിരിക്കരുത്.

**<u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.</u>**

1. "ഭവാനുപണ്ടിഷ്ടയാം നളിനിഞ്ഞാൻ മഹാമതേ"
   നളിനിതന്നെ ഇങ്ങനെ പരിചയപ്പെടുത്തിയതിന് കാരണമെന്താവാം?
   വർഷങ്ങൾക്കുശേഷമുള്ള കണ്ടുമുട്ടൽ.

നളിനി ദിവാകരനെ ജീവനുതുല്യം സ്നേഹിക്കുന്നു. അതിൽ ഒരു മാറ്റവുമില്ല. എന്നാൽ ദിവാകരൻ പണ്ട് തന്നെ സ്നേഹിച്ചിരുന്നു. ഇപ്പോൾ ആ സ്നേഹം ദിവാകരന് തന്നോടുണ്ടൊ എന്ന് അവർക്ക് ഉറപ്പിക്കാനാവുന്നില്ല. പണ്ട് ഇഷ്ടമായിരുന്നു. ഇപ്പോഴത്തെ ദിവാകരന്റെ തന്നോടുള്ള സമീപനം എന്തെന്ന ആശങ്ക കൂടി ഈ വരികളിലുണ്ട്.

2. "പോയതൊക്കെയഥവാനമുക്കയേ
   പ്രായവും സപദിമാറികാര്യവും".
   ആരുടെ വാക്കുകളാണിവ? ഇതിലൂടെ സൂചിപ്പിക്കുന്നതതെന്ത്?
   ദിവാകരന്റെ വാക്കുകൾ. കഴിഞ്ഞതൊക്കെ പറഞ്ഞിട്ട് ഇനി കാര്യമില്ല. അന്ന് കൗമാരത്തിൽ നമ്മൾ എന്തൊക്കെയോ ചിന്തിച്ചു. നമ്മൾ ആകെ മാറി നമ്മുടെപ്രായം മാറി ലക്ഷ്യങ്ങൾ മാറി. പക്വതയില്ലാത്ത ഒരു കാലത്തെ ചിന്തകൾക്ക് പക്വതയുള്ള ഈ കാലത്ത് പ്രസക്തിയില്ലാതായി. ഇന്ന് ദിവാകരൻ ഒരു സന്യാസിയാണ്. പ്രേമചാപല്യങ്ങൾക്ക് ആ മനസ്സിൽ ഇടമില്ല.

3. "ധന്യയായി സപദി കാൺകമൂലമ-
   ങ്ങെന്നെയോർക്കുകിലുമോർത്തിടായ്കിലും".
   ഈ വരികളിൽ തെളിയുന്ന നളിനിയുടെ മാനസികാവസ്ഥ വ്യക്തമാക്കുക.
   - ദിവാകരനോടുള്ള സ്നേഹതീവ്രത.
   - ദിവാകരൻതന്നെ ഓർത്താലും ഓർക്കാതിരുന്നാലും തന്റെ സ്നേഹത്തിൽ മാറ്റമില്ല. നളിനിയുടേത് അനശ്വരമായ സ്നേഹത്തിന്റെ തെളിവുണ്ട്.

**<u>അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. പ്രിയദർശനം എന്ന ശീർഷകത്തിന്റെ ഔചിത്യം പരിശോധിക്കുക.
   നളിനി വളരെ കാലമായി കാത്തിരുന്ന അവളുടെ പ്രിയപ്പെട്ട ആളെയാണ് ദർശിച്ചത്. ദിവാകരന് അങ്ങനെയായിക്കൊള്ളണമെന്നില്ല. എന്നാൽ നളിനിക്ക് ദിവാകരനോളം പ്രിയമായി മറ്റൊന്നില്ല. അവളുടെ ബാല്യകൗമാര ഓർമ്മകളിൽ മുഴുവൻ പ്രിയനായ ദിവാകരൻ നിറഞ്ഞു നിൽക്കുന്നു.

2. "ധീരനായി യതിനോക്കി തന്വിതൻ
   ഭൂരിബാഷ്പപരിപാടലം മുഖം
   പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
   ധാരയാർന്ന പനിനീർസുമോപമം"
   - കവിതാഭാഗങ്ങൾ വിശകലനം ചെയ്ത് കാവ്യഭംഗി വ്യക്തമാക്കുക.
   കവിതയിലെ അലങ്കാരഭാഷ

3. കണ്ണുനീർ നിറഞ്ഞ് ചുവന്നുതുടുത്ത നളിനിയുടെ മുഖത്തെ പ്രഭാതത്തിൽ മഞ്ഞുതുള്ളികൾ വീണുകുതിർന്ന പനിനീർപൂവിനോടു സാദൃശ്യപ്പെടുത്തുന്നു.
   ദിവാകരൻ സൂര്യൻ – നളിനി– താമര
   രണ്ടാമത്തെ അക്ഷരം ആവർത്തിക്കുന്നു പ്രാസഭംഗി.

4. "അന്യജീവനുതകി
   സ്വജീവിതം ധന്യമാക്കുമമലേവിവേകികൾ"
   ദിവാകരന്റെ ഈ വാക്കുകൾ ആശാന്റെ ജീവിതദർശനം തന്നെയാണോ നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
   വരികളുടെ ആശയം
   എങ്ങനെയുള്ള ജീവിതമാണ് മഹത്വമുള്ളത്
   ജീവിതം അന്യർക്ക് ഉപകാരപ്പെടേതാണ്
   ഗുരുവിന്റെ ശിഷ്യൻ......
   ഗുരുവിന്റെ ദർശനങ്ങളെ പിന്തുടർന്നു.

5. “സമാഗമങ്ങൾ പലപ്പോഴും ആനന്ദക്കണ്ണീരിന്റേതു കൂടിയാണ്”.
ഋതുയോഗത്തിലെ ശകുന്തള–ദുഷ്യന്ത സമാഗവും പ്രിയദർശനത്തിലെ നളിനി ദിവാകരസമാഗവും മുൻനിർത്തി മേൽപ്പറഞ്ഞ പ്രസ്താവന പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക?
ദീർഘകാലം പിരിഞ്ഞതിന്റെ തീവ്രവേദന

“വീണ്ടും കണ്ടുമുട്ടുന്നതിലെ സന്തോഷം
ശകുന്തള–ദുഷ്യന്ത സമാഗമത്തിൽ രണ്ടുപേരും ആനന്ദിക്കുന്നു.
നളിനി–ദിവാകര സംഗമത്തിൽ നളിനിക്കാണ് സമാഗമ സന്തോഷം.
ഏറെക്കാലം വേർപിരിഞ്ഞതിലുള്ള ദു:ഖവും അപ്രതീക്ഷിതമായി കണ്ടു മുട്ടിയതിലുള്ള സന്തോഷവും. സുഖദു:ഖസമ്മിശ്രമായ വികാരം.....

6. “കഷ്ടകാലമഖിലം കഴിഞ്ഞു ഹാ
ദിഷ്ടമീവടിവിയന്നു വന്നപോൽ
ദുഷ്ടനായി ഹാ ഭവാൻ, ഭവാന്നു പ–
ണ്ടിഷ്ടയാം നളിനി ഞാൻ മഹാമതേ”
കാവ്യസന്ദർഭത്തിൽ നിന്ന് നളിനിയുടെ മാനസികാവസ്ഥ കണ്ടെത്തി വിശകലനം ചെയ്തു കുറിപ്പ് തയ്യാറാക്കുക.

- നളിനിക്ക് ദിവാകരനോടുള്ള സ്നേഹതീവ്രത
- ബാല്യകൗമാരങ്ങളിലെ കളിക്കൂട്ടുകാരൻ
- ദിവാകരനെ കണ്ടതിൽ സന്തോഷം, തന്നെതിരിച്ചറിയാത്തതിൽ സങ്കടം
- ദിവാകരൻ തന്നെ സ്നേഹിക്കുന്നുണ്ടോ എന്ന ആശങ്ക
- കാണാനുള്ള ആഗ്രഹം സാധിച്ചതിലുള്ള സന്തോഷം

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1) “അന്യജീവനുതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ” – (കുമാരനാശാൻ)
“അവനവനാത്മ സുഖത്തിനായാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം”(ശ്രീനാരായണ ഗുരു)
ഈ വരികളിലെ ആശയം മുൻനിർത്തി മറ്റുള്ളവർക്കുവേണ്ടിയുള്ള ജീവിതം മഹത്തായ ജീവിതം എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

- കാവ്യഭാഗത്തിന്റെ ആശയം തിരിച്ചറിയുന്നു.
- ഗുരുവിന്റെ ആശയം തിരിച്ചറിയുന്നു.
- വിഷയത്തെക്കുറിച്ചുള്ള ധാരണ
- സമകാലികമായ പ്രശ്നങ്ങൾ
- പ്രളയം, കോവിഡ് കാലത്ത് സേവനസന്നദ്ധരായ മനുഷ്യർ
- മറ്റുള്ളവരുടെ സുഖത്തിനായി പ്രവർത്തിച്ചവരുടെ ത്യാഗം

സംബോധന
തുടക്കം അനുക്രമമായ വികാസം
ആശയങ്ങളുടെ വ്യക്തവും ശക്തവുമായ അവതരണം
സ്വന്തം നിരീക്ഷണങ്ങൾ

## കടൽത്തീരത്ത്

### ഒ.വി. വിജയൻ

- ഭാവിതീവ്രമായ ആഖ്യാനം കൊണ്ട് ശ്രദ്ധേയമായ ചെറുകഥ
- പുത്രൻ നഷ്ടപ്പെടുന്ന ഒരു പിതാവിന്റെ തീവ്രസങ്കടങ്ങളുടെ ആവിഷ്കാരം
- ഗ്രാമീണജീവിത നിഷ്കളങ്കതയുടെ ആവിഷ്ക്കാരം.
- മകനെ തൂക്കിക്കൊല്ലാൻ വിധിച്ചതറിഞ്ഞ ഒരച്ഛന്റെ ജയിലിലേക്കുള്ള യാത്ര...

കഥാകൃത്ത്, നോവലിസ്റ്റ്, കാർട്ടൂണിസ്റ്റ് എന്നീ നിലകളിൽ ശ്രദ്ധേയൻ ആധുനിക മലയാള സാഹിത്യകാരന്മാരിൽ ഏറ്റവും ശ്രദ്ധേയനായ എഴുത്തുകാരൻ മലയാള നോവലിന്റെ ചരിത്രത്തിൽ ഇടം നേടിയ ഖസാക്കിന്റെ ഇതിഹാതമെന്ന കൃതിയുടെ രചയിതാവ്. മലയാള കഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ. കേന്ദ്ര–കേരള സാഹിത്യ അവാർഡുകള. എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ് എന്നിവ നേടി.

**പ്രധാന കൃതികൾ** : ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, മധുരംഗായത്രി, ഗുരുസാഗരം, പ്രവാചകന്റെ വഴി, തലമുറകൾ (നോവലുകൾ) കടൽത്തീരത്ത്, കാറ്റുപറഞ്ഞ കഥ (കഥാസമാഹാരങ്ങൾ)

**ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. കാരണവരേ, കട്ടാൽമതി ജയിലിൽ എത്തിച്ചേരാം - ഈ വരികളിൽ തെളിയുന്നത്.
   (കുറ്റബോധം, പരിഹാസം, സഹതാപം)
2. സൂചനകളിൽ നിന്ന് എഴുത്തുകാരനെ കണ്ടെത്തുക.
   കാർട്ടൂണിസ്റ്റ്, കഥാകൃത്ത്, നോവലിസ്റ്റ്, എന്നീ നിലകളിൽ പ്രശസ്തൻ
   ഖസാക്കിന്റെ ഇതിഹാസം എന്ന നോവൽ പ്രസിദ്ധമായ കൃതി
3. പടച്ചവൻ തുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടെ. നിന്റെയും എന്റെയും ദൈവങ്ങൾ തുണയ്ക്കട്ടേ. - ഈ വരികളിൽ തെളിയുന്നത്.
   (അപരാമായ കാരുണ്യം, നൻമയിലുള്ള അവിശ്വാസം, നിരീശ്വരവാദം
4. തന്റെ ചെറുവിരൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അൽഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർത്തു. രണ്ടു ചിത്രങ്ങൾ.
   ഇവിടെ അസ്തമയസൂചന വ്യക്തമാക്കുന്നത്.
   a) മകന്റെ അസ്തമയം അടുക്കാറായതും അച്ഛൻ അസ്തമിച്ചു പോയതും
   b) മകനോടും അച്ഛനോടുമൊപ്പം ചിലവഴിച്ച നിമിഷങ്ങളിലെ സങ്കടങ്ങൾ
   c) അസ്മയത്തിന്റെ സൗന്ദര്യത്തിൽ മുഴുകിയ വെള്ളയായിപ്പൻ
5. "കണ്ണൂരിലേക്കുള്ള തീവണ്ടിയാത്ര പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടിയായിരുന്നു".
   - ഈ വാക്കുകളിൽ പ്രതിഫലിക്കുന്നത്.
   a) പാഴുതറ എന്നഗ്രാമം വെള്ളായിയപ്പന് ഏറെ പ്രിയപ്പെട്ടതായിരുന്നു.
   b) വെള്ളായിയപ്പന്റെ ആവശ്യമായിരുന്നില്ല പാഴുതറക്കാരുടെ ആവശ്യത്തിനായിരുന്നു തീവണ്ടി യാത്ര.
   c) വെള്ളായിയപ്പന്റെ സങ്കടം പാഴുതറ എന്ന ഗ്രാമത്തിലെ ജനങ്ങളുടെ മുഴുവൻ സങ്കടമായിരുന്നു.
6. കണ്ണൂനീരിന്റെ <u>ഓതം</u> തോർത്തിന്റെ കെട്ടിലൂടെ കുതിർന്നു പിടിക്കുന്നു.
   അടിവരയിട്ട പദത്തിന്റെ അർത്ഥം.
   (സങ്കടം നനവ് വേർപാട്)
7. "വീട്ടാത്ത കടങ്ങൾ പടച്ചവന്റെ സൂക്ഷിപ്പുകളാണ്. അത് അങ്ങനെയിരിക്കട്ടെ".
   - ഈ വരികൾ ധ്വനിപ്പിക്കുന്നത്.
   a) കടംവാങ്ങിയ ആൾ അത് വീട്ടാതിരിക്കുന്നതാണ് ദൈവത്തിന് നഷ്ടം
   b) കടം വാങ്ങിയത്എത്രയും വേഗം തിരിച്ചു കൊടുക്കണമെന്ന് ആഗ്രഹത്തോടെയാണ്. പക്ഷെ ഒരു മാർഗ്ഗവും കാണുന്നില്ല. അതുകൊണ്ട് ദൈവം പൊറുക്കും.
   c) കടം വാങ്ങിയത് തിരിച്ചു കൊടുക്കാൻ വേണ്ടിയല്ല.

   ഉ: കടം വാങ്ങിയത്എത്രയും വേഗം തിരിച്ചു കൊടുക്കണമെന്ന് ആഗ്രഹത്തോടെയാണ്.
8. "കാരണവർക്കു താൽപ്പര്യമുള്ളതുപോലെ ശവം സംസ്കരിക്കാം വേണ്ട...... എനിക്കു താൽപ്പര്യമില്ല...". വെള്ളായിയപ്പൻ ഇങ്ങനെ പറയുന്നതിന് കാരണം.
   a) മകൻ ചെയ്ത പ്രവൃത്തിയിലുള്ള രോഷം
   b) നാട്ടിലേക്ക് മകന്റെ മൃതദേഹവുമായി യാത്രചെയ്യാൻ വേണ്ട ചെലവുതാങ്ങാനാവാത്ത നിസ്സഹായാവസ്ഥ.
   c) മകൻ മരിച്ചു ശവസംസ്കാരം എവിയൊയാലെന്താ എന്ന ചിന്ത.

<u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക</u>

1. 'കടൽത്തിരത്ത്' എന്ന കഥയിലെ സംഭാഷണങ്ങൾ ചുരുക്കം വാക്കുകളിൽ മാത്രമാണ് അവയ്ക്കിടയിലെ മൗനം വികാരസാന്ദ്രവും..
    - ഈപ്രസ്താവനയക്ക് അനുയോജ്യമായ രണ്ട് സംഭാഷണങ്ങൾ കഥയിൽ നിന്ന് കണ്ടെത്തി എഴുതുക.
   - വെള്ളായിയെ...... മാപ്പിള പറഞ്ഞു. മരയ്ക്കാരെ...... വെള്ളായിയപ്പൻ പ്രതിവചിച്ചു....
   - വെള്ളായിച്ചോ.... അവർ പറഞ്ഞു

   നീലിയേ ... വെള്ളായിയപ്പൻ പറഞ്ഞു അത്രമാത്രം
2. "ഈ പുലർച്ച ആരാ വരാമ്പറഞ്ഞത്? പാറാവുകാരൻ പരുക്കനായി പറഞ്ഞു".

   "പാറാവുകാരന്റെ മുഖം പൊടുന്നനെ കനിവുറ്റതായി....

   നാളെയാണ് അല്ലെ.... പാറാവുകാരൻ പറഞ്ഞു".

   പാറാവുകാരനിൽ പൊടുന്നനെയുണ്ടായ ഭാവമാറ്റത്തിന്റെ കാരണം വ്യക്തമാക്കുക?

   നാളെ തൂക്കിലേറ്റും കുണ്ടുണ്ണിയുടെ പിതാവാണ് വെള്ളായിയപ്പൻ എന്ന് ആദ്യ അയാളറിഞ്ഞിരുന്നില്ല. അത് അറിഞ്ഞപ്പോൾ ആ പിതാവിന്റെ തീവ്ര ദു:ഖം അയാളിൽ മാറ്റമുണ്ടാക്കുന്നു.
3. "പുഴ കടന്ന് അപ്പുറത്തെ മേടു കയറുവോളം വെള്ളായിയപ്പൻ കരഞ്ഞു."

   വെള്ളായിയപ്പനെ വേദനിപ്പിച്ച ഏതെങ്കിലും രണ്ട് കാരണം വ്യക്തമാക്കുക.
    - അച്ഛന്റെ ശവത്തെ കുളിപ്പിച്ചത് ഈ പുഴയിലാണെന്ന ഓർമ്മ
    - മകനെ അവന്റെ കുട്ടിക്കാലത്ത് പുഴയിൽ കുളിപ്പിച്ച ഓർമ്മ
4. വെള്ളായിയപ്പന്റെ ദു:ഖം ഗ്രാമത്തിന്റെ ദു:ഖമായി കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

   പാഴുതറയിലെ ചില്വാനം കുടിലുകളിലത്രയും വിഷാദവും സഹാനുഭൂതിയും നിറഞ്ഞു. തീവണ്ടി കറയാൻ പണമുണ്ടായിരുന്നെങ്കിൽ പാഴുതറയിലുള്ളവരത്രയും തന്നെ കണ്ണൂരിലേക്കു പോവുമായിരുന്നു.
5. വെള്ളിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽ നിന്ന് കൂട്ട നിലവിളി ഉയർന്നു. അപ്പുറത്ത് അമ്മിണിയുടെ വീട്ടിലും അതിനപ്പുറത്ത് മുത്തുരാവുത്തന്റെ വീട്ടിലും ആളുകൾ ശ്രദ്ധാലുക്കളായി. ഈ വാക്യങ്ങൾ വ്യക്തമാക്കുന്നത് എന്ത്.

   വെള്ളായിയപ്പന്റെ തീവ്രമായ ദു:ഖം, വ്യക്തി, സമൂഹം എന്നിങ്ങളെ പടരുന്നു. അത് അയൽപക്കക്കാരിലും നാട്ടുകാരിലും വ്യാപിക്കുന്നു.
6. <u>"പട്ടകളിൽ</u> കാറ്റിരമ്പുന്നത് വെള്ളായിയപ്പന് അന്ന് ആദ്യമായി അപരിചിതമായിതോന്നി."

   എന്തു കൊണ്ടാണ് പതിവ് കാഴ്ചകൾ വെള്ളായിയപ്പന് അപരിചിതമായിതോന്നുത്.

   ഒരു ശുദ്ധനാട്ടിൻ പുറത്തുകാരനാണ് അയാൾ. പനമ്പട്ടകളിൽ കാറ്റിന്റെ ഇരമ്പൽ പ്രകൃതിയിലെ മനോഹര കാഴ്ചയായി അയാൾ കരുതുന്നതാണ്. പക്ഷെ ഇന്ന് ആ കാഴ്ചകൾ കാണാനുള്ള മാനസികാവസ്ഥയിലല്ല അയാൾ. മനസ്സിൽ ദു:ഖം നിറയുമ്പോൾ പുറംകാഴ്ചകൾ നമ്മെ സന്തോഷിപ്പിക്കില്ല.
7. അപരിചിതരുടെ സ്വരങ്ങൾ കഴുത്തിനു ചുറ്റും പിരിഞ്ഞു മുറകി. വെള്ളായിയപ്പന് ശ്വാസം മുട്ടി.
    - ഈ വാക്യം നൽകുന്ന അർത്ഥസാധ്യതകൾ വ്യക്തമാക്കുക?

   തീവ്രമായ ദു:ഖത്തിലാണ് വെള്ളായിയപ്പൻ തൂക്കിലേറ്റപ്പെടാൻ പോകുന്ന മകന്റെ നേരെ നീണ്ടുവരുന്ന കയർ മകനെ ശ്വാസംമുട്ടിച്ചു കൊല്ലും.... തന്റെ ദു:ഖം മനസ്സിലാകാത്ത അപരിചതരുടെ വാക്കുകൾ അർത്ഥമില്ലാത്ത സംഭാഷണങ്ങൾ മാത്രം. അത് വെള്ളായിയപ്പന് അസ്വസ്തതയുണ്ടാക്കുന്നു. കഴുത്തിനു ചുറ്റും പിരിഞ്ഞുമുറുകി ശ്വാസംമുട്ടിക്കുന്നതു പോലെ അയാൾക്കനുഭവപ്പെടുന്നു.

**<u>അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക</u>**

1. വൈകാരിക തീക്ഷണമായ സന്ദർഭങ്ങളെ ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുന്ന കഥാകാരനാണ് ഒ.വി. വിജയൻ. ഉചിതമായ സന്ദർഭങ്ങൾ മുൻനിർത്തി സമർത്ഥിക്കുക.
    - വിചാരവികാരങ്ങളെ ചുരുക്കം വാക്കുകളിൽ ആവിഷ്കരിക്കുന്നു.
    - വെള്ളായിയപ്പൻ കുട്ട്യസ്സൻ മാപ്പിളയെ കണ്ടുമുട്ടുന്ന രംഗം
    - നീലിമണ്ണാത്തിയെ കാണുന്ന രംഗം
    - ജയിലിൽ അച്ഛനും മകനും കണ്ടുമുട്ടുന്ന രംഗം

2. "പടച്ചവൻതുണയ്ക്കട്ടെ, മുത്തുനബി തുണയ്ക്കട്ടേ, നിന്റെയും എന്റേയും ദൈവങ്ങൾ തുണയ്ക്കട്ടെ....."

   "കാരണവരേ കട്ടാൽ മതി, ജയിലിലെത്തിച്ചേരാം..."

   ഗ്രാമീണ മനുഷ്യരുടെ നന്മയും നാഗരിക മനുഷ്യരുടെ പരനിന്ദയും വ്യക്തമാക്കുന്നതാണോ കടൽത്തീരത്ത് എന്ന കഥയിലെ ഈ സംഭാഷണങ്ങൾ. കഥ വിശകലനം ചെയ്ത് സ്വാഭിപ്രായം വ്യക്തമാക്കുക.

   ഗ്രാമീണ ജീവിത നന്മയാണ് കുട്ട്യസ്സന്റെയും നീലിമണ്ണാത്തിയുടെയും വെള്ളായിപ്പനോടുള്ള പെരുമാറ്റത്തിൽ കാണുന്നത്.

   മറ്റുള്ളവരുടെ ദു:ഖത്തിൽ ദു:ഖിക്കുന്നു. അവരുടെ ദു:ഖം തങ്ങളുടേതു കൂടിയായി കരുതുന്നു.

   ജയിലിലേക്കുള്ള വഴി ചോദിക്കുന്നയാളെ പരിഹസിക്കുന്നു. അപരനെ മനസ്സിലാക്കാൻ ശ്രമിക്കുന്നില്ല. സമൻമാരായി കാണാനോ പ്രായത്തെ ബഹുമാനിക്കാനോ സങ്കടത്തിൽ പങ്കുചേരാനോ ശ്രമിക്കുന്നില്ല. തങ്ങളാണ് എല്ലാം തികഞ്ഞവർ എന്ന ചിന്ത.

3. തന്റെ കോടച്ചി ഈ ചോറുപൊതികെട്ടുമ്പോൾ അതിലേക്ക് ഒരുപാട് ക ണ്ണുനിർ വീഴ്ത്തിയിരിക്കണം.

   കടൽത്തീരത്ത് എന്ന കഥയിൽ ഒരു കഥാപാത്രമെന്നോണം നിറസാന്നിധ്യമാണ് പൊതിച്ചോറ്. നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
    - കഥയിൽ ആദ്യവസാന സാന്നിദ്ധ്യം.
    - വെള്ളായിയപ്പന്റെ യാത്രയിൽ ഉടനീളം പൊതിച്ചോറും കൈയ്യിലുണ്ടായിരുന്നു.
    - അമ്മയുടെ ദു:ഖം. യാത്രയ്ക്കിടയിൽ വെള്ളായിയപ്പന് കഴിക്കാൻ കരുതിയതാണെങ്കിലും അത് കഴിക്കുന്നില്ല. മകനു വേണ്ടിയുള്ള കരുതൽ പൊതിച്ചോറ് ബലിച്ചോറാകുന്ന അവസ്ഥ.

   കഥയിലെ വൈകാരിക തീവ്രമായ സംഭവങ്ങൾക്ക് സാക്ഷി....

4. "ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്നു ഏറ്റുവാങ്ങി."

   "എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടായില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല."

   അച്ഛനും മകനും തമ്മിലുള്ള ആത്മബന്ധമാണ് കഥയെ ഏറെ ശ്രദ്ധേയമാക്കുന്നത്. കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?
    - മകനെക്കുറിച്ചുള്ള ഓർമ്മകൾ
    - പുഴകടന്ന് അപ്പുറത്തെ മേടുകയറുവോളം കരഞ്ഞു.
    - അവന്റെ ബാല്യത്തെക്കുറിച്ചുള്ള ഓർമ്മകൾ. ജയിലിൽ കണ്ടുമുട്ടുന്ന രംഗം.
    - മകന്റെ വാക്കുകൾ.

5. ഒരു <u>പേറ്റിച്ചി</u>യെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെള്ളായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി.

    - അടിവരയിട്ട പദം സന്ദർഭത്തിന് നൽകുന്ന ആശയതലം വ്യക്തമാക്കുക.

പേറ്റിച്ചി കുഞ്ഞിനെ ഏറ്റുവാങ്ങുന്നത് ഏറ്റവും ശ്രദ്ധയോടെയും കരുതലോടെയുമാണ്. പേറ്റിച്ചി ജീവനുള്ള കുഞ്ഞിനെയാണ് ഏറ്റുവാങ്ങുന്നത്.. വെള്ളായിയപ്പൻ മരിച്ചമക

നേയും മകനോടുള്ള അഗാധമായ സ്നേഹം. അവനു ജീവനുണ്ടായാലും ഇല്ലെങ്കിലും....മൃതദേഹത്തോട് ആദരവ് കാണിക്കണമെന്ന സംസാരം.

6. ദാരിദ്ര്യം മനുഷ്യരെ നിസ്സഹായരാക്കുമെന്ന് കാണിക്കുന്ന നിരവധി സന്ദർഭങ്ങൾ കഥയിലുണ്ട്. അവ കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.
    - പാഴുതറയിലെ ഗ്രാമീണർക്ക് കണ്ണൂരിൽ പോകാൻ കഴിയാത്തത്.
    - മൃതദേഹം ഏറ്റുവാങ്ങാൻ കഴിയാത്തത്.

**<u>ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. അപരിചിതരുടെ സ്വരം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി.
   മരയ്ക്കാരെ ഇനിയൊരിക്കലും എനിക്കത് വീട്ടാൻ കഴിഞ്ഞെന്നു വരില്ല.
   സാരമില്ല മകനെ ഇനിയൊന്നും ഓർമ്മിക്കേണ്ടതില്ല.
   തന്നിരിക്കുന്ന ഭാഗങ്ങളും കഥയിൽ നിന്നുള്ള ഉചിതമായ മറ്റ് സന്ദർഭങ്ങളും വിശകലനം ചെയ്ത് വെള്ളായിയപ്പൻ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക?
    - ഗ്രാമീണ മനുഷ്യൻ, മകന്റെ അവസ്ഥ ആകെ തളർത്തിക്കളയുന്നു.
    - നിരക്ഷരൻ, നിഷ്കളങ്കൻ
    - നളരജീവിത കാപട്യങ്ങളിൽ ശ്വസം മുട്ടനുഭവപ്പെടുന്നു.
    - വീടും കുടുംബവും തന്റെ ലോകം

   പ്രകൃതിയുമായിണങ്ങിയ ജീവിതം
   പാഴുതറയും അവിടുത്തെ ജനതയും പ്രിയപ്പെട്ടവർ
   നിസ്സഹായനായ പിതാവ്..... പിതൃദു:ഖത്തിന്റെ തീഷ്ണത.....
   ദാരിദ്ര്യം വല്ലാതെ അലട്ടുന്നു.
   മറ്റു കഥാപാത്രങ്ങളുമായുള്ള ആത്മബന്ധം
   മകനും അച്ഛനും കണ്ടുമുട്ടുന്ന വൈകാരിക രംഗം

2. "ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ വെള്ളായിയപ്പൻ ഇരുന്നു. അമ്പലത്തിലെ നടതുറക്കാൻ കാത്തിരിക്കുന്നതുപോലെ...."
   "എന്റെ മകൻ ഈ രാത്രിയിൽ ഉറങ്ങിയിട്ടുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല...."
   പുത്രസ്നേഹത്തിന്റെ പ്രതീകമായ ഒരു പിതാവിനെയാണ് കടൽത്തിരത്ത് എന്ന കഥയിൽ കാണുന്നത് ഉപന്യാസം തയ്യാറാക്കുക.
    - തീവ്രമായ പുതൃപുതൃ ബന്ധം
    - പൊതിച്ചോറ് കഴിക്കാനാവാത്ത അവസ്ഥ
    - യാത്രയിലുടനീളം മകനെക്കുറിച്ചുള്ള ഓർമ്മകൾ
    - മകന്റെ ബാല്യകൗമാരങ്ങളുടെ ഓർമ്മ ചിത്രം
    - മൃതദേഹം ഏറ്റുവാങ്ങാൻ കഴിയാത്ത നിസ്സഹായവസ്ഥ

3. **<u>പ്രവർത്തനം</u>**
    - കടൽത്തീരത്ത് എന്ന കഥയ്ക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.
    - ഭാവതീവ്രമായ ആഖ്യാനം
    - പിതൃപുത്രബന്ധത്തിന്റെ തീവ്രമായ ആവിഷ്കാരം
    - കടൽത്തീരത്ത് എന്ന ശീർഷകത്തിന്റെ ഔചിത്യം. (കടലോളം സങ്കടം ഉള്ളിലേറ്റുന്ന മനുഷ്യർ)
    - അച്ഛനും മകനും കണ്ടുമുട്ടുന്ന രംഗം
    - ഗ്രാമീണ മനുഷ്യരുടെ നിഷ്കളങ്കത നഗരജീവിത കാപട്യം

   ആസ്വദനാംശങ്ങൾ (ധ്വനിതലം, പ്രയോഗ ഭംഗി)

# പ്രലോഭനം

ഉണ്ണായി വാര്യർ രചിച്ച നളചരിതം ആട്ടക്കഥയിൽ നിന്നെടുത്തിട്ടുള്ള കാവ്യഭാഗമാണ് പ്രലോഭനം.

ദമയന്തിയുടെ സ്വയംവരത്തിൽ പങ്കെടുക്കാൻ കഴിയാത്തതിലും, ദമയന്തി നളനെ വരിച്ചതിലും കുപിതനായ കലി നളദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തു നിന്ന് പുറത്താക്കുമെന്ന് ശപഥം ചെയ്യുന്നു. അതിനായി നളന്റെ അനുജനായ പുഷ്ക്കരനെ സ്വാധീനിക്കാൻ ശ്രമിക്കുകയാണ്.

എല്ലാവിധ ബന്ധങ്ങളിലും വിള്ളലുകൾ വീഴ്ത്താൻ കഴിയുന്ന പ്രലോഭനതന്ത്രങ്ങൾ വിജയകരമായി പ്രയോഗിക്കാൻ കഴിയുന്നവരുടെ പ്രതീകമാണ് കലി എന്ന കഥാപാത്രം. ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ ഒരു പ്രതിസന്ധി കൂടിയാണ് ഈ സന്ദർഭം പ്രതിനിധാനം ചെയ്യുന്നത്. അതോടൊപ്പം അപകർഷതാബോധവും അസഹിഷ്ണുതയും വ്യക്തിയെ ദുഷ്ചിന്തകളിലേക്ക് എളുപ്പത്തിൽ നയിക്കുമെന്ന സൂചന പുഷ്ക്കരനിലൂടെ ലഭിക്കുന്നു.

കഥകളി എന്ന കഥാരൂപത്തേയും ആട്ടക്കഥാ സാഹിത്യത്തേയും അടുത്തറിയാൻ ഈ കാവ്യഭാഗം സഹായിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ

   —ഇവിടെ തെളിയുന്ന പുഷ്ക്കരന്റെ മനോഭാവം

   * നിരാശ * ദു:ഖം* സന്തോഷം* അലസത

2. അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
   മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി

   - ഈ വരികളിലെ ആശയത്തോട് യോജിക്കുന്നത്

   - വന്നവർ പുഷ്ക്കരന് ചിരപരിചിതരാണ്
   - അതിഥികളോട് യോജിച്ചു പ്രവർത്തിക്കാൻ തല്പരനാണ് പുഷ്ക്കരൻ
   - അഭിമുഖന്മാർ പുഷ്ക്കരനെ ആശ്രയിച്ചു കഴിയുന്നവരാണ്.
   - പുഷ്ക്കരന്റെ മനസ്സിൽ നന്മയുണ്ടാക്കാൻ ശ്രമിക്കുന്നവരാണ് അഥിതികൾ.

3. ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നു കാണും
   അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും.

   —ഈ വാക്കുകളിലൂടെ പുഷ്ക്കരൻ പ്രകടിപ്പിക്കുന്നത്?

   - നളന്റെ പ്രശസ്തി
   - നളന്റെ ജനകീയത
   - നളനോടുള്ള അസഹിഷ്ണുത
   - നളന്റെ സേവനതാല്പര്യം

4. താഴെ പറയുന്നവയിൽ കഥകളിയുമായി ബന്ധമില്ലാത്ത ശൈലി

   - ശിങ്കിടി പാടുക
   - കഥയറിയാതെ ആട്ടം കാണുക.
   - ശ്ലോകത്തിൽ കഴിക്കുക
   - തലമറന്ന് എണ്ണതേക്കുക.

5. വിക്രയമില്ലെന്നാകിലെന്തെടോ
   വയ്ക്ക ചൂതിനായെന്നെപ്പണയം

   —ഇവിടെ വെളിവാകുന്ന കലിയുടെ ഉദ്ദേശ്യം

   - പുഷ്ക്കരന്റെ വിശ്വാസം നേടിയെടുക്കുക.
   - പുഷ്ക്കരന് ധനം കടം കൊടുക്കുക.
   - പുഷ്ക്കരന് ചൂതുകളിയിൽ പരിശീലനം നൽകുക.
   - താൻ ധനവാനാണെന്ന് പുഷ്ക്കരനെ അറിയിക്കുക.

6. പാരിലെന്നെയിന്നാരറിയാതവർ?
അടിവരയിട്ട പദം സൂചിപ്പിക്കുന്ന കഥാപാത്രം?
    - പുഷ്ക്കരൻ
    - കലി
    - നളൻ
    - ദ്വാപരൻ

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക?**

1. പുഷ്ക്കര! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ
—കലിയുടെ ഈ വാക്കുകൾ നൽകുന്ന സൂചനകൾ എന്തെല്ലാം?
    - പുഷ്ക്കരന് പലതും ചെയ്യാനുണ്ട്.
    - നളനെ വെല്ലാൻ പുഷ്ക്കരന് കഴിയും
2. അറികയില്ലെങ്കിലും അഭിമുഖന്മാരെക്കണ്ടെൻ
മനതാരിലുണ്ടൊന്നുന്മിഷിതം ഝടിതി
പുഷ്ക്കരന്റെ മാനസികാവസ്ഥയെക്കുറിച്ച് ഈ വരികൾ നൽകുന്ന സൂചന എന്ത്?
    - വന്നിരിക്കുന്നവരോട് അടുപ്പം കൂടാനുള്ള മാനസികാവസ്ഥ.
    - നിരാശയും അസൂയയും നിറഞ്ഞ മനസ്സ്
3. വൈരി വൈരസേനിക്കിഹ ഞാൻ കലി
—ഈ പരിചയപ്പെടുത്തലിലൂടെ കലി ലക്ഷ്യമാക്കുന്ന കാര്യങ്ങൾ എന്തൊക്കെ?
    - പുഷ്ക്കരന്റെ മനസ്സിൽ നളനോടുള്ള ശത്രുതയ്ക്ക് ആക്കം കൂട്ടുക.
    - നളന്റെ ശത്രുവായതിനാൽ പുഷ്ക്കരന്റെ പക്ഷത്താണെന്ന് വരുത്തുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു.
പുഷ്ക്കര! നീ പഴുതേ ജന്മം നിഷ്ഫലമാക്കരുതേ
പഴുതേ എന്ന പദം ഇരു സന്ദർഭങ്ങളിലും വരുത്തുന്ന അർത്ഥസാദ്ധ്യത വിശദീകരിക്കുക?
    - പുഷ്ക്കരന്റെ മനസ്സിലെ നിരാശ വെളിവാക്കുന്നു.
    - പുഷ്ക്കരന് പലതും ചെയ്യാൻ കഴിയും എന്ന് കലി ഉപദേശിക്കുന്നു.
2. ധരണിയിലുള്ള പരിഷകൾ നളനെച്ചെന്നുകാണും
അവർക്കു വേണ്ടും കാര്യം നളനും സാധിപ്പിക്കും.
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ
—പുഷ്ക്കരന്റെ ഈ വാക്കുകൾ കലിയിൽ ഉളവാക്കുന്ന ചിന്തകൾ എന്തായിരിക്കും?
    - പുഷ്ക്കരന്റെ മനസ്സിലെ നിരാശയും അസൂയയും തിരിച്ചറിയുന്നു.
    - തനിക്ക് പുഷ്ക്കരനെ വശത്താക്കാൻ കഴിയും എന്ന് മനസ്സിലാക്കുന്നു.
    - അധികാരത്തോടും സമ്പത്തിനോടും ഉള്ള പുഷ്ക്കരന്റെ ആഗ്രഹം തിരിച്ചറിയുന്നു.
3. നമുക്കില്ലാ നാടും നഗരവും കുടയും ചാമരവും
അമിത്രവീരന്മാരെ അമർക്കും വൻപടയും
ബാഹുജനെന്നുള്ളതേ നമുക്കൊന്നുള്ളൂ മുറ്റും
—ഈ വാക്കുകൾ പുഷ്ക്കരനെക്കുറിച്ച് നൽകുന്ന സൂചനകൾ എന്തെല്ലാം.
    - അധികാരം ഇല്ലാത്തതിനാൽ നിരാശപ്പെടുന്നു.
    - നളനോടുള്ള അസൂയ മനസ്സിൽ സൂക്ഷിക്കുന്നു.
4. നളനു വേറെ കർമ്മം നമുക്കു കർമ്മം വേറെ
* * * * *
ദൂരത്തുന്നാരും വരികയില്ല നമ്മെക്കാണ്മാൻ

അപകർഷതാ ബോധവും സഹോദരനോടുള്ള അസഹിഷ്ണുതയും നിറഞ്ഞു നിൽക്കുന്ന കഥാപാത്രമാണ് പുഷ്ക്കരൻ. കാവ്യസന്ദർഭങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

5. നളനും നീയും ഭേദമെന്തിവിടെ

* * * * *

വിക്രയമില്ലെന്നാകിലെന്തെടോ
വയ്ക്ക ചൂതിനായെന്നെപ്പണയം

* * * * *

തസ്യ നാടു ഞാൻ
തേ തരുന്നു. ചൂതു പൊരിക പോരിക

സന്ദർഭങ്ങൾ വിശകലനം ചെയ്ത് പ്രലോഭനം എന്ന ശീർഷകം പാഠഭാഗത്തിന് എത്ര ത്തോളം ഇണങ്ങുന്നു എന്ന് വിലയിരുത്തുക?

1. നളനും നീയും ഭേദമെന്തിവിടെ?
നാടുവാഴ്ക നളതെ വെന്നു സമ്പ്രതി......

* * * * * *

തവ ഞാൻ മിത്രം, തസ്യ നാടുഞാൻ
തേ തരുന്നു, ചൂതുപൊരുക പോരുക......

* * * * * *

ധനവും ധാന്യം നാടുമൊക്കെയും
കൈക്കലാക്കിയവനെ വിടുക വനഭൂവി.....

വെന്നു – ജയിച്ചു

തവ – നിന്റെ

പുഷ്ക്കരന്റെ മനസ്സിൽ സഹോദരനനോടുള്ള വിദ്വേഷത്തിന്റെ വിത്തുകൾ പാകുകയാണ് കലി. കലിയുടെ സ്വഭാവം പ്രദർശിപ്പിക്കുന്ന ശക്തികൾ ഇന്നും സമൂഹത്തിൽ നിലനിൽക്കുന്നില്ലേ? പാഠഭാഗം പരിശോധിച്ച് കലി എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.?

## യുദ്ധത്തിന്റെ പരിണാമം

വ്യാസവിരചിതമായ മഹാഭാരതകൃതിയിലൂടെ അന്വേഷണാത്മകമായി കുട്ടികൃഷ്ണമാരാർ നടത്തിയ യാത്രയാണ് ഭാരതപര്യടനം. യുദ്ധത്തിന്റെ ഭീഷണമായ പരിണാമം എന്തായിരിക്കുമെന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. ഈ കൃതി ഭാരതയുദ്ധത്തിന്റെ മാത്രമല്ല എല്ലാ യുദ്ധത്തിന്റെയും പരിണാമങ്ങളിലേക്ക് നമ്മെ കൺതുറപ്പിക്കുന്നു.

നന്മതിന്മകൾ ഇടകലർന്നതാണ് മനുഷ്യമനസ്സ്. ദുര്യോധനൻ എന്ന കഥാപാത്രം ഇതിന് മികച്ച ഉദാഹരണമാണ്. സ്വപ്രത്യയസ്ഥൈര്യവും, സഹോദരിയോടുള്ള സ്നേഹവും ജനങ്ങൾ ഇഷ്ടപ്പെടുന്ന ഭരണാധികാരിയായി മാറാൻ കഴിഞ്ഞതും അയാളുടെ വ്യക്തിത്വത്തിന് മാറ്റ് കൂട്ടുന്നു. അതേ സമയം അഹങ്കാരവും, അധികാര മോഹവും അയാളുടെ പതനത്തിന് വഴിയൊരുക്കുകയും ചെയ്യുന്നു. പകയുടെ പ്രതിരൂപമാണ് അശ്വത്ഥാമാവ്. യുദ്ധത്തിന് ശേഷമുള്ള പൈശാചികമായ കൊലകൊണ്ടും പക തീരാത്ത അയാൾ ഗർഭസ്ഥശിശുവിന് നേരെ ബ്രഹ്മാസ്ത്രം പ്രയോഗിക്കാൻ മടിക്കുന്നില്ല.മനുഷ്യമനസ്സിലെ അടങ്ങാത്ത പകയെയാണ് അശ്വത്ഥാമാവ് സൂചിപ്പിക്കുന്നത്.ചിരഞ്ജീവികളിൽ പ്രമുഖനാണ് അയാൾ.അതായത്, ലോകത്ത് അവസാനമില്ലാതെ പക തുടരുന്നു എന്നതാണ് ഇത് വ്യക്തമാക്കുന്നത്. വിനാശകാരിയായ പകയെ നിയന്ത്രിക്കാൻ മനുഷ്യന് കഴിയണമെന്നതാണ് ഈ പാഠം നൽകുന്ന സന്ദേശം.

**<u>ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.</u>**

1. ഗുരുഘ്നാതികൾക്ക് കുലപാംസന ലോകങ്ങളില്ല.
   – ഇവിടെ ഗുരുഘ്നാതി എന്ന് വിശേഷിപ്പിച്ചിരിക്കുന്നത്?
   - ധൃഷ്ടദ്യുമ്നനെ
   - ദ്രോണരെ
   - ദുര്യോധനനെ
   - അശ്വത്ഥാമാവിനെ

2. അതിനെ, അവനെ എപ്പോഴും കരുതിയിരുന്നു കൊള്ളുക എന്ന താക്കീതാണ് അശ്വത്ഥാമാവിനെ ചിരഞ്ജീവിയും സർവ്വവ്യാപിയുമായി കല്പിച്ചതിനർത്ഥം. ഇവിടെ കരുതിയിരിക്കാനായി പറയുന്നത് എന്തിനെയാണ്?
   - ❖ സന്തോഷത്തെ
   - ❖ അഹങ്കാരത്തെ
   - ❖ പകയെ
   - ❖ ദു:ഖത്തെ
3. രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി. ഈ വാക്യത്തിൽ സൂചിപ്പിക്കുന്നത്.
   - ❖ ജനങ്ങൾക്ക് ദുര്യോധനനെ ഇഷ്ടമായിരുന്നു.
   - ❖ ദുര്യോധനന്റെ അവസ്ഥകണ്ട് ജനങ്ങൾ ഭയന്നു.
   - ❖ രാജാവിനെ കാണാൻ ആരും വന്നില്ല
   - ❖ ജനങ്ങൾ രാജാവിൽ നിന്ന് അകന്നുപോയി
4. പക എന്നുപറയുന്ന മനുഷ്യശാപമുണ്ടല്ലോ അതിന്റെ പ്രതിനിധിയല്ലാതെ മറ്റൊന്നുമല്ല ഈ ചെകുത്താൻ.

   –ഇവിടെ പരാമർശിക്കപ്പെടുന്ന കഥാപാത്രം
   - ദുര്യോധനൻ
   - അശ്വത്ഥാമാവ്
   - ധൃതരാഷ്ട്രർ
   - കൃതവർമ്മാവ്
5. ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്.

   – ദുര്യോധനന്റെ ഈ വാക്കുകൾ സൂചിപ്പിക്കുന്നത്
   - അധർമ്മത്തിലൂടെ വീഴ്ത്തിയവരോടുള്ള പ്രതിഷേധം
   - മരണത്തെക്കുറിച്ചുള്ള ഉത്ക്കണ്ഠ
   - വിഷം തന്നു എന്ന തോന്നൽ
   - തന്നെ കൊല്ലാൻ കഴിയില്ല എന്ന ചിന്ത
6. ഭാരതമാകട്ടെ നടന്ന കഥ മാത്രമല്ല, നടക്കാനിരിക്കുന്ന കഥ കൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

   – ഈ പ്രസ്താവനയുടെ ആശയം
   - ഭാരതകഥയിലെ കഥാപാത്രങ്ങൾ ചിരഞ്ജീവികളാണ്
   - ഭാരതകഥ ഇപ്പോൾ ചർച്ചചെയ്യപ്പെടുന്നില്ല
   - ഭാരതകഥ യുദ്ധത്തിന്റെ കഥയാണ്
   - ഭാരതകഥയിൽ ആവിഷ്ക്കരിക്കപ്പെട്ടിരിക്കുന്ന മനുഷ്യ സ്വഭാവങ്ങൾ ഇന്നും കാണാൻ കഴിയുന്നു.

**<u>വിഗ്രഹിച്ചെഴുതുക</u>**

ഭാരതേതിഹാസം – ഭാരതം എന്ന ഇതിഹാസം
കൃഷ്ണയുധിഷ്ഠിരാദികൾ – കൃഷ്ണൻ, യുധിഷ്ഠിരൻ ആദിയായവർ
ഭാഗീരഥീകച്ഛം –
കൃപകൃതവർമ്മാശ്വത്ഥാമാക്കൾ –
യുദ്ധശ്രാന്തൻ –
ശിബിരദ്വാരം –

**<u>മാതൃകപോലെ എഴുതുക</u>**

ഭീമന്റെ പുത്രി –
വീരസേനന്റെ മകൻ –

സുമിത്രയുടെ പുത്രൻ –
ദ്രുപഥന്റെ പുത്രി –
ധൃതരാഷ്ട്രരുടെ പുത്രൻ –
ദ്രോണരുടെ പുത്രൻ –

**<u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക</u>**

1. സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടു വരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി.

   –ഈ പ്രയോഗത്തിന്റെ ഔചിത്യം പരിശോധിക്കുക.

   ❖ മഹാവിജയം നേടിയെന്ന് കരുതുമ്പോൾ സന്തതികൾ നഷ്ടപ്പെടുന്ന മഹാദു:ഖം

2. "എനിക്കു ഭീഷ്മരും കർണനും ദ്രോണരും ചെയ്തുതരാത്തതു നിങ്ങൾ മൂന്നുപേരും കൂടി ചെയ്തു തന്നു".

   –കഥാസന്ദർഭവുമായി ബന്ധപ്പെട്ട് ഈ വാക്യം നൽകുന്ന അർത്ഥ സൂചന എന്ത്?

   ❖ അശ്വത്ഥാമാവ് നടത്തിയ അറുംകൊല
   ❖ പൈശാചികമായ ഇത്തരമൊരു പ്രവൃത്തി നടത്തി അയാൾ പാണ്ഡവരുടെ വംശം മുടിക്കുന്നു.

3. ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്. അയാൾ നമ്മുടെ ചിരഞ്ജീവികളിൽ പ്രമുഖനുമാണ്.

   –അശ്വത്ഥാമാവിനെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ കുറിക്കുക.

   - അശ്വത്ഥാമാവിന് മരണമില്ല
   - അയാൾ പകയുടെ പ്രതീകമായി മുനഷ്യമനസ്സുകളിൽ നില കൊള്ളുന്നു.

**<u>അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. അങ്ങിനെ വല്ലപാടും വിജയം നേടിയ പാണ്ഡവർ സന്ധ്യയ്ക്കു ജയഘോഷത്തോടെ കൂടാരങ്ങളിലേക്ക് തിരിച്ചു

   വല്ലപാടും വിജയം നേടിയ എന്ന പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നതെന്ത്? വിശദമാക്കുക.

   - സന്ദർഭം
   - ധർമ്മയുദ്ധത്തിന്റെ വ്യവസ്ഥ
   - പാണ്ഡവർ മിക്ക എതിരാളികളെയും വീഴ്ത്തിയത് യുദ്ധധർമ്മത്തിനെതിരായിട്ടാണ്.

2. "ഇതു തന്നെയാണ് മനുഷ്യന്റെ വിധി. രാജാവായ ഞാൻ വീണു"

   ബ്രാഹ്മണോഹം നരേന്ദ്രോഹ–
   മാഢ്യോഹമെന്നാമ്രേഡിതം കലർന്നീടും ദശാന്തരേ
   ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം
   മണ്ണിനു കീഴായി കൃമികളായ് പോകിലാം
   നന്നല്ല ദേഹം നിമിത്തം മഹാമോഹം

   ***ലക്ഷമണ സാന്ത്വനം***

സന്ദർഭങ്ങൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

❖ രാജാവായിട്ടും മരണം വഴിമാറിന്നില്ല.
❖ എഴുത്തച്ഛന്റെ വരികളുടെ ആശയം
❖ ദേഹം, അധികാരം സമ്പത്ത് എന്നിവയെച്ചൊല്ലി അഹങ്കരിച്ചിട്ട് കാര്യമില്ല.
❖ എഴുത്തച്ഛന്റെ വരികളിലെ ആശയത്തോട് യോജിക്കുന്നു ദുര്യോധന്റെ വിധി

3. മഹാഭാരതമാകട്ടെ നടന്നകഥ മാത്രമല്ല. നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.

   –ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ? പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

❖ ആശയം

- ❖ ഭാരകഥയിൽ ആവിഷ്ക്കരിച്ചിരിക്കുന്ന മനുഷ്യസ്വഭാവങ്ങൾ ഇന്നും കാണാൻ കഴിയുന്നു.
- ❖ പകയും യുദ്ധക്കൊതിയും അവസാനിക്കുന്നില്ല

4. അശ്വത്ഥാമാവിനെ ചിരഞ്ജീവിയായി കല്പിച്ചതിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.
    - ❖ പകയുടെ പ്രതീകമാണ് അശ്വത്ഥാമാവ്
    - ❖ യുദ്ധവും കലാപങ്ങളും വഴക്കുകളുമായി മനുഷ്യമനസ്സിലെ പക തുടർന്നുകൊണ്ടേയിരിക്കുന്നു.

**<u>ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. വിഷത്തെക്കാൾ വർജ്യമാകും
   നരചിത്തം ദുഷിക്കുകിൽ

   ശപിക്കപ്പെട്ടവൻ എന്ന വാക്കു മുഴുവനർത്ഥത്തിൽ വല്ലവരെപ്പറ്റിയും പറയാമെങ്കിൽ അതീ അശ്വത്ഥാമാവിനെപ്പറ്റിയാണ്.

   തന്നിരിക്കുന്ന വരികളും യുദ്ധത്തിന്റെ പരിണാമം എന്ന പാഠഭാഗവും വിലയിരുത്തി. അശവത്ഥാമാവ് എന്ന കഥാപാത്രത്തിന്റെ സ്വഭാവം നിരൂപണം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
    - ❖ വരികളുടെ ആശയം
    - ❖ അശ്വത്ഥാമാവിന്റെ നിന്ദ്യമായ പ്രവൃത്തികൾ
    - ❖ പകയുടെ പ്രതിരൂപം
    - ❖ അയാൾ മരണമില്ലാതെ മനുഷ്യമനസ്സുകളിൽ നിലനിൽക്കുന്നു.
2. പശ്ചാത്യ സാഹിത്യങ്ങളിലെ എപ്പിക്കുകളെപ്പോലെ ചില യുദ്ധവീരന്മാരുടെ പരാക്രമം വർണിപ്പാൻ വേണ്ടിയല്ല. നേരെ മറിച്ച് മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടതെന്ന് തീർത്തുപറയാൻ സംശയിക്കേണ്ടതില്ല.

   ഭാരതമാകട്ടെ നടന്നകഥ മാത്രമല്ല. നടക്കാനിരിക്കുന്ന കഥകൂടിയാണെന്ന് എവിടെ നോക്കിയാലും കാണുന്നു.
    - – ഈ അഭിപ്രായങ്ങൾ വിലയിരുത്തി സമകാലിക സാമൂഹ്യ സന്ദർഭങ്ങൾ പരിഗണിച്ച് 'യുദ്ധം കാലാതീതമായ വിപത്ത്' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.
   - ❖ യുദ്ധം വരുത്തുന്ന വിനാശങ്ങൾ മഹാഭാരത കഥയിൽ
   - ❖ എന്നാൽ യുദ്ധക്കൊതി അവസാനിക്കുന്നില്ല
   - ❖ സമകാലിക സംഭവങ്ങൾ

## <u>ആത്മാവിന്റെ വെളിപാടുകൾ</u>

ലോകപ്രശസ്ത റഷ്യൻ നോവലിസ്റ്റ് ദസ്തയേവ്സ്കിയുടെ ജീവിതത്തെ അധികരിച്ച് ശ്രീ.പെരുമ്പടവം ശ്രീധരൻ രചിച്ച നോവലാണ് 'ഒരു സങ്കീർത്തനം പോലെ' നോവലിലെ പത്താം അധ്യായമാണ് ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗം. അപസ്മാര ബാധയാൽ കൂടുതൽ അവശനും ക്ഷീണിതനുമായ ദസ്തയേവ്സ്കിയുടെ ഏകാന്തവും ശൂന്യവുമായ ജീവിതാവസ്ഥയാണ് പാഠഭാഗത്ത് ചിത്രീകരിച്ചിരിക്കുന്നത്.ഏറെ സ്നേഹിച്ച ഭാര്യ മേരിയായുടെ വേർപാട്, താങ്ങും തണലുമായി നിന്ന ചേട്ടൻ മൈക്കിളിന്റെ മരണം, തുടർന്ന് ഏറ്റെടുക്കേണ്ടി വന്ന കുടുംബബാധ്യതകൾ എല്ലാ ചേർന്ന് ജീവിതകെട്ടുപാടുകളിൽപെട്ട് അദ്ദേഹം പിടയുന്നു. ദസ്തയേവ്സ്കിയുടെ കടുത്ത ആരാധനകന്റെ മകളായ അന്ന സ്റ്റെനോഗ്രാഫറായി അദ്ദേഹത്തിന്റെ ജീവിതത്തിലേക്ക് കടന്നു വരികയും സ്നേഹപരിചരണങ്ങളാൽ അദ്ദേഹത്തെ നിർത്തിവച്ച നോവൽ രചനയ്ക്ക് വേണ്ടി പ്രചോദിപ്പിക്കുകയും ചെയ്യുന്നു. അന്നയുടെ സ്നേഹസാമീപ്യത്തിൽ കൂടുതൽ ഉത്തരവാദിത്തമുള്ളവനായി ദസ്തയേവ്സ്കി മാറുകയും ചെയ്യുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. തോൽവികളും തകർച്ചകളും നഷ്ടങ്ങളും അപമാനങ്ങളും സഹിച്ച് ഇങ്ങനെ ജീവിതം തുടരുന്നതിൽ എന്തർത്ഥമാണുള്ളത്?

   –ആരുടെ ജീവിതത്തെക്കുറിച്ചാണ് ഇങ്ങനെ പറയുന്നത്?

   - ദസ്തയേവ്സ്കി
   - സ്റ്റെല്ലോവ്സ്കി
   - എമിലി
   - പാഷ

2. വഴിയരികിൽ <u>വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം</u> പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ

   –അടിവരയിട്ട പ്രയോഗം ദസ്തയേവ്സ്കിയുടെ ഏത് ജീവിതാവസ്ഥയെയാണ് സൂചിപ്പിക്കുന്നത്?

   - കുടുംബത്തോടൊത്തുള്ള ജീവിതം
   - കടുത്ത ഏകാന്തത
   - രോഗാതുരമായ അവസ്ഥ
   - സാമ്പത്തിക ഞെരുക്കം

3. ഉപദേശിച്ചിട്ടൊന്നും പ്രയോജനമില്ല. ഉപദേശത്തിന്റെ കുറവ് കൊണ്ടാണോ മനുഷ്യ ൻ ചീത്തയാകുന്നത്? അരെക്കുറിച്ചുള്ള പരാമർശമാണിത്?

   - ദസ്തയേവ്സ്കി
   - സ്റ്റെല്ലോവ്സ്കി
   - പാഷ
   - ഫെദോസ്യ

4. "അവൾ പോയിക്കഴിഞ്ഞപ്പോഴാണ് ശവക്കുഴിയിൽ അവളോടൊപ്പം എന്താണ് അടക്കി യതെന്ന് ഞാനറിയുന്നത്".

   –ഈ വരികളിൽ തെളിയുന്ന ദസ്തയേവ്സ്കിയുടെ മാനസികാവസ്ഥ.

5. നീ എന്റെ ഹൃദയത്തിനകത്താണോ നിൽക്കുന്നത്?

   –ഈ ചോദ്യം നൽകുന്ന അർത്ഥസൂചനകൾ പരിശോധിക്കുക?

   - ദസ്തയേവ്സ്കിയെ പൂർണ്ണമായി മനസ്സിലാക്കുന്ന അന്ന

6. കുരിശിൽ കിടന്ന് പ്രാണൻ പിടയുമ്പോൾ, പിതാവേ ഇവർ ചെയ്യുന്നതെന്തെന്ന് ഇവര റിയുന്നില്ല. ഇവരോട് പൊറുക്കേണമേ എന്ന് ക്രിസ്തു പ്രാർത്ഥിച്ചത് അന്ന അറിയാതെ ഓർത്തുപോയി.

   –ഈ സന്ദർഭം നൽകുന്ന സൂചനയെന്ത്?

   - വേദനകൾ സ്വയം ഏറ്റെടുത്ത് സമൂഹത്തിന് നന്മ പകരാൻ ശ്രമിക്കുന്ന ദസ്ത യേവ്സ്കിയെ അന്ന തിരിച്ചറിയുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഒറ്റപ്പെടലിന്റെ ആത്മസംഘർഷങ്ങൾ തീവ്രമായ വേദനയോടെ അനുഭവിക്കുന്ന ദസ്ത യേവ്സ്കിയെയാണ് പെരുമ്പടവം ശ്രീധരൻ തന്റെ 'ഒരു സങ്കീർത്തനം പോലെ' എന്ന നോവലിൽ ചിത്രീകരിക്കുന്നത്. പാഠഭാഗത്തെ അധികരിച്ച് നിങ്ങളുടെ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുക.?

   - ശാപനിലത്തിന്റെ മധ്യത്തിലുള്ള ജീവിതം
   - തോൽവികളും തകർച്ചകളും നഷ്ടങ്ങളും സഹിക്കുന്ന മാനസികാവസ്ഥ
   - വഴിയരികിൽ വലിച്ചെറിയപ്പെട്ട പാറക്കഷണംപോലെയുള്ള മാനസികാവസ്ഥ
   - യാഥാർത്ഥ്യത്തിന്റെ കടിച്ച് കീറലുകൾ
   - സന്തോഷം

- ആശ്വാസം
- ഭയം
- ശൂന്യത

**അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റി എഴുതുക**

1. പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ട് നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ് ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. പ്രകൃതിയുടെ ആത്മാവിൽ നിന്നുയരുന്ന മൗനത്തിന്റെ മൊഴികൾ കേട്ടുകൊണ്ട് നടക്കുമ്പോൾ സെന്റ് പീറ്റേഴ്സ് ബർഗ് നഗരം പ്രപഞ്ചമായി വികസിച്ചു.

   –അടിവരയിട്ട പദങ്ങൾ കഥാസന്ദർഭത്തിന് നൽകുന്ന അർത്ഥവ്യാപ്തി സൂചിപ്പിക്കുക.
   - പ്രകൃതിയുമായി നടത്തുന്ന വിനിമയം
   - ഉള്ളിൽ ആശയ പ്രപഞ്ചം നിറയുന്ന അവസ്ഥ
2. വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണംപൊലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ?
   ദസ്തയേവ്സ്കി ഇങ്ങനെ ചിന്തിക്കാനിടയായ സാഹചര്യങ്ങൾ എന്തൊക്കെയാവാം?
   - തോൽവികളും തകർച്ചകളും നഷ്ടങ്ങളും അപമാനങ്ങളും സഹിച്ചുള്ള ജീവിതം.
   - എല്ലാവരിൽ നിന്നും ഒറ്റപ്പെട്ട് തികച്ചും ഏകാന്തമായ ജീവിതം
3. "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ്, ആ കെട്ടുകളിൽ കുരുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു".

   –വരികളിലൂടെ തെളിയുന്ന ദസ്തയേവ്സ്കിയുടെ ജീവിതാവസ്ഥ വിലയിരുത്തുക?
   - ഭാര്യയുടെ മരണം സൃഷ്ടിച്ച ശൂന്യത
   - ജ്യേഷ്ഠൻ മൈക്കിളിന്റെ മരണം
   - കടങ്ങളുടെ പെരുപ്പം
4. ആത്മസംഘർഷങ്ങളിൽപെട്ടുഴലുന്ന ദസ്തയേവ്സ്കിയുടെ ജീവിതത്തിന് വലിയൊരാശ്വാസമായിരുന്നു അന്ന.

   –പാഠഭാഗത്തെ അടിസ്ഥാനമാക്കി വിലയിരുത്തുക.
   - ദസ്തയേവ്സ്കിയെ പൂർണ്ണമായി തിരിച്ചറിയുന്ന അന്ന.
   - അന്നയുടെ സ്നേഹപൂർണ്ണമായ പരിചരണവും സമീപനവും
5. ധാരാളം ആത്മക്ഷതങ്ങളേറ്റിട്ടുള്ള ആളാണ് ദസ്തയേവ്സ്കി. പാഠഭാഗത്തെ അടിസ്ഥാനമാക്കി നിങ്ങളുടെ നിരീക്ഷണം കുറിക്കുക.
   - ദസ്തയേവ്സ്കിയുടെ മാനസിക സംഘർഷങ്ങൾ
   - ജീവിതാനുഭവങ്ങൾ
   - യാഥാർത്ഥ്യത്തിന്റെ കടിച്ചു കീറലുകൾ

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ഭാഷയുടെ ഭാവതീവ്രമായ അവതരണത്തിലൂടെ ദസ്തയേവ്സ്കിയുടെ ഏകാന്തവും ശൂന്യവുമായ മാനസികാവസ്ഥയെ വായനക്കാർക്ക് അനുഭവവേദ്യമാക്കാൻ നോവലിസ്റ്റിന് കഴിഞ്ഞിട്ടുണ്ട്.

   –ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗത്തെ മുൻനിർത്തി പരിശോധിക്കുക.
   - ഭാവതീവ്രമായ പ്രയോഗങ്ങൾ
   - പ്രയോഗങ്ങളുടെ ആശയതലം
   - വായനക്കാരന്റെ മനസ്സിൽ ആഴത്തിൽ സ്പർശിക്കുന്നു.

## അക്കർമാശി (ശരൺകുമാർ ലിംബാളെ)

പ്രശസ്ത മറാത്തി സാഹിത്യകാരനായ ശരൺകുമാർ ലിംബാളെയുടെ ആത്മകഥാപരമായ രചനയാണ് 'അക്കർമാശി'. ഇന്ത്യയിൽ നിലനിൽക്കുന്ന ജാതി വിവേചനത്തെക്കുറിച്ചും

അത് സൃഷ്ടിക്കുന്ന ദയനീയ ജീവിത സാഹചര്യങ്ങളെക്കുറിച്ചും ലിംബാളെ തുറന്നെഴുതുന്നു. പാഠഭാഗത്തിന്റെ ആദ്യഭാഗത്ത് ദാരിദ്ര്യം കൊണ്ടും വിവേചനങ്ങൾ കൊണ്ടും അതി ദയനീയ മായിപ്പോയ തന്റെ കുട്ടിക്കാലത്തെ ഓർമ്മകൾ പങ്കുവെയ്ക്കുന്നു. തുടർന്ന് ഒരു വിദ്യാർത്ഥി എന്ന നിലയിൽ സത്യസന്ധത തെളിയിക്കാൻ ലഭിച്ച അവസരം അവതരിപ്പിക്കുന്നു. 'അക്കർമാശി' എന്നത് ഒരു മറാത്തി വാക്കാണ്. മഹർ സമുദായത്തിനിടയിലാണ് ഈ വാക്ക് പ്രചാരത്തിലുള്ളത്. ജാതിയിൽ പൂർണത അവകാശപ്പെടാൻ കഴിയാത്തവർ എന്ന അർത്ഥ ത്തിൽ (അർധജാതി) പ്രയോഗിക്കുന്നു. പലപ്പോഴും തങ്ങളുടെ ജാതിക്ക് വെളിയിൽ ജനിച്ച വരോ വിവാഹ ബാഹ്യബന്ധങ്ങളിൽ ജനിച്ചവരോ ആയവരെ ഈ വാക്ക് സംബോധന ചെയ്യു ന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. 'ചവറിനു പകരം തൂക്കി നോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി'
   – ഈ വാക്യങ്ങളുടെ ആശയത്തോട് ഏറ്റവും യോജിക്കുന്ന പ്രസ്താവന.
   - ❖ ചവറുകളുടെ വിലപോലും അവരുടെ ജീവിതത്തിന് സമൂഹം നൽകിയിരുന്നില്ല.
   - ❖ ചവറുകൾ പെറുക്കുന്നത് കഷ്ടപ്പാടുള്ള പണിയായിരുന്നു.
   - ❖ ചവറുകൾക്കിടയിലെ ജീവിതം മടുപ്പിക്കുന്നതായിരുന്നു.
   - ❖ ചവറുകൾ കിട്ടാനില്ലായിരുന്നു.
2. ദിവസം മുഴുവനും അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലു മുണ്ടോ ഞങ്ങളെപ്പോലുള്ള മുനഷ്യർക്ക് -ഈ വരികളിൽ തെളിയുന്ന മനോവികാരം.
   - ❖ നിരാശ
   - ❖ ജീവിത ദൈന്യതയിലുള്ള പ്രതിഷേധം
   - ❖ പരിഹാസം
   - ❖ ജോലിയോടുള്ള അതൃപ്തി
3. 'എപ്പോഴെങ്കിലും ഒരു നല്ല കടലാസ്സ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും'.–ഇവിടെ സൂചിതമാവുന്നത്
   - ❖ -പഠിക്കാനുള്ള മോഹം
   - ❖ -ജോലിയിലുള്ള മിടുക്ക്
   - ❖ -കടലാസ്സ് പെറുക്കാനുള്ള താൽപര്യം
   - ❖ -ചിത്രം വരയാനുള്ള ആഗ്രഹം
4. എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതു രൂപയേക്കാൾ എത്രയോ വലുതായിരുന്നു. – ഈ വാക്യം മുന്നോട്ടുവയ്ക്കുന്ന ജീവിത വീക്ഷണം.
   - ❖ പണമാണ് ജീവിതത്തിന്റെ അടിസ്ഥാനം
   - ❖ പണംകൊണ്ട് എല്ലാം നേടാനാവില്ല
   - ❖ സത്യം ജീവിതത്തിലെ ഏറ്റവും ഉയർന്ന മൂല്യമാണ്
   - ❖ പണത്തിന് നേടാൻ കഴിയാത്ത പലതുമുണ്ട്.
5. **മാതൃകപോലെ വിഗ്രഹിച്ചെഴുതുക.**

   പഴക്കട - പഴങ്ങൾ വിൽക്കുന്ന കട

   വിശിഷ്ടനിമിഷം - ________________
6. **ഒറ്റവാക്യമാക്കി മാറ്റി എഴുതുക.**

   അന്ന് പ്രാർത്ഥന കഴിഞ്ഞയുടൻ ഞാൻ നേരെ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു. വീണു കിട്ടിയ പൈസ മുഴുവൻ അദ്ദേഹത്തെ ഏൽപ്പിച്ചു.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. 'ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി'. –

–ഈ വരികൾ സൂചിപ്പിക്കുന്ന ലിംബാളെയുടെ ജീവിത സാഹചര്യങ്ങൾ എന്തെല്ലാമാണ്?

- തെരുവിൽ കഴിയുന്ന അവസ്ഥ
- കടുത്ത ദാരിദ്ര്യം

2. എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതുരൂപയേക്കാൾ എത്രയോ വലുതായിരുന്നു. ലിംബാളെയുടെ ജീവിതവീക്ഷണവുമായി ബന്ധപ്പെട്ട എന്തെല്ലാം കാഴ്ചപ്പാടുകളാണ് ഈ വരികളിലൂടെ പ്രകടമാവുന്നത്.
    - സത്യമാണ് ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം
    - പണം കൊണ്ട് എല്ലാം നേടാനാവില്ല.
3. 'എന്നാൽ സാന്താമായി ഒരു മഹാർ ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല'–.
സാമൂഹ്യ ജീവിത സാഹചര്യങ്ങളെക്കുറിച്ച് എന്തെല്ലാം സൂചനകളാണ് ഈ വിവരണത്തിലൂടെ വ്യക്തമാവുന്നത്.
    ജാതി വിവേചനം അനുഭവപ്പെടുന്നു.

**<u>അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. "ദിവസം മുഴുവനും അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്" ലിംബാളെ ഉയർത്തുന്ന സാമൂഹ്യ വിമർശനത്തെക്കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.
2. ജീവിതദൈന്യത്തിലുള്ള പ്രതിഷേധം
3. അനുഭവിക്കുന്ന വിവേചനങ്ങളെക്കുറിച്ചുള്ള രോഷം
4. 'എന്റെ സത്യസന്ധത എനിക്കന്നു നൽകിയ ആനന്ദം ആ മുപ്പതു രൂപയെക്കാൾ എത്രയോ വലുതായിരുന്നു'.
   – ഈ നിരീക്ഷണത്തെ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.
    - ഏതു പ്രതിസന്ധിയിലും മൂല്യങ്ങളിൽ ഉറച്ചു നിൽക്കുന്നു.
    - പണംകൊണ്ട് ജീവിതത്തിൽ എല്ലാം നേടാനാവില്ല എന്ന് തിരിച്ചറിയുന്നു.

**<u>ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. "മനുഷ്യർക്കുമാത്രം സംശയം. സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളെക്കാളും മോശം".
   ***ശ്രീനാരായണ ഗുരു***
   "സാന്താമായി ഒരു 'മഹർ' ആണെന്നു മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല".
   ഇന്ത്യയിൽ നിലനിൽക്കുന്ന സാമൂഹ്യ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ ഈ നിരീക്ഷണങ്ങളെ വിലയിരുത്തി ലഘു ഉപന്യാസം തയ്യാറാക്കുക.
    - ഗുരുവിന്റെ കാലത്തെ സാമൂഹ്യാവസ്ഥ
    - സമൂഹം ഏറെ പുരോഗമിച്ചു. എന്നിട്ടും വിവേചനങ്ങൾ ചില തലങ്ങളിൽ അനുഭവപ്പെടുന്നു.
    - പാഠഭാഗത്തെ ആശയങ്ങൾ
2. 'ഒരു പക്ഷെ ഞങ്ങളുടെ വിശപ്പും വയറും മാത്രമല്ല ഞങ്ങളേയും ത്രാസിൽ വെച്ച് തൂക്കി നോക്കണം'.–
   ദിവസം മുഴുവൻ അലഞ്ഞു നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?
   'പാർശ്വവൽക്കരിക്കപ്പെടുന്ന ജനജീവിതം' എന്ന വിഷയത്തെ മുൻനിർത്തി എഡിറ്റോറിയൽ കുറിപ്പ് തയ്യാറാക്കുക.
- പാഠഭാഗത്തെ ആശയങ്ങൾ
- ലിംബാളെയുടെ കുടുംബം അനുഭവിക്കുന്ന വിവിധ തരത്തിലുള്ള വിവേചനങ്ങൾ

## <u>വാക്കുകൾ സർഗതാളങ്ങൾ</u>

ആ പ്രായത്തിലാണ്
എന്നെത്തേടി
കവിത വന്നണഞ്ഞത്
എനിക്കറിയില്ലാ
എവിടെ നിന്നാണത് വന്നെത്തിയ–
തെന്നെനിക്കറിയില്ല
കുളിർത്തുവിറയ്ക്കുന്ന ശിശിരത്തിൽ നിന്നോ
പതഞ്ഞൊഴുകുന്ന നദിയിൽ നിന്നോ
എങ്ങനെയാ, ണെപ്പോളാണെന്നും
എനിക്കറിയില്ല.......

***പാബ്ലോ നെരൂദ***

പാബ്ലോ നെരൂദയുടെ ഈ വരികൾ കവിതയുടെ ഉറവയെക്കുറിച്ചുള്ള ചിന്തകൾ പങ്കുവെയ്ക്കുന്നു. തീവ്രമായ അനുഭവങ്ങൾ പലപ്പോഴും മികച്ച ആവിഷ്ക്കാരങ്ങളാവുന്നു. വാക്കുകൾ സർഗതാളമാവുന്നു.

## <u>ഞാൻ കഥാകാരനായ കഥ</u>

***എസ്.കെ. പൊറ്റക്കാട്***

മലയാളത്തിലെ പ്രശസ്ത കഥാകാരനായ എസ്.കെ. പൊറ്റക്കാട്ടിന്റെ അനുഭവക്കുറിപ്പാണ്. 'ഞാൻ കഥാകാരനായ കഥ' എന്ന പാഠഭാഗം. ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന സമയത്ത് കഥാകാരനുനണ്ടായ അനുഭവമാണ് ഇവിടെ വിവരിക്കുന്നത്. വൃദ്ധയായ ഒരു മാതാവ് വളരെ കഷ്ടപ്പെട്ട് തന്റെ മകനെ വളർത്തുന്നതും, ഒടുവിൽ മകൻ അവരെ ഉപേക്ഷിച്ച് പോകുന്നതും മകന്റെ മനസ്സ് മാറ്റാൻ കത്തുകളയക്കാൻ വൃദ്ധമാതാവ് കഥാകാരനെ സമീപിക്കുകയും ചെയ്യുന്ന സംഭവങ്ങളാണ് ഈ അനുഭവക്കുറിപ്പിലുള്ളത്. വൃദ്ധമാതാവിന്റെ വിവരണങ്ങളിൽ നിന്ന് ആശയമുൾക്കൊണ്ട് തന്റെ ഭാവനയും ചേർത്ത് എഴുതിയ കത്തുകൾ മകന്റെ മനസ്സു മാറ്റാൻ കാരണമായി. തുടരെത്തുടരെ എഴുതിയ ഈ കത്തുകളാണ് തന്നെ കഥാകാരനാക്കി മാറ്റിയതെന്ന് എസ്.കെ. പറയുന്നു.

**<u>ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.</u>**

1. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില <u>സരസ്വതീ വിലാസങ്ങളും</u> ചേർത്ത് ഞാൻ ആ മടയനായ മകനു തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു.
   അടിവരയിട്ട പദത്തിന് യോജിക്കുന്നത്
   ഹൃദയസ്പർശിയായി അവതരിപ്പിക്കൽ
   ഈശ്വരാനുഗ്രഹം
   മികച്ച പ്രയോഗം
   നല്ല ഭാഷ
2. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി. ഇവിടെ തെളിയുന്ന മനോഭാവം.
   - എഴുത്തുകാരനായതിലുള്ള സന്തോഷം
   - വൃദ്ധയുടെ മകനെ നന്മയിലേക്ക് നയിക്കാൻ കഴിഞ്ഞതിലുള്ള അഭിമാനം
   - മകന്റെ അന്വേഷണത്തിലുള്ള സന്തോഷം
   - തന്റെ എഴുത്തിനോടുള്ള താൽപര്യം
3. അർത്ഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റി എഴുതുക
   അയാളുടെ കുടുംബക്ഷേമങ്ങളെപ്പറ്റി ഞാൻ അന്വേഷിച്ചപ്പോൾ അയാൾ പറഞ്ഞു.
4. ജീവിതകഥ എന്ന പദം വിഗ്രഹിച്ചാൽ
   - ജീവിതത്തിന്റെ കഥ
   - ജീവിതമാകുന്ന കഥ
   - ജീവിതവും കഥയും

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിന്റെ അന്ത്യ കാലത്തെ കുറഞ്ഞൊന്ന് ആശ്വസിപ്പിക്കാനും പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചു കാണിച്ചു മനസ്സിളക്കിത്തീർക്കാനും എനിക്കു സാധിച്ചിട്ടുണ്ട്. എന്ന് ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.
   സാഹിത്യത്തെക്കുറിച്ച് എസ്.കെ. പുലർത്തുന്ന എന്തൊക്കെ കാഴ്ചപ്പാടാണ് ഇതിൽ സൂചിതമാവുന്നത്.
   സാധാരണക്കാരന്റെ പ്രശ്നങ്ങൾ അവതരിപ്പിക്കണം.
   മനസ്സുകളെ പരിവർത്തിപ്പിക്കണം
2. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തി.
   –ഈ വാക്യത്തിന്റെ പൊരുൾ കണ്ടെത്തുക?
   - ഒരാളെ നന്മയിലേക്ക് നയിക്കാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു.
   - സാഹിത്യത്തിന്റെ ധർമ്മം പാലിക്കാൻ കഴിഞ്ഞു.
3. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീ വിലാസ ങ്ങളും ചേർത്ത് ഞാൻ ആ മടയനായ മകനു തുടരെത്തുടരെ കത്തുകളയച്ചു.
   സരസ്വതീ വിലാസം എന്ന പ്രയോഗം നൽകുന്ന സൂചനകൾ എന്തെല്ലാം?
   - ഹൃദയസ്പർശിയായ അവതരണം
   - സാഹിത്യത്തിന്റെ ധർമ്മം

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാ രചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ.
   – എസ്.കെ. പൊറ്റക്കാടിന്റെ അനുഭവം വിശകലനം ചെയ്ത് ഈ പ്രസ്താവനയുടെ ഔചിത്യം പരിശോധിക്കുക.
   - വൃദ്ധയ്ക്കു വേണ്ടി എഴുതുന്ന കത്തുകളുടെ പ്രത്യേകത.
   - ആ രചനകളുടെ സാഹിത്യ അംശം.
2. അനുഭവങ്ങളെ ഹൃദയസ്പർശിയായി ആവിഷ്ക്കരിച്ചാൽ വായനക്കാരന്റെ മനസ്സിനെ സ്പർശിക്കാൻ കഴിയും.
   ഞാൻ കഥാകാരനായ കഥ എന്ന പാഠത്തിന്റെ ആശയം പരിശോധിച്ച് ഈ പ്രസ്താവ നയുടെ സാധുത വിലയിരുത്തുക.
   - അനുഭവങ്ങൾ വായനക്കാരന്റെ മനസ്സിനെ സ്പർശിക്കുംവിധം പ്രകടിപ്പിക്കുന്ന കത്തുകൾ
   - അത് മനസ്സിനെ സ്പർശിച്ചെന്ന തിരിച്ചറിവ്
3. .......പ്രേമാന്ധനായി വഴിപിഴച്ച ഒരു യുവാവിനെ മാതൃഹൃദയത്തിന്റെ ഒരു ചിത്രം വരച്ചു കാണിച്ചു മനസ്സിളക്കിത്തീർക്കാനും ഒരിക്കൽഎനിക്കു സാധിച്ചിട്ടുണ്ട് എന്ന് ഞാൻ അഭിമാനത്തോടെ വിശ്വസിക്കുന്നു.
   –സാഹിത്യകാരന്റെ അടിസ്ഥാന വികാരം മനുഷ്യത്വമാണ്.
   എസ്.കെ. യെ കഥാകാരനാക്കിയ കഥ പരിശോധിച്ച് നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. അവന്നു വയറു നിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണി കിടന്നതും അവന്നു സ്കൂളി ലേക്ക് ഒരു വരക്കോലും ഷ്കൂൾ പെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസ്സിനകത്തു പണ്ടുപണ്ടേ കിടന്നിരുന്ന ഒരു പൊൻപണം തൂക്കി വിറ്റതും മറ്റും.................................ഞാൻ കഥാകാരനായ കഥ.
   "എങ്ങിനികൊണ്ടിറക്കേണ്ടു......."
   അമ്മത്തൊട്ടിൽ
   പാഠ സന്ദർഭങ്ങളും, സമകാലിക സാമൂഹ്യ അവസ്ഥയും പരിഗണിച്ച് 'വാർദ്ധക്യവും സമൂഹവും' എന്ന വിഷയത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.

# <u>അശ്വമേധം</u>

മലയാളത്തിലെ പ്രശസ്തകവി വയലാർ രാമവർമ്മ രചിച്ച കവിതയാണ് അശ്വമേധം. കവിത്വത്തിന്റെ ശക്തിയിലും മനുഷ്യത്വത്തിന്റെ മഹനീയതയിലും വിശ്വസിക്കുന്ന കവിയെ നമുക്ക് ഇവിടെ കാണാം. കവിതയാകുന്ന കുതിരയുമായി വിശ്വസംസ്ക്കാര വേദിയിൽ പുതിയ അശ്വമേധത്തിന് ഒരുങ്ങുകയാണ് കവി. പുരുഷാന്തരങ്ങളിൽ കൂടി നേടിയതാണ് കവിതയുടെ ശക്തി. മണ്ണിന്റെ മണമുള്ള മനുഷ്യരുടെ സ്വപ്നങ്ങളിൽ നിന്നാണത് പിറവിയെടുത്തത്. അനീതിക്കു നേരെ ശക്തമായി പ്രതികരിക്കാൻ കവിതയ്ക്ക് ഓരോ കാലഘട്ടത്തിലും കഴിഞ്ഞിട്ടുണ്ട്. വിവിധ കാലഘട്ടങ്ങളിൽ കവിതയ്ക്ക് വിവിധതരം വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. മനുഷ്യപക്ഷത്താണ് കവി എന്നും നിലകൊള്ളുന്നത്. താൻ ഈശ്വരനോ മാന്ത്രികനോ അല്ല പച്ച മണ്ണിന്റെ മനുഷ്യത്വമാണ് എന്ന് കവി ഉറക്കെ പ്രഖ്യാപിക്കുന്നു.

**<u>ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.</u>**

1. കോടികോടി പുരുഷാന്തരങ്ങളിൽ—
   ക്കൂടി നേടിയതാണതിൽ ശക്തികൾ
   കവിതയുമായി ബന്ധപ്പെട്ട ഏത് വസ്തുതയാണ് ഇവിടെ തെളിയുന്നത്?
   - മഹത്തായ കാവ്യപാരമ്പര്യം
   - കവിതയുടെ മായികത
   - സാഹിത്യത്തിന്റെ സൗന്ദര്യം
   - ഗാനങ്ങളുടെ ശക്തി
2. മണ്ണിൽ നിന്നു പിറന്നവർ <u>മണ്ണിനെ—</u>
   <u>പ്പൊന്നണിയിച്ച സംസ്ക്കാര ശില്പികൾ</u>
   അടിവരയിട്ട പ്രയോഗത്തിൽ സൂചിപ്പിക്കുന്നത് ആരെയാണ്?
   - തൊഴിലാളികൾ
   - കർഷകർ
   - ഗായകർ
   - ശില്പികൾ
3. ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
   ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ
   —തന്നിരിക്കുന്ന വരികളിലെ ഭാവം എന്ത്?
   - കോപം
   - അധികാരമോഹം
   - ആത്മവിശ്വാസം
   - ഭയം

**<u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.</u>**

1. ഈശ്വരനല്ല, മാന്ത്രികനല്ല ഞാൻ
   പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ
   —ഈ വരികൾ നൽകുന്ന അർത്ഥസൂചനകൾ എഴുതുക.
2. കോടി കോടി പുരുഷാന്തരങ്ങളിൽ—
   ക്കൂടി നേടിയതാണതിൻ ശക്തികൾ
   വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു
   വെറ്റി നേടിയതാണതിൻ സിദ്ധികൾ
   കവിതയുടെ പാരമ്പര്യത്തെക്കുറിച്ച് ഈ വരികൾ നൽകുന്ന ഏതെങ്കിലും രണ്ട് സൂചനകൾ കുറിക്കുക?
3. ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
   —സാഹിത്യത്തിന്റെ കടമയെക്കുറിച്ച് ഈ വരിയിൽ നിന്നു ലഭിക്കുന്ന സൂചന എന്ത്?

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. കോടി കോടി ശതാബ്ദങ്ങൾ മുമ്പൊരു
   കാടിനുള്ളിൽ വച്ചെൻപ്രപിതാമഹർ
   കണ്ടതാണീക്കുതിരയെക്കാട്ടുപുൽ–
   ത്തണ്ടു നൽകി വളർത്തി മുത്തശ്ശിമാർ

   –കവിതാ സാഹിത്യത്തിന്റെ വളർച്ചയെക്കുറിച്ച് എന്തൊക്കെ സൂചനകളാണ് ഈ വരികൾ നൽകുന്നത്?

2. ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
   മായുകില്ലെന്റെ ചൈതന്യ വീചികൾ
   ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
   പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ
   കവിയുടെ സാമൂഹ്യബോധം ഈ വരികളെ മുൻനിർത്തി വിശകലനം ചെയ്യുക.

3. പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു
   കൊണ്ടുപോയീ സവാരിക്കിറങ്ങുവാൻ
   പിന്നെ രാജകീയോന്മത്ത സേനകൾ
   വന്നു നിന്നു പടപ്പാളയങ്ങളിൽ
   ആഗമതത്ത്വവേദികൾ വന്നുപോൽ
   യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ

   –കവിത്വത്തിന് നേർക്കുണ്ടായിട്ടുള്ള വെല്ലുവിളികളെക്കുറിച്ചുള്ള സൂചനയാണോ ഈ കാവ്യഭാഗം നൽകുന്നത്? വിശദമാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
   ആരൊരാളതിൻ മാർഗ്ഗം മുടക്കുവാൻ
   *  *  *  *  *  *
   ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
   പച്ച മണ്ണിൻ മനുഷ്യത്വമാണു ഞാൻ

   കവിത്വത്തിന്റെയും മാനവികതയുടെയും പക്ഷത്തു നിൽക്കുന്ന കവിയാണ് വയലാർ രാമവർമ്മ. അശ്വമേധം എന്ന കവിതയെ മുൻനിർത്തി ലഘു ഉപന്യാസം തയ്യാറാക്കുക.

## ഉരുളക്കിഴങ്ങ് തിന്നുന്നവർ

വിൻസെന്റ് വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സ് എന്ന ചിത്രത്തിൽ നിന്നും പ്രചോദനമുൾക്കൊണ്ട് സുഭാഷ് ചന്ദ്രൻ രചിച്ച ചെറുകഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. ഖനിതൊഴിലാളികളുടെ ജിവിതദൈന്യമാണ് ഈ കഥയിലെ പ്രധാന പ്രമേയം. ജൂലിയാന, മകൾ അന്ന, വൃദ്ധരായ മാതാപിതാക്കൾ, ജൂലിയാനയുടെ ഭർത്താവ് എന്നിവരടങ്ങിയ കുടുംബം.ജൂലിയാനയുടെ ഭർത്താവ് ഖനിയിൽ ജോലിക്ക് പോകുന്നു അയാൾക്കു വേണ്ടിയുള്ള കാത്തിരിപ്പിൽ നിന്നാണ് കഥ തുടങ്ങുന്നത്. അയാളെ അന്വേഷിച്ച് യാത്ര തിരിക്കുന്ന അച്ഛൻ മിറലിന് അപകടകരമായ ജോലിക്കിടെ മകൻ അപകടത്തിൽപ്പെട്ടതായി മനസ്സിലാവുന്നു. എന്നാൽ അത് ജൂലിയാനയോടും മകളോടും പറയാനാവാതെ അയാൾ ഉരുകുന്നു. ഒടുക്കം വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായി ജൂലിയാന അറിഞ്ഞു. മരണമെന്ന തിരിച്ചറിവിനെ വിറങ്ങലിച്ച നിമിഷങ്ങളിലൂടെയും ഉറഞ്ഞുപോവുന്ന ദു:ഖത്തിലൂടെയും അനുഭവിപ്പിക്കുന്നു ഈ കഥ. ചിത്രകലയുടെ അതിസൂക്ഷ്മ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ട് ഈ കഥ. ഇത് കഥയുടെ ഭാവാഷ്ക്കരണത്തിന് തീവ്രത പകരുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക**

1. ഇല്ല എന്ന വാക്കിന് എല്ലാ വിധത്തിലുള്ള ധ്വനിയും പേറാവുന്ന ഒരുത്തരം അയാളുടെ ഹൃദയത്തെ വേവിക്കാൻ തുടങ്ങി.

   – ഈ വരികളിലെ സൂചന

   ❖ ഇനി മകനെ കാണാൻ കഴിയില്ല

- ❖ മിറൽ മകനെ അന്വേഷിച്ചിട്ടില്ല
- ❖ മിറലിന് മകനെ തിരയാൻ കഴിഞ്ഞിട്ടില്ല
- ❖ മിറലിന് ഖനിയിലേക്ക് പോകാനായിട്ടില്ല

2. ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

   –ഈ വാക്യം വ്യക്തമാക്കുന്ന ജൂലിയാനയുടെ അവസ്ഥ
   - ❖ ദാരിദ്ര്യം
   - ❖ ഏകാന്തത
   - ❖ സമയമില്ലായ്മ
   - ❖ തിരക്കു പിടിച്ച ജീവിതം

3. വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോരപൊടിയുന്നതു കണ്ട ആ നിമിഷം ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു.

   –ഈ വരികളിലെ സൂചന
   - ❖ വൃദ്ധന് അപകടം പറ്റിയതിൽ വിഷമിക്കുന്നു.
   - ❖ തന്റെ കഷ്ടപ്പാടിനെക്കുറിച്ചോർത്ത് സങ്കടപ്പെടുന്നു.
   - ❖ ഭർത്താവിന്റെ മരണം ജൂലിയാന തിരിച്ചറിയുന്നു.
   - ❖ വീട്ടിലെ ഇല്ലായ്മകളെക്കുറിച്ചോർത്ത് ദു:ഖിക്കുന്നു

4. റാന്തൽ നാളം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർത്ഥം
   - ❖ റാന്തലും നാളവും
   - ❖ നാളമുള്ള റാന്തൽ
   - ❖ നാളമാകുന്ന റാന്തൽ
   - ❖ റാന്തലിന്റെ നാളം

5. ........ ആ ചെറിയ വീട്, മൂന്ന് വൃദ്ധാത്മാക്കളും ഒരമ്മയും കുഞ്ഞും ചേർന്നു സൃഷ്ടിച്ച പുകമഞ്ഞു പോലുള്ള ഒരു മൗനത്തിൽ ആമഗ്നമായി.

   –വരികൾ സൂചിപ്പിക്കുന്നത്
   - ❖ ജൂലിയാനയുടെ ഭർത്താവിന്റെ അസാന്നിധ്യം
   - ❖ കുടുംബത്തിന്റെ ദാരിദ്ര്യം
   - ❖ ജൂലിയാനയുടെ കഷ്ടപ്പാട്
   - ❖ കുഞ്ഞിന്റെ നിരാശ

**<u>അർത്ഥവ്യത്യാസം വരാതെ രണ്ട് വാക്യങ്ങളാക്കി മാറ്റി എഴുതുക.</u>**

ഉണക്കമണ്ണിന്റെ നിറവും സ്പർശവും കലർന്ന പരുപരുത്ത കൈവിരലുകളാൽ മിറൽ ജൂലിയാനയുടെ കൈകളിൽ തൊട്ടു.

**<u>രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.</u>**

1. മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞ് പറിഞ്ഞ്.......
   ജൂലിയാനയുടെ ഭർത്താവിനെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ വ്യക്തമാക്കുക.
   - ❖ ജൂലിയാനയുടെ ഭർത്താവ് മരിച്ചു.
   - ❖ ദാരുണമായ അന്ത്യം
2. മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു, ഒരേയൊരു വെളുത്ത പൂവച്ച ഏകാന്തമായ ശവകുടീരമായി വീടിനെ മാറ്റിക്കാണിച്ചു.

   –മിറലിന്റെ മാനസികാവസ്ഥ വെളിപ്പെടുത്താൻ ഈ വാക്യങ്ങൾക്ക് കഴിയുന്നുണ്ടോ?
   - ❖ മകന്റെ മരണം
   - ❖ മകനില്ലാത്ത വീട് ശവകുടീരമായി തോന്നുന്നു.
3. നന്നേ താഴ്ന്ന മേൽക്കൂരയുള്ള വർഷങ്ങളുടെ മാറാലയും അഴുക്കും ദു:ഖവും അടിഞ്ഞ് മ്ലാനമായ ചുമരുകളുള്ള വീട്.....

   –ഈ വരികളിൽ തെളിയുന്ന ജീവിതാവസ്ഥ വിശദീകരിക്കജശ?
   - ❖ ദാരിദ്ര്യാവസ്ഥ

4. ഒരൊറ്റ ദിവസത്തെ യാത്ര കഴിഞ്ഞുള്ള മടക്കമാണെങ്കിലും ഒരു നൂറ്റാണ്ടിനപ്പുറത്ത് നിന്ന് വരുന്നതുപോലെ മിറലിന് വീട് അപരിചിതമായിത്തോന്നി.

–ഈ വാക്യത്തിലൂടെ വ്യക്തമാവുന്ന രണ്ട് സൂചനകൾ കുറിക്കുക.

- മകന്റെ മരണം അറിയുന്നു.
- അനുഭവിക്കുന്ന തീവ്രമായ സംഘർഷം

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റ ബിന്ദു ഒരേയൊരു വെളുത്ത പൂവച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മറ്റിക്കാണിച്ചു.

   വാങ്മയചിത്രം കഥാസന്ദർഭത്തെ എത്രത്തോളം ഭാവ തീവ്രമാക്കുന്നു? വിശദമാക്കുക?

   - സന്ദർഭം
   - മിറലിന്റെ മാനസികാവസ്ഥ

2. മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ് മുഖം പൊട്ടി വികൃതമായി ഒന്നിനേയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞ് പറിഞ്ഞ്.....

   ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന ശീർഷകം കഥയ്ക്ക് എത്രത്തോളം യോജിക്കുന്നുവെന്ന് വ്യക്തമാക്കുക?.

   - തൊഴിലാളികളുടെ ജീവിതദുരിതം
   - കഥയുടെ പ്രമേയം

3. ഘടികാരത്തിൽ നിന്ന് സമയം തുള്ളികളായി താഴേക്കിറ്റുന്ന ശബ്ദം വീണ്ടും ജൂലിയാനയുടെ കാതിൽ മുഴങ്ങാൻ തുടങ്ങി.

   വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിയുന്നതു കണ്ട ആ നിമിഷം, ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞു പോകുന്നതായി ജൂലിയാന അറിഞ്ഞു.

   ജീവിതദുരന്തവും ഒറ്റപ്പെടലും തീവ്രമായി അനുഭവിക്കുന്ന കഥാപാത്രമാണ് ജൂലിയാന. ഇതരപാഠസന്ദർഭങ്ങൾ കൂടി പരിഗണിച്ച് ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

   - പ്രമേയം
   - ജൂലിയാന അനുഭവിക്കുന്ന ഒറ്റപ്പെടൽ
   - ജീവിത ദൈന്യം

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.
   അപ്പോൾ കുരിശിൽ നിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.
   ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു.

   –ഇത്തരം പ്രയോഗങ്ങൾ കഥയെ ഭാവ തീവ്രമാക്കുന്നു. കഥ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## മൈക്കലാഞ്ചലോ മാപ്പ് (കവിത)

*ഒ.എൻ.വി. കുറുപ്പ്*

ലോകപ്രശസ്തനായ ഇറ്റാലിയൻ ചിത്രകാരനും ശില്പിയുമായ മൈക്കലാഞ്ചലോയുടെ 'പിയത്ത' എന്ന ശില്പത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് ഒ.എൻ.വി. കുറുപ്പ് രചിച്ച കവിതയാണ് മൈക്കലാഞ്ചലോ മാപ്പ്. ലോകത്തിലെ തന്നെ ശ്രദ്ധേയമായ കലാസൃഷ്ടികളിലൊന്നായ ലാ പിയത്ത എന്ന ശില്പത്തിന് നേർക്ക് മയക്കുമരുന്നിന് അടിമയായ ലാസ്ലോ ടോത്ത് എന്ന യുവാവ് 1972 മെയ് 21 ന് ചുറ്റുകകൊണ്ട് നടത്തിയ ആക്രമണത്തെ കുറിച്ചുള്ള പത്ര വാർത്ത കണ്ടതിന്റെ പ്രതികരണമായാണ് മൈക്കലാഞ്ചലോ മാപ്പ് എന്ന കവിത രൂപം കൊണ്ടത്. ഒരിക്കൽ തനിക്ക് അനുഭൂതി പകർന്ന ആ ശില്പത്തിന് തകർച്ച സംഭവിച്ചതറിഞ്ഞ കവി മനസ്സ് നൊമ്പരപ്പെടുന്നു. ആ നൊമ്പരം കവിതയായി പരിണമിക്കുന്നു.കുരിശിൽ നിന്ന് ഇറക്കിയ

യേശുവിന്റെ ശരീരം വത്സല്യപൂർവ്വം മടിയിൽ കിടത്തി അതിലേക്ക് നോക്കുന്ന അമ്മ മറിയത്തിന്റെ ഭാവം ആവിഷ്ക്കരിച്ചു കൊണ്ടാണ് കവിത ആരംഭിക്കുന്നത്.
ഒടുവിൽ എന്ന പ്രയോഗത്തോടെ നാടകീയമായി തുടങ്ങുന്ന കവിത ക്രിസ്തുവിന് ഏറ്റുവാങ്ങേണ്ടിവന്ന പീഡാനുഭവവും കുരിശുമരണവും ധ്വനിപ്പിച്ചു അമ്മയുടെ തീവ്ര ദു:ഖം അനുഭവിപ്പിച്ച് മുന്നേറുന്നു. വെണ്ണക്കൽ ശിലയിൽ നിന്ന് ഇന്ന് പിയഞ്ഞ എന്ന ശില്പത്തിന് ജന്മം നൽകുന്ന ശില്പി പിന്നിട്ട രാപ്പകലുകളും ഒഴുക്കിയ വിയർപ്പും അനുഭവിച്ച വേവും വ്യഥകളും കവിക്ക് കാണാനാകുന്നുണ്ട്. അവിടെ കവി മൈക്കലാഞ്ചലോവിനോട് നന്ദി പറയുന്നു. ഒരു ഭാവഗാനം പോലെ ശിലയിൽ നിന്ന് ശിൽപം ഉണവരേ സൃഷ്ടികർമ്മത്തിന്റെ ഓർമ്മയിൽ ലയിച്ച് ശിൽപിക്കൊപ്പം ചേരുന്ന കവിയെയും കവിതയിൽ കാണാം. അതിനു ഭംഗംവരുത്തും വിധം ശില്പത്തെ തകർക്കാനൊരുമ്പെട്ട ചുറ്റിക പതിക്കുന്ന ശബ്ദം കേൾക്കുന്നു. പുതിയ കാലത്തെ നിലതെറ്റിയ പ്രതികരണങ്ങളുടെ പ്രതീകംപോലെ കടന്നുവരുന്ന ചെറുപ്പക്കാരനാൽ ശിൽപം തകർക്കപ്പെടുന്നിടത്ത് കവി അസ്വസ്ഥനാകുന്നു. ശില്പത്തെ ആക്രമിച്ചു തകർത്ത യുവാവിനോട് കവി രൂക്ഷമായ ഭാഷയിലാണ് പ്രതികരിക്കുന്നത്. ഒടുവിൽ, കവി, താൻ ജീവിക്കുന്ന കാലത്തിന്റെ പ്രതിനിധിയായ ചെറുപ്പക്കാരൻ ചെയ്ത തെറ്റിന് മൈക്കലാഞ്ചലോവിനോട് മാപ്പ് പറയുന്നിടത്താണ് കവിത അവസാനിക്കുന്നത്.

**<u>ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.</u>**

1. • അവന്നു ചുറ്റും ബിബ–
   ഭഞ്ജകപരിവഷ–
   മണിയിക്കുവാനേതോ
   ക്യാമറ കൺചിമ്മുന്നു!....

   –ഈ വരികൾക്ക് യോജിക്കുന്ന ഏറ്റവും ശരിയായ പ്രസ്താവനയേത്?
   - മാധ്യമ വിമർശനമാണ്
   - ശാസ്ത്ര വിമർശനമാണ്
   - സാഹിത്യ വിമർശനമാണ്
   - രാഷ്ട്രീയ വിമർശനമാണ്

2. • '..... നിന്റെ
   കണ്ണീരുമുറഞ്ഞുയിരാർന്നൊരീ പിയത്തെയെ
   എന്നുള്ളിലെടുത്തതിഭദ്രമായിരുത്തി ഞാൻ'

   –ഈ വരികളിൽ തെളിയുന്ന കവിയുടെ മനോവികാരമെന്ത്?
   - ശില്പത്തകർച്ചയിൽ സങ്കടം
   - വിപണനമൂല്യ ചിന്ത
   - അനശ്വര കലാസൃഷ്ടിയോടുള്ള ആദരവ്
   - സാങ്കേതികത്തികവിലുള്ള വിസ്മയം

3. • 'ഇന്നലെ വെറും ജഡ
   ശിലയായിരുന്നതിൽ
   നിന്നു നീ കരുണതൻ
   ഭാവഗാനത്തെ തൊട്ടു–'

   – ഇവിടെ കരുണതൻ ഭാവഗാനം എന്നു വിശേഷിപ്പിക്കുന്നത്?
   - കവിയെ
   - ശില്പത്തെ
   - ശില്പിയെ
   - അമ്മയെ

4. • '......ഭൂമിക്കൊപ്പം
   <u>അഴലിൻ ചുമടുമാ–</u>
   യിരിക്കുമൊരമ്മയെ

   – അടിവരയിട്ട പ്രയോഗം കൊണ്ട് സൂചിപ്പിക്കുന്നതെന്ത്?

- ശില്പിയുടെ അമർഷത്തെ
- കവിയുടെ നിരാശയെ
- ശില്പത്തിന്റെ സൗന്ദര്യത്തെ
- അമ്മയുടെ വേദനയെ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1. • '–ഉറ്റുനോക്കി ഞാൻ നിൽക്കെ
 പിന്നെയും 'പിയത്തെ'യെ–
 യുജ്ജ്വല മുഹൂർത്തങ്ങ
 ളെന്നുള്ളിലുദിക്കുന്നു:
 മൈക്കലാഞ്ജലോ എന്ന കവിതയുമായി ബന്ധപ്പെട്ട ഏതെല്ലാം ഉജ്ജ്വല മുഹൂർത്തങ്ങളാണ് ഒ.എൻ.വിയുടെ മനസ്സിൽ തെളിയുന്നത്.
2. • മൈക്കലാഞ്ജലോ മാപ്പ് എന്ന ശീർഷകം കവിതയ്ക്ക് എത്രത്തോളം ഇണങ്ങുന്നുണ്ട്? പരിശോധിക്കുക.
3. • .... 'കരയുവാൻകണ്ണുനീരില്ലാ, തുരിയാ
 യാടുവാൻ വാക്കില്ലാതെ,
 കത്താതെ, യുരുക്കാതെ
 വിങ്ങുമുൾത്താപംപോലെ
 –ഈ കാവ്യഭാഗത്തു നിന്നും സൂചിതമാവുന്നതെന്തെല്ലാം?
4. • '....നിഷാദ, നീ
 നിറുത്തൂ!''.....കണ്ണില്ലെനി–
 ക്കില്ലകൈ, ഞാനില്ലാതായ്!''
 –കവിയുടെ ഈ പ്രതികരണത്തിൽ നിന്നു ലഭിക്കുന്ന രണ്ടു സൂചനകൾ കുറിക്കുക.

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. 'ഒടുവിൽ കുരിശിൽ നി–
 ന്നിറക്കീ ജഡം! താഴെ
 യൊരു ദു:ഖത്തിൻ സൂര്യ–
 ശിലയായ്ത്തീർന്നോരമ്മ'
 –അടിവരയിട്ട പ്രയോഗം കാവ്യസന്ദർഭത്തിനു നൽകുന്ന അർത്ഥവ്യാപ്തിയെന്ത്? കുറിപ്പു തയ്യാറാക്കുക.
2. 'ദൃക്സാക്ഷിയാകുന്നു ഞാ–
 നരിമത്യായിൽ നിന്നു–
 മെത്തുമൗസേപ്പിനെപ്പം,
 ഗലീലീസ്ത്രീകൾക്കൊപ്പം,
 –ഇവിടെ ദൃക്സാക്ഷിയാകുന്നു ഞാൻ എന്ന കവി വാക്യത്തിൽ നിന്നു സൂചിതമാകുന്നത് എന്തെല്ലാം?

**അരപ്പുറത്തിൽ കവിയാതെ ഉത്തരം എഴുതുക.**

1. • ''തന്നിൽ നിന്നടർന്നൊരു
 മുത്തിനെ, യാരോ കുത്തി
 നെഞ്ചകം പിളർന്നൊരു
 മുത്തിനെ വീണ്ടും തന്റെ–
 യങ്കത്തിലെതിരേൽക്കും

പാഴ്ച്ചിപ്പിയുടെ മൂക–
സങ്കടം പോലെയമ്മ–
യിരിപ്പൂ,....."

–ഈ വരികളിലെ സാദൃശ്യകല്പനയുടെ ഔചിത്യം പരിശോധിക്കുക.

2. • 'ചുറ്റികയൊരു കരി
വണ്ടുപോൽ ചുറ്റിപ്പറ–
ന്നുളി തൻ നിറുകയിൽ
ചുംബിക്കും ഹർഹോന്മദ–
സീൽക്കാരം കേൾക്കുന്നു ഞാൻ

–വരികളിലെ സാമ്യകല്പനയുടെ സൗന്ദര്യം വ്യക്തമാക്കി കുറിപ്പു തയ്യാറാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. "നീ കരുണതൻ
ഭാവഗാനത്തെ, തൊട്ടു–
തൊട്ടുണർത്തവേ, നിന്നോ–
ടൊത്തുണർന്നു ഞാൻ, നിന്നോ–
ടൊത്തുറങ്ങി ഞാൻ, നിന്നോ–
ടൊത്തനശ്വരനായ് ഞാൻ."

'ഇവിടെ കലാസപര്യയിലൂടെ ശില്പിയും കവിയും ഒന്നാവുകയാണ്'.

–പ്രസ്താവന വിലയിരുത്തി ലഘു കുറിപ്പ് തയ്യാറാക്കുക.

*****

# അടിസ്ഥാന പാഠാവലി

## ജീവിതം പടർത്തുന്ന വേരുകൾ

കുട്ടി അമ്മയോട് ചോദിച്ചു; "ഈ വൃക്ഷങ്ങളൊക്കെ വീഴാതെ നിൽക്കുന്നല്ലോ...."

"അവയ്ക്കു ഭൂമിയിൽ വേരുണ്ട്, അത് കൊണ്ട് ഉറച്ചു നിൽക്കുന്നു" അമ്മ പറഞ്ഞു;

"അപ്പോൾ നമ്മുടെ വേരുകളോ"?

"അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ"

**വേരുകൾ (ഡി. വിനയചന്ദ്രൻ)**

1. ഇവിടെ വേരുകൾ എന്ന് വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?
2. "അപ്പോൾ നമ്മുടെ വേരുകളോ"?

   "അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ"

   - വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?.

| | |
|---|---|
| മനുഷ്യബന്ധങ്ങൾ | കരുതൽ |
| സ്നേഹം | ഉത്തരവാദിത്തം |
| സഹവർത്തിത്വം | അമ്മയായ ഭൂമി |

## പാഠം 1 പ്ലാവിലക്കഞ്ഞി (തകഴി ശിവശങ്കരപ്പിള്ള)

ശ്രീ തകഴി ശിവശങ്കരപ്പിള്ളയുടെ രണ്ടിടങ്ങഴി എന്ന നോവലിലെ പതിനേഴാം അധ്യായമാണ് പ്ലാവിലക്കഞ്ഞി എന്ന പാഠഭാഗം. കുട്ടനാടൻ കർഷകരുടെ ദുരിതപൂർണമായ ജീവിതാവിഷ്കാരമാണ് പാഠഭാഗം. അന്നന്നത്തെ ഭക്ഷണത്തിന്പോലും നെല്ല് ലഭിക്കാത്തത് കാരണം കൊടിയ പട്ടിണി അനുഭവിക്കേണ്ടിവന്ന കോരന്റെയും ഭാര്യയായ ചിരുതയുടെയും ജീവിതാവസ്ഥയാണ് പാഠഭാഗത്ത് തകഴി അവതരിപ്പിക്കുന്നത്. വർഷങ്ങൾക്ക്ശേഷം അല്പമൊരാശ്വാസത്തിന് വേണ്ടി മകനെത്തേടിയെത്തിയ അച്ഛനോട് കോരനും ചിരുതയും കാണിക്കുന്ന കരുതലും ഉത്തരവാദിത്തവും അവരെ മനുഷ്യനൻമയിലേക്കുയർത്തുന്നു. സ്നേഹവും ത്യാഗവും കൊണ്ട് കൊച്ചുകുടിലിനെ അവർ പ്രകാശപൂരിതമാക്കുന്നു.

***ഏറ്റവും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക***

1. "തമ്പ്രാ ഏനു നെല്ല്കൂലി മതി, ചക്രം മേണ്ട"-
   ആരുടെ വാക്കുകളാണിവ?
   (ചിരുത, കോരൻ, ഔസേപ്പ്)
2. "നെല്ലില്ല, പിശാശുക്കള്"
   - പുഷ്പവേലിൽ ഔസേപ്പിന്റെ ഈ വാക്കുകളിൽ തെളിയുന്ന ഭാവമെന്ത്?
   (പരിഹാസം, സന്തോഷം, നിഷേധം)
3. "രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു".
   - ഇവിടെ 'വൻവ്യാപാരങ്ങൾ' എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.
   - കൂടിയ വിലയ്ക്ക് നെല്ല് മറിച്ച് വിൽക്കൽ
   - പലിശയ്ക്ക് പണം കടം കൊടുക്കൽ
   - കർഷകർക്ക് നെല്ല് വിതരണം ചെയ്യൽ
4. പിറ്റേന്ന് കാലത്ത് ആ നാഴി അരികഞ്ഞിവെള്ളവും നാല് കഷണം കപ്പയും ഒരു വഴക്കിന് കാരണമായി. - വഴക്കിന് കാരണമായ സന്ദർഭം ഏത്?
   - കോരനും ചിരുതയും വയറ് നിറച്ച് ഭക്ഷണം കഴിച്ചത്.
   - ചിരുത ഒട്ടും ഭക്ഷണം കഴിക്കാത്തതിനാൽ.
   - മുഴുവൻ ഭക്ഷണവും കോരൻ കഴിച്ചത് കൊണ്ട്.
5. "അരിയിട്ട് തിളപ്പിച്ച വെള്ളം കുടിച്ചിട്ട് ദെവസം പത്തായി. കപ്പ തന്നെ കപ്പ! അതാ ഈ വെളർച്ച"
   വരികളിൽ തെളിയുന്ന അക്കാലത്തെ സാമൂഹികാവസ്ഥ?
   (ദാരിദ്ര്യം, തൊഴിലില്ലായ്മ, ബാലവേല)
6. "അപരാധബോധം കോരന്റെ ഹൃദയത്തെ നോവിച്ചു".
   കോരന് അപരാധബോധം ഉണ്ടാക്കാനിടയായ കാരണം എന്ത്?
   - അച്ഛനെ തകഴിയിൽ തനിച്ചിട്ടു കോരൻ സ്വന്തം സുഖം തേടി ഭാര്യയോടൊത്ത് മറുനാട്ടിൽ വന്നത്.

- തന്റെ ഭാര്യയായ ചിരുതയ്ക്ക് ഒരു നേരത്തെ അത്താഴംകൊടുക്കാൻ കഴിയാത്ത തിനാൽ.
- നെല്ലിന് പകരം കാശ് കൂലിയായി കിട്ടിയതിനാൽ

7. "ജീവിതത്തിന് എന്തെന്ത് സംഭാവനകൾ ചെയ്ത ഒരു ജീവിതത്തിന്റെ അവസാന അധ്യായങ്ങളാണ് ഒരു കുറുകുറുപ്പോടെ അവിടെ വലിച്ച് കഴിയുന്നത്".

   - ആരെക്കുറിച്ചുള്ള പരാമർശമാണിത്?

കോരൻ, ഔസേപ്പ്, കോരന്റെ അച്ഛൻ

8. "ആ ദിവസം കോരന്റെ ജീവിതത്തിലെ ഒരുസ്മരണീയ ദിവസമായിരുന്നു". ആ ദിവസം സ്മരണീയമായിത്തീരാനിടയായ സാഹചര്യം എന്ത്?
   - ഉഴക്കരിയുടെ കഞ്ഞി വെച്ചത്.
   - കോരന്റെ ഒരു ദിവസത്തെ കൂലിയിലെ കടം അവൻ വീട്ടിക്കഴിഞ്ഞത്.
   - അച്ഛൻ കോരനെത്തേടി വന്നത്

9. ***മാതൃകപോലെ പദം പിരിക്കുക.***

| | |
|---|---|
| പ്ലാവിലക്കഞ്ഞി - പ്ലാവില + കഞ്ഞി | |
| ഇക്കൊല്ലം | സുഖമില്ലെന്ന് |
| ഒരേക്കർ | പുഞ്ചപ്പാടം |
| പിണങ്ങിയിരിക്കുക | പുരയിടം |

10. വിഗ്രഹാർത്ഥം കണ്ടെത്തി എഴുതുക?

| | | |
|---|---|---|
| **നെല്ലുവില** | **-** | **നെല്ലിന്റെ വില** |
| എരിതീ | - | |
| ബലിഷ്ഠശരീരം | - | |
| പ്ലാവില | - | |

11. ***രണ്ട് വാക്യങ്ങളാക്കി മാറ്റിയെഴുതുക?***
    കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻവ്യാപാരങ്ങൾ കോരൻ കണ്ടു.
12. ***ഒറ്റവാക്യമാക്കി മാറ്റുക.***
    രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്? നെല്ല് കൂലികിട്ടിയില്ലെ ങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു.

***രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതിക***

1. 'തമ്പ്രാ, ഏനു നെല്ലുമതി, ചക്രം മേണ്ട'- കോരനെക്കൊണ്ട് ഇങ്ങനെ പറയിപ്പിച്ചതിന് പിന്നിലുള്ള കാരണങ്ങൾ എന്താവാം?
   വീട്ടിൽ അത്താഴത്തിന് അരിയില്ല.
   കിട്ടിയ കൂലിയേക്കാൾ കൂടുതലാണ് ഇടങ്ങഴി അരിയുടെ വില
2. 'നെല്ലില്ല, പിശാശുക്കള്! നെല്ല് കൊണ്ട് ചെന്ന് വല്ല പീടികയിലുംപെട്ട വിലയ്ക്ക് വിൽക്കാനാണ്"
   കർഷകരോടുള്ള ഇത്തരം സംസാരത്തിൽ നിന്നും തെളിയുന്ന ജൻമിമാരുടെ രണ്ട് സവിശേഷതകൾ എഴുതുക?
   - കർഷകരുടെ ആവശ്യങ്ങൾക്ക് വില കല്പിക്കുന്നില്ല.
   - സ്നേഹം, കാരുണ്യം തുടങ്ങിയ ഗുണങ്ങൾ തൊട്ട് തീണ്ടാത്ത പ്രകൃതം.
3. അത് <u>കണ്ണ് തണുപ്പിക്കുന്ന ഒരുകാഴ്ച</u> തന്നെയായിരുന്നു.
   'കണ്ണ് തണുപ്പിക്കുന്ന കാഴ്ച' എന്ന പ്രയോഗത്തിന്റെ സവിശേഷത വ്യക്തമാക്കുക?
   - ജീവിത പ്രാരബ്ധങ്ങൾ കാരണം ചുട്ട് നീറുന്ന മനസ്സുമായി നടക്കുന്ന കോരൻ.
   - കോരനെ കൈവെടിഞ്ഞ അച്ഛൻ കോരനെ തേടിവന്നതും ചിരുത അച്ഛനെ പരിചരി ക്കുന്നതുമായ കാഴ്ച.
   - അച്ഛന്റെ മോളെ എന്ന വിളി.
4. "അവസാനത്തെ നാളുകൾ പോക്കുവാൻ തപ്പിത്തടഞ്ഞ് എത്തിയിരിക്കുകയാണ്. അരി യിട്ട് തിളപ്പിച്ച കഞ്ഞി കുടിക്കണം. അവസാനത്തെ ആഗ്രഹം". (പ്ലാവിലക്കഞ്ഞി)
   - ഇത് കോരന്റെ അച്ഛന്റെ മാത്രം അവസാനത്തെ ആഗ്രഹമാണോ? വിലയിരുത്തുക.
   - അക്കാലത്തെ മുഴുവൻ കർഷകരുടെയും ജീവിത ദുരിതം.
   - ദാരിദ്ര്യം, പട്ടിണി, രോഗം

- നെല്ല് പൂഴ്ത്തിവെക്കൽ, കർഷകരോടുള്ള അവഗണന.

5. "ചിരുത കൃതകൃത്യയായി"- കഥാ സന്ദർഭം വ്യക്തമാക്കുക?
   - രോഗിയായ അച്ഛൻ കോരനെത്തേടി വരുന്നു.
   - താൻ നെയ്ത് വെച്ച മൊറം വിറ്റ് കിട്ടിയ കാശ് കൊണ്ട് വാങ്ങിയ അരികൊണ്ട് ചിരുത അച്ഛനുള്ള കഞ്ഞിവെച്ചത്.
   - അച്ഛന്റെ വിശപ്പ് മാറുവോളം അച്ഛനെ പരിചരിക്കാൻ കഴിഞ്ഞു.
6. "നെല്ല് കൂലികിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്? കോരൻ ചിന്തിച്ചു. അവന്റെ കൂട്ടുകാരെ എല്ലാം അവനറിയാം. അവർ ജോലിക്ക് പോകും. അവൻ ഒറ്റപ്പെടും".
   കർഷകത്തൊഴിലാളികളുടെ ഏതൊക്കെ സാമൂഹ്യപ്രശ്നങ്ങളാണ് ഈ വരികളിലൂടെ തകഴി അവതരിപ്പിക്കുന്നത്?
   - നിസ്സഹായത
   - അസംഘടിത സ്വഭാവം
   - അനീതിക്കെതിരെ കടുത്ത പ്രതിഷേധമുണ്ടെങ്കിലും തൊഴിൽ നഷ്ടപ്പെടുമെന്ന പേടി

***അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക***

1. "ഒരു ചട്ടിയുടെ ഇരുവശവുമായി ഭാര്യയും ഭർത്താവും ഇരുന്നു.
   അടുപ്പിലെ എരിതീയുടെ വെളിച്ചത്തിൽ അവർ കഞ്ഞികുടിച്ചു തുടങ്ങി".
   ഇല്ലായ്മകൾക്കിടയിലും ദാമ്പത്യജീവിതത്തെ പ്രകാശപൂരിതമാക്കുന്നത് ഇത്തരം സ്നേഹബന്ധങ്ങളാണ്. വിലയിരുത്തുക?
   - കോരന്റെയും ചിരുതയുടെയും വീട്ടിലെ ദാരിദ്ര്യം
   - ആറണകൊടുത്ത് വാങ്ങിയ നാഴി അരിയും നാല് ചക്രത്തിന് കിട്ടിയ കപ്പയും കൊണ്ട് അത്താഴം വെച്ചു.
   - ഒരു കഷണം കപ്പയും ഒരു പ്ലാവിലക്കഞ്ഞിയും.
   - ചിരുതയെ കുടിപ്പിക്കാൻ കോരൻ വാശിപിടിക്കുന്നു.
   - ചിരുതയും വാശിപിടിക്കുന്നു. അവളുടെ പ്രേരണയ്ക്ക് കോരൻ വശപ്പെടുന്നു.
   - ത്യാഗവും സ്നേഹവും നിറഞ്ഞ് നിൽക്കുന്ന അന്തരീക്ഷം
2. "അപരാധ ബോധം കോരന്റെ ഹൃദയത്തെ നോവിച്ചു."
   കോരന്റെ അപരാധബോധത്തിന്റെ കാരണങ്ങൾ കണ്ടെത്തി എഴുതുക?
   - പിണക്കങ്ങളെല്ലാം മറന്ന് അച്ഛൻ കോരനെ തേടി വന്ന സന്ദർഭം.
   - അച്ഛനെ തകഴിയിൽ തനിച്ചിട്ട് സ്വന്തം സുഖം തേടി ചിരുതയുമായി മറുനാട്ടിൽ വന്നത്.
   - തന്നെ വളർത്തി വലുതാക്കാൻ അച്ഛൻ കാണിച്ച ശ്രദ്ധയും കഷ്ടപ്പാടും ഓർക്കുമ്പോഴുള്ള കുറ്റബോധം.
   - തന്റെ കൂടെ താമസിച്ചിരുന്നെങ്കിൽ അച്ഛൻ ഇങ്ങനെ ആയിപ്പോകുമായിരുന്നില്ലെന്ന തിരിച്ചറിവ്.
3. "പ്ലാവിലക്കഞ്ഞി" എന്ന പാഠഭാഗത്തിലെ 'കോരൻ' എന്ന കഥാപാത്രത്തിന്റെ ജീവിത സാഹചര്യങ്ങൾ ആസ്പദമാക്കി അക്കാലത്തെ കർഷകത്തൊഴിലാളികൾ നേരിട്ട സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.?
   - കടുത്ത ദാരിദ്ര്യം, പട്ടിണി
   - പൂഴ്ത്തിവെപ്പ്, കരിഞ്ചന്ത
   - അവഗണന, ചൂഷണം
   - നിസ്സഹായത, അസംഘടിത സ്വഭാവം
4. "ഔസേപ്പ് നെല്ല് കൂലികൊടുക്കാത്തതെന്തുകൊണ്ടെന്ന് കോരന് മനസ്സിലായി ......"
   "ഇങ്ങനെ നെല്ല് വില നിന്നാൽ പുഷ്പവേലിൽ നിന്ന് നെല്ല് കൂലി കിട്ടുകയില്ല; തീർച്ച."
   കർഷകത്തൊഴിലാളികളെ മനുഷ്യരായംഗീകരിക്കാൻപോലും കൂട്ടാക്കാത്ത ജൻമിത്ത വ്യവസ്ഥയുടെ പ്രതിനിധിയാണോ പുഷ്പവേലിൽ ഔസേപ്പ് എന്ന കഥാപാത്രം? സ്വാഭിപ്രായം കുറിക്കുക?
   - കർഷകത്തൊഴിലാളികളെ പിശാചുക്കളായി കരുതുന്നു.
   - അവരുടെ ആവശ്യങ്ങൾ അംഗീകരിക്കാതെ ആട്ടിയോടിക്കുന്നു.
   - കടുത്ത ചൂഷണം, നെല്ല് കരിഞ്ചന്തയിൽ വില്പന

5. “അവളു മറ്റൊള്ളോരെ തീറ്റുകാ - എന്നിട്ട് അവള് ഒണങ്ങുകേം ...... ഏനു ചിത്തപ്പേ രുണ്ടാക്കരുതെന്ന് എന്നും പറയും.”

‘സ്നേഹാധിക്യത്താൽ കോരന് ചീത്തപ്പേരുണ്ടാക്കുന്ന’ചിരുത ഉത്തമയായ കുടുംബ നായികയാണ് വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- കോരന്റെ ഭാര്യ
- ഉത്തമയായ കുടുംബിനി
- ദാരിദ്ര്യത്തിലും സ്നേഹം പങ്ക് വെക്കുന്നു.
- ഇല്ലായ്മകളെ അതി ജീവിക്കുന്നു.

***ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക***

6. കുട്ടനാട്ടിലെകർഷകത്തൊഴിലാളികളുടെ സംസാരഭാഷയാണ് ‘രണ്ടിടങ്ങഴി’ എന്ന നോവലിന്റെ കരുത്ത്. –‘പ്ലാവിലക്കഞ്ഞി’ എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിലയി രുത്തുക?
7. “ഊഷ്മളമായ സ്നേഹബന്ധങ്ങളാണ് ജീവിതത്തിന് കരുത്തും കാന്തിയും പകരുന്ന ത്”. ‘പ്ലാവിലക്കഞ്ഞി’ എന്ന പാഠഭാഗം ആസ്പദമാക്കി മേൽപ്പറഞ്ഞ പ്രസ്താവന വില യിരുത്തുക.
8. “അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്!
9. ഒരു തരത്തിലും ആ തെറ്റ് ന്യായീകരിക്കാവുന്നതല്ല”.
മാതാപിതാക്കളെ പുറന്തള്ളുന്ന മക്കളുടെ എണ്ണം വർധിച്ച് വരുന്ന ഇന്നത്തെ കാലത്ത് കോരന്റെ കുറ്റബോധം ആശ്വാസം നൽകുന്നതാണോ? “പുറന്തള്ളപ്പെടുന്ന വാർദ്ധ ക്യം” എന്നവിഷയത്തിൽ ഒരു എഡിറ്റോറിയൽ കുറിപ്പ് തയ്യാറാക്കുക.

## ഓരോ വിളിയും കാത്ത് ( യു.കെ. കുമാരൻ)

കുടുംബാംഗങ്ങൾ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ തീവ്രത വ്യക്തമാക്കുന്ന കഥയാണ് യു. കെ. കുമാരന്റെ ‘ഓരോ വിളിയും കാത്ത്’ എന്നത്. അച്ഛന്റെ മരണത്തോടെ വീട്ടിൽ തനിച്ചായ അമ്മയുടെ മാനസിക സംഘർഷങ്ങളുടെ സൂക്ഷ്മമായ അവതരണത്തിലൂടെ കഥ അനുഭവ തീവ്രമായി മാറുന്നു. വീട്ടിൽ തനിച്ചായ അമ്മയെ നഗരത്തിലുള്ള തന്റെ ജോലിസ്ഥലത്തേക്ക് കൂട്ടിക്കൊണ്ട് പോകാൻ മകൻ ശ്രമിക്കുന്നു. അച്ഛന്റെ ഓർമകൾ നിറഞ്ഞ് നിൽക്കുന്ന വീട് വിട്ട് പോകാൻ അമ്മ വിസമ്മതം പ്രകടപ്പിക്കുന്നു. കിടപ്പിലായിരുന്നപ്പോൾ പോലും വീട്ട് കാര്യ ങ്ങൾ ശ്രദ്ധിച്ചിരുന്ന അച്ഛനും അച്ഛന്റെ ഓരോവിളിക്ക് പിന്നാലെയും ഓടി നടന്ന അമ്മയും കുടുംബബന്ധത്തിന്റെ ഇഴയടുപ്പം വർദ്ധിപ്പിക്കുന്നു.

**<u>ഏറ്റവും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.</u>**

1. ദു:ഖം പുറത്ത് പ്രകടിപ്പിച്ചിരുന്നില്ലെങ്കിലും അമ്മയുടെ മനസ്സ് കനത്തുകിടക്കുകയാണെന്ന് മകനുതോന്നി.
‘കനത്തു കിടക്കുക’ എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നതെന്ത്?.
(കരഞ്ഞ് കൊണ്ടിരിക്കുക, സങ്കടംമനസ്സിലടക്കി വെക്കുക, സന്തോഷവതിയായിരിക്കുക)
2. “ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ <u>ശബ്ദങ്ങളുടെ കരിയിലകൾ</u> അപ്പാടെ പാറിപ്പോയിരിക്കുന്നു”.
അടിവരയിട്ട പദങ്ങൾകൊണ്ട് സൂചിപ്പിക്കുന്നതെന്ത്?
(അമ്മയുടെ മൗനം, അച്ഛന്റെ ശബ്ദസാന്നിദ്ധ്യം, മൗനത്തിലാണ്ട വീട്)
3. “ഓർക്ക് ഇതെല്ലാംകാണാൻ ഏടേംപോണോന്നില്ല.
ആട കെടന്നാലറിയാം കാറ്റ് എങ്ങോട്ടാ അടിക്കുന്നതെന്ന്.”- ആരുടെ വാക്കുകളാണിത്?
(അമ്മയുടെ, അച്ഛന്റെ, കണാരന്റെ)
4. “ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ ഇടവേളയാറാകി ല്ല”. എന്ന് മകൻ ചിന്തിക്കാൻ കാരണമെന്താവാം?

- അച്ഛന്റെ ഓരോ വിളിക്കും അമ്മ കാതോർക്കുന്നു.
- വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതിവീഴുന്നു.
- മകന്റെ കൂടെ അമ്മ നഗരത്തിലേക്ക് പോകുന്നു.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1. "മനസ്സിന്റെ ക്ലാവ് പിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നു". 'ക്ലാവ് പിടിച്ച കണ്ണാടി' എന്ന പ്രയോഗത്തിന്റെ ഔചിത്യം വ്യക്തമാക്കുക?
   - വാർദ്ധക്യം വരുത്തിവെക്കുന്ന രോഗവും ശാരീരിക അവശതയും അവശതയും
   - നിറം മങ്ങിയ ഓർമ്മകൾ
2. "കിടപ്പിലായിരുന്നപ്പോൾപോലും വീടിന്റെ ഓരോകാര്യത്തിലും അച്ഛൻ ഏറെ ശ്രദ്ധിച്ചിരുന്നു". - കഥയിൽ നിന്ന് ഏതെങ്കിലും രണ്ട് അനുഭവങ്ങൾ കുറിക്കുക?
   - കന്നിപ്പാടാത്തെ വെയിലിന്റെ വേലിയേറ്റം.
   - കമുകിൻ തോട്ടങ്ങളിലൂടെ രാത്രികാലത്ത് പറന്ന് പോകുന്ന വാവലുകളുടെചിറകടിയൊച്ച.
3. "തേഞ്ഞ് തീർന്ന കാൽമുട്ടുകളിലെ വേദനയും താങ്ങി മുറിയിലൂടെ അച്ചാലും മുച്ചാലും നടക്കേണ്ടതില്ലല്ലോ എന്ന ഖിന്നതയും അമ്മയിലുണ്ട്".
   - അമ്മയുടെ ദു:ഖം കഥാസന്ദർഭത്തിന് നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക?
   - അച്ചാലും മുച്ചാലും- അങ്ങോട്ടുമിങ്ങോട്ടും നടക്കുന്ന അമ്മയുടെ കരുതൽ.
   - അച്ഛന്റെ മരണം സൃഷ്ടിച്ച നിരാശാബോധം.
   - മൗനത്തിലേക്കിറങ്ങിപ്പോകുന്ന അമ്മ.
4. "ഇല്ലച്ഛമ്മേ , ഒന്നും കേക്കില്ല, ടീവിന്റെ ഒച്ചമാത്രമേ കേൾക്കാൻ പറ്റൂ".
   - നഗരത്തിന്റെ ഏതൊക്കെ സവിശേഷതകളാണ് കഥാകാരൻ ഇവിടെ സൂചിപ്പിക്കുന്നത്?
   - പക്ഷികളുടെ മാധുര്യമാർന്ന പാട്ടുകൾക്ക് പകരം യന്ത്രങ്ങളുടെ മടുപ്പിക്കുന്ന ശബ്ദം.
   - രാത്രിയുടെ സൗന്ദര്യം നഗരത്തിലില്ല.
   - മനം മടുപ്പിക്കുന്ന കാഴ്ചകൾ മാത്രം.
5. "മുപ്പരെങ്ങോട്ട് <u>പോയി</u>"?
   "മൂപ്പര് <u>പോയി</u>"
   അടിവരയിട്ട പദങ്ങൾ സന്ദർഭത്തിന് വരുത്തുന്ന അർത്ഥ വ്യത്യാസം കണ്ടെത്തുക?
   - എവിടെയാണ് പോയതെന്നുള്ള അന്വേഷണം.
   - മരണപ്പെട്ടു എന്ന അർത്ഥം

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. "ബാഹ്യ സൗന്ദര്യമല്ല ഒരു വീടിനെ വീടാക്കിമാറ്റുന്നത്.
   പരസ്പരം വിശ്വാസവും കരുതലും ആണ്".
   'ഓരോ വിളിയും കാത്ത്' എന്ന കഥയെ അസ്പദമാക്കി വിലയിരുത്തുക.
   - അച്ഛനും അമ്മയും തമ്മിലുള്ള ആത്മബന്ധത്തിന്റെ ആഴം.
   - അച്ഛന്റെ ഓരോ വിളിക്ക് പിറകെയും ഓടി നടക്കുന്ന അമ്മ.
   - അച്ഛന്റെ ഓരോ വിളിയിലും ചെറുപ്പത്തിലേക്ക് മടങ്ങുന്ന അമ്മ.
   - അച്ഛന്റെ നിരന്തരമായ സംസാരം
   - മകന് അമ്മയോടുള്ള കരുതലും ഉത്തരവാദിത്തവും.
2. "അച്ഛൻ കിടന്നിരുന്ന മുറി ശൂന്യമായതോടെ അമ്മ പലപ്പോഴും മൗനത്തിലേക്ക് നീങ്ങുന്നു".
   - അമ്മയുടെ ഒറ്റപ്പെടൽ എങ്ങനെയൊക്കെയാണ് കഥാകൃത്ത് അവതരിപ്പിക്കുന്നത്?
   - വല്ലപ്പോഴും ദേഷ്യപ്പെട്ട് സംസാരിക്കാനുള്ള അവസരം അമ്മയ്ക്ക് നഷ്ടപ്പെട്ടു.
   - നിരാശാബോധം അമ്മയിൽ കൂടി വരുന്നു.
   - കാൽമുട്ടുകളിലെ വേദനയും താങ്ങി മുറിയിലൂടെ അച്ചാലും മുച്ചാലും നടക്കേണ്ടതില്ലെന്ന ദു:ഖം
   - വാർധക്യത്തിന്റെ നിസ്സഹായതയിലേക്ക് വഴുതി വീഴുന്ന അമ്മ.

3. “ചോദ്യവും നിർദ്ദേശവും അസഹ്യമാകുന്ന ചില സന്ദർഭങ്ങളിൽ അമ്മ പൊട്ടിത്തെറിക്കാറുണ്ട്”. എങ്കിലും അച്ഛനോടൊത്തുള്ള ജീവിതം അമ്മ വളരെയേറെ ആസ്വദിച്ചിരുന്നു.
   - കഥാനുഭവത്തിന്റെ വെളിച്ചത്തിൽ വിലയിരുത്തുക.?
4. “ഇല്ലച്ഛമ്മേ, ടിവിന്റെ ഒച്ച മാത്രം ....”
   “നല്ല വെള്ളോല്ല, നിലാവൂല്ല, കൂമന്റെ ഒച്ചേം ഇല്ല.....”
   പിന്നെ എന്താ ആടെ ഉള്ളത്?
   യു.കെ. കുമാരന്റെ ഓരോ വിളിയും കാത്ത് എന്ന കഥയിലെ അമ്മയുടെയും കുട്ടിയുടെയും ജീവിതാവസ്ഥകൾ താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.?
   - നല്ല പ്രകൃതി, ശുദ്ധവായു, നന്മനിറഞ്ഞ ഗ്രാമീണർ, നല്ല സാമൂഹ്യ ബന്ധങ്ങൾ
   - ഒച്ചകൾ ബഹളങ്ങൾ, പരസ്പര ബന്ധങ്ങളുടെ അഭാവം

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**

1. യു.കെ. കുമാരന്റെ ‘ഓരോവിളിയും കാത്ത്’ എന്ന കഥയിലെ ഓരോവിളിയും അമ്മുടെ നേർക്ക് മാത്രമുള്ളതാണ് വിശകലനം ചെയ്യുക?
   - അച്ഛന്റെ ഓരോ വിളിക്ക് പിന്നാലെയും ഓടുന്ന അമ്മ.
   - നഗരത്തിലേക്കുള്ള മകന്റെ വിളി.
   - പാടത്തിന്റെയും പറമ്പിന്റെയുംവിളി.
   - നാട്ടുകാരുടെ വിളി.
2. യു.കെ. കുമാരന്റെ ‘ഓരോ വിളിയും കാത്ത്’ എന്ന കഥയിലെ അച്ഛന്റെ സ്വഭാവ സവിശേഷതകൾ കണ്ടെത്തി കഥാപാത്രനിരൂപണം തയ്യാറാക്കുക?
   - അമ്മയുടെ ഓർമ്മകളിലൂടെ കടന്നുവരുന്ന അച്ഛൻ
   - കുടുംബസ്നേഹി, കഠിനാധ്വാനിയായ കർഷകൻ
   - സാമൂഹിക ബന്ധങ്ങൾ സൂക്ഷിക്കുന്ന വ്യക്തി.
   - കിടപ്പിലായപ്പോൾപോലും കുടുംബകാര്യങ്ങളിൽ അതീവ ശ്രദ്ധ.
   - അമ്മയോടുള്ള സ്നേഹവും ബഹുമാനവും
3. “ഞാനെങ്ങന്യാ മേനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുകയാ. ഇന്നലേം വിളിച്ചു”
   കഥയിലെ മറ്റ് സന്ദർഭങ്ങൾ കൂടി പരിശോധിച്ച് അമ്മ എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണക്കുറിപ്പ് തയ്യാറാക്കുക?
   - അമ്മ കഥയിലെ കേന്ദ്രകഥാപാത്രം.
   - അച്ഛന്റെ ഓരോ വിളിക്ക് പിറകെയും ഓടുന്ന കുടുംബിനി.
   - അച്ഛനോടുള്ള കരുതൽ, സ്നേഹം.
   - അച്ഛന്റെ നിർദ്ദേശങ്ങൾ അപ്പാടെ അനുസരിക്കുന്നു.
   - സ്നേഹബന്ധത്തിന്റ ദൃഢത കാത്ത് സൂക്ഷിക്കുന്നു.
4. “ആത്മബന്ധത്തിന്റെ തീവ്രതയാണ് യു.കെ. കുമാരന്റെ ‘ഓരോ വിളിയും കാത്ത്’ എന്ന കഥയെ സുന്ദരമാക്കുന്നത്”.

   -വിലയിരുത്തുക.

## അമ്മത്തൊട്ടിൽ

പുതു തലമുറയിലെ ശ്രദ്ധേയനായ കവി റഫീക്ക് അഹമ്മദ് രചിച്ച കവിതയാണ് അമ്മത്തൊട്ടിൽ. അവഗണിക്കപ്പെടുന്ന വാർദ്ധക്യത്തിന്റെ നൊമ്പരം ആർദ്രമായി ഈ കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു. ഉള്ള് പൊള്ളിക്കുന്ന നാടകീയ മുഹൂർത്തങ്ങളിലൂടെ, മനുഷ്യന്റെ സ്വാർത്ഥതയിലേക്കും തിന്മയിലേക്കും വായനക്കാരുടെ ശ്രദ്ധ ആകർഷിക്കുന്ന കവിതയാണ് ഇത്. ഉപേക്ഷിക്കപ്പെടുന്ന വാർദ്ധക്യം ഇന്ന് വലിയൊരു സാമൂഹ്യ പ്രശ്നമായി കേരളീയരുടെ മുന്നിലും ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

**കവിതയിലൂടെ**

- ❖ വൃദ്ധയായ അമ്മയെ കാറിൽ കയറ്റി ഉപേക്ഷിക്കാൻ മകൻ ശ്രമിക്കുന്നു.
- ❖ അമ്മയുടെ വാത്സല്യം ആവോളം അനുഭവിച്ചതിന്റെ ഓർമ്മകൾ മകന്റെ മനസ്സിൽ കുറ്റബോധമുണ്ടാക്കുന്നു.
- ❖ ഉപേക്ഷിക്കാൻ കഴിയാതെ തിരിച്ചു വരുമ്പോഴേക്കും അമ്മ മരണത്തിലേക്ക് യാത്രയാവുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്ത് എഴുതുക.**

1. മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്
   പാടവും പീളയും മൂടിയ കണ്ണുകൾ
   - ഇവിടെ സൂചിപ്പിക്കുന്ന അമ്മയുടെ അവസ്ഥ.

   **വാർദ്ധക്യം, യാത്ര, സ്നേഹം**
2. എങ്ങോട്ടുപോകുന്നുവെന്നു ചോദിച്ചില്ല.
   എന്തിനെന്നും....
   - ഈ വരികളിൽ തെളിയുന്നത്.

   **മകനിലുള്ള വിശ്വാസം, അബോധാവസ്ഥ, സ്ഥലത്തേക്കുറിച്ചുള്ള അജ്ഞത**
3. അന്നത്തെ <u>സൂചിപ്രയോഗത്തിൽ നീറ്റൽ പോലൊ</u>ന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്.
   - അടിവരയിട്ട പ്രയോഗം സൂചിപ്പിക്കുന്നത്.

   **കുറ്റബോധം, ആശ്വാസം, ശരീരവേദന**
4. എങ്ങിനിക്കൊണ്ടിറക്കേണ്ടു സ്വയം ബുദ്ധി-
   കെട്ടു കരിന്തിരിയാളും വരെയവർ
   - ഈ വരികൾ സൂചിപ്പിക്കുന്നത്?

❖ അമ്മ അവശയാണ്
❖ അമ്മയ്ക്ക് ബുദ്ധി ഉണ്ടായിരുന്നില്ല
❖ കരിന്തിരി തെളിഞ്ഞിട്ടുണ്ട്.

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. നീരറ്റു വറ്റിവരണ്ട <u>കൈച്ചുള്ളികൾ</u>
   അടിവരയിട്ട പദത്തിന്റെ ഔചിത്യം കണ്ടെത്തുക.
   ❖ അമ്മയുടെ കൈകൾ ചോരയും നിരും വറ്റിയ അവസ്ഥയിൽ
   ❖ മകനെ വളർത്തിയ കൈകൾ
2. ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)
   ഈ വരി നൽകുന്ന അർത്ഥ സൂചനയെന്ത്?
   ❖ ഉപഭോഗ സംസ്കാരത്തിന്റെ പ്രതീകം
   ❖ ആധുനിക കാലഘട്ടത്തെ നിയന്ത്രിക്കുന്ന സംസ്കാരം

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. പണ്ട് പനിച്ചതും അമ്മയെടുത്തുകൊ-
   ണ്ടപ്പടിയോരോന്ന് കേറിക്കിതച്ചതും

   അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽപോ-
   ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്

   പണ്ട് പനിച്ചു കിടന്ന കാലത്ത് ലഭിച്ച സൂചിപ്രയോഗത്തിന്റെ ഓർമ്മ മകന്റെ ഇന്നത്തെ മാനസികാവസ്ഥയ്ക്കെതിരേയുള്ള ഔഷധപ്രയോഗമായി മാറുന്നുണ്ടോ? വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
   ❖ അമ്മയെ ഉപേക്ഷിക്കാൻ ഒരുങ്ങുന്നു.
   ❖ സൂചിപ്രയോഗത്തിന്റെ ഓർമ്മ
   ❖ മനസ്സിലുണരുന്ന കുറ്റബോധം
2. പെറ്റുകിടക്കും തെരുവുപട്ടിക്കെന്തൊ-
   രൂറ്റം കുരച്ചത് ചാടിക്കുതിക്കുന്നു.
   സമകാലിക മനുഷ്യാവസ്ഥയോടുള്ള രോഷമാണ് ഈ വരികളിൽ തെളിയുന്നത്.
   - വരികൾ വിശകലനം ചെയ്ത് ഈ പ്രസ്താവനയോടുള്ള നിങ്ങളുടെ പ്രതികരണം വ്യക്തമാക്കുന്ന കുറിപ്പ് തയ്യാറാക്കുക.

   ❖ പെറ്റുകിടക്കുന്ന തെരുവു പട്ടി കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു.
   ❖ മാതൃത്വത്തിന്റെ മഹത്ത്വത്തെക്കുറിച്ച് ഓർമ്മ വരുന്നു.
3. ആരാണു മുന്നിൽ, പുറത്തേക്കശാന്തനാ-
   യീശ്വരൻ കാറ്റൊന്നു കൊള്ളാനിറങ്ങിയോ
   ഈശ്വരൻ അശാന്തനാണെന്ന് പറയുന്നതിന്റെ കാരണമെന്ത്? നിങ്ങളുടെ അഭി പ്രായം വിശദമാക്കുക.
   ❖ അധാർമ്മികമായ പ്രവൃത്തി.
   ❖ ഈശ്വരസന്നിധിയിൽപോലും ക്രൂരതയ്ക്കൊരുങ്ങുന്നു.
   ❖ പെറ്റമ്മയോടുള്ള ക്രൂരത ഈശ്വരൻ പൊറുക്കില്ല.

4. ഏറെത്തണുക്കുന്നു ചില്ലുയർത്തീടുമ്പൊ-
ളോർത്തു, കരിമ്പടം, അമ്മവയറ്റത്തു
പറ്റിക്കിടക്കുന്ന ചൂട്, മുഷിവുമായ്
കാച്ചെണ്ണ ചേരുന്ന ഗന്ധം, പുലർച്ചയി-
ലോലക്കൊടികൾ പുകയുന്നതിൻ മണം

- മാതൃസ്നേഹത്തിന്റെ തീവ്രത അനുഭവിപ്പിക്കുന്ന വരികളാണിത്. വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

അമ്മയുടെ സ്പർശവും ഗന്ധവും നിറഞ്ഞ ഓർമ്മകൾ

- ❖ വൈകാരിക തീവ്രത.

5. ഇപ്പെരും മാളിന്റെ (ഇപ്പെരുമാളിന്റെ)
തൊട്ടടുത്തായിട്ടിറക്കിയാലെന്നോർത്തു

- പുതിയ കാലത്തിന്റെ എന്തൊക്കെ പ്രവണതകളണ് ഈ വരികളിൽ തെളിയുന്നത്?
- ❖ ഉപഭോഗ സംസ്ക്കാരം
- ❖ കാലത്തെ നിയന്ത്രിക്കുന്ന ലാഭക്കൊതി
- ❖ ഉപയോഗിക്കുക വലിച്ചെറിയുക, എന്ന രീതി.

**<u>താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക</u>**

1. അവഗണിക്കപ്പെടുന്ന വാർദ്ധക്യത്തിന്റെ നിസ്സഹായ നൊമ്പരം വായനക്കാരന്റെ ഹൃദ യത്തിൽ തൊടുന്ന അനുഭവമാണ്'അമ്മത്തൊട്ടിൽ' എന്ന കവിത.
കവിത വിശകലനം ചെയ്ത് ലഘു ഉപന്യാസം തയ്യാറാക്കുക.
    - ❖ അമ്മയെ ഉപേക്ഷിക്കാനൊരുങ്ങുന്ന മകൻ
    - ❖ അമ്മയുടെ ദൈന്യം, നിസ്സഹായത
    - ❖ മകനെ കൊളുത്തിവലിക്കുന്ന ഓർമ്മകൾ
    - ❖ ഹൃദയസ്പർശിയായ പ്രയോഗങ്ങൾ

## യൂണിറ്റ് 2
## നിലാവ് പെയ്യുന്ന നാട്ടുവഴികൾ

**"നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർ പാർക്കുന്നെങ്കിൽ
നീയും നന്നേ, വാഴുക നിലമേ**

**പുറനാനൂറ്"** **ഔവ്വയാർ**

"ജീവിക്കുന്ന മനുഷ്യരുടെ നന്മ തിന്മകളാണ് നാടിനെ അടയാളപ്പെടുത്തുന്നത്"
വരികൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

## പാഠം 1
## കൊച്ചു ചക്കരച്ചി

ഏ.പി. ഉദയഭാനുവിന്റെ ലളിതോപന്യാസം. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മ ബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്ക്കാരം. മികച്ച ഗദ്യകാരൻ, സ്വാതന്ത്ര്യസമര സേനാനി, പത്ര പ്രവർത്തകൻ നർമ്മ സ്പർശമുള്ള നിരവധി ലളിതോപന്യാസങ്ങളുടെ കർത്താവ് എന്നീ നില കളിൽ പ്രശസ്തനാണ് അദ്ദേഹം.

**<u>പ്രധാന ആശയങ്ങൾ</u>**

- ❖ ലേഖകന്റെ വീട്ടുവളപ്പിലെ മാവാണ് കൊച്ചു ചക്കരച്ചി
- ❖ മാവിനെ കുടുംബാംഗമായി കരുതുന്നു.
- ❖ മാവിൽ മനുഷ്യഭാവമാരോപിക്കുന്ന നിരവധി സന്ദർഭങ്ങൾ
- ❖ മാവ് വീഴില്ല; വീണാലും ആപത്ത് വരുത്തുകയില്ല എന്ന അമ്മയുടെ വിശ്വാസം
- ❖ വിശ്വാസത്തെ പരിപാലിക്കുന്ന മാവ്
- ❖ മാവ് മലയാളത്തിന്റെ പ്രിയ വൃക്ഷം.

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. "പത്ത് നാൽപ്പത്തഞ്ച് കൊല്ലങ്ങൾക്കപ്പുറത്ത് നിന്ന് അതിന്റെ സ്വാദ് നാക്കിന്റെ അറ്റത്ത് വന്ന് നിറയുന്നു".
   നാക്കിന്റെ അറ്റത്ത് വന്ന് നിറയുന്നത്.
   മാമ്പഴക്കാലം, വിദ്യാലയസ്മരണ, യൗവനകാലം
2. **വിഗ്രഹാർത്ഥം കണ്ടെത്തുക**.
   മന്ത്രതന്ത്രങ്ങൾ
   കൊതിയസമാജം
3. 'മാമ്പഴം' എന്ന കവിതയുടെ രചയിതാവ്.
   വൈലോപ്പിള്ളി, ഏ.പി. ഉദയഭാനു, റഫീക്ക് അഹമ്മദ്
4. **പിരിച്ചെഴുതുക**.
   ചുള്ളിക്കമ്പ്

**താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. ഇന്നു 'മാങ്ങമരം' കാണാത്ത കുട്ടികൾ കേരളത്തിൽ ഉണ്ടാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ 'അപരിഷ്കൃത മട്ടുകൾ' അവർ അറിയാനിടയില്ല.
   ഇന്നത്തെ തലമുറയ്ക്ക് അപരിഷ്കൃതമട്ടായി തോന്നുന്നതെന്തെല്ലാം?
   - ❖ മാവിൻചോട്ടിലെ കളികൾ
   - ❖ പ്രകൃതിയോടിണങ്ങിയ രീതികൾ
2. വേണ്ടപ്പെട്ടവർ ആരോ ഒക്കെ ഇടപെട്ട് ആ അത്യാഹിതം തടഞ്ഞു.
   - ഇവിടെ സൂചിപ്പിക്കുന്ന അത്യാഹിതം എന്ത്?
   - ❖ മാവിനെ മുറിക്കാനൊരുങ്ങുന്നത്,
   - ❖ മാനുഷിക പരിഗണന
3. കൊച്ചു ചക്കരച്ചി വീഴില്ല, വീണാലും അവൾ ആപത്തു വരുത്തുകയില്ല.
   - ഇവിടെ തെളിയുന്ന അമ്മയുടെ മനോഭാവം.
   - ❖ മാവിലുള്ള വിശ്വാസം
   - ❖ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധം

**താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക**

1. കവികളായവരെല്ലാം നാട്ടിൻപുറത്തെ ഏതെങ്കിലും കൊതിയ സമാജത്തിൽ അംഗങ്ങളായിരിരുന്നിരിക്കണം.
   - ലേഖകൻ ഇങ്ങനെ പറയാൻ കാരണമെന്ത്?
   - ❖ മാവ് മലയാളത്തിന്റെ പ്രിയ വൃക്ഷം
   - ❖ പഴയ ജീവിതശൈലി
   - ❖ ബാല്യവും മാവും തമ്മിലുള്ള ഇണക്കം
   - ❖ മലയാള കവിതയിൽ മാവിനുള്ള പ്രാധാന്യം
2. "സ്വയം ചത്തും മാവിനെ കാത്തു രക്ഷിച്ചു പോന്ന നീറുകൾ എന്ന ചാവേറ്റുപട കൊച്ചു ചക്കരച്ചിയിൽ കയറാൻ ശ്രമിച്ചവരെയെല്ലാം തോൽപ്പിച്ച് ഓടിച്ചു കളഞ്ഞു".
   സംരക്ഷണത്തിന്റെ പ്രകൃതിപാഠമാണ് ഇവിടെ ദൃശ്യമാവുന്നത്.-അഭിപ്രായം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
3. നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ അവൾ പറയുമായിരുന്നു.
   - മാവിൽ ആരോപിക്കപ്പെടുന്ന മനുഷ്യഭാവങ്ങളാണ് പാഠഭാഗത്തെ ഹൃദ്യമാക്കുന്നത്.
   - പ്രതികരണം വ്യക്തമാക്കുക.
   - ❖ മാവിനെ കുടുംബാംഗമായി പരിഗണിക്കുന്നു.
   - ❖ സന്ദർഭങ്ങൾ, ഉദാഹരണങ്ങൾ
   - ❖ ഹൃദയസ്പർശിയായ അവതരണം

**താഴെ കൊടുത്തിരിക്കുന്ന ചോദ്യത്തിന് ഉത്തരമെഴുതുക**

പ്രകൃതിയോട് ഇണങ്ങിയ ജീവിതശൈലി സ്വീകരിക്കുന്ന എന്നതാണ് ആധുനിക സമൂഹം നേരിടുന്ന പല പ്രശ്നങ്ങൾക്കുമുള്ള പരിഹാരം. പാഠഭാഗത്തെ ആശയങ്ങൾ പരിഗണിച്ച് ഒരു പ്രഭാഷണം തയ്യാറാക്കുക.

- ❖ ആധുനിക സമൂഹം നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
- ❖ പ്രകൃതിയോടിങ്ങിയ മുൻതലമുറയുടെ ജീവിത ശൈലി
- ❖ മാവും കുടുംബവും തമ്മിലുള്ള പാരസ്പര്യം.

# ഓണമുറ്റത്ത്

പ്രശസ്തകവി വൈലോപ്പിള്ളി ശ്രീധരമേനോൻ രചിച്ച വിട എന്ന കാവ്യസമാഹാരത്തിൽ നിന്നും എടുത്തിട്ടുള്ള ഒരു കവിതയാണ് ഓണമുറ്റത്ത്. ഓണം മലയാളിയുടെ ഹൃദയവികാര മാണ്. സമത്വത്തിൽ അധിഷ്ഠിതമായ നല്ല നാളുകളെക്കുറിച്ചുള്ള മധുരമായ ഓർമ്മയും ഒപ്പം ആ നല്ല നാളുകൾ തിരിച്ചെടുക്കാനാവും എന്ന പ്രതീക്ഷയുമാണത്. പുതിയ കാലം എന്തൊക്കെ മാറ്റങ്ങൾ സ്വീകരിച്ചാലും മണ്ണിന്റെയും ഈ സ്വപ്നങ്ങൾ ഉയിർത്തെഴു ന്നേൽക്കുക തന്നെ ചെയ്യും എന്ന് കവി വിശ്വസിക്കുന്നു. ആ അഭിമാനബോധം തന്റെ കവിത കളിലൂടെ പ്രകടിപ്പിക്കുക തന്നെ ചെയ്യും എന്ന് അദ്ദേഹം ഉറപ്പിച്ചു പറയുന്നു. വേദനകൾ സഹിച്ചും ദോഷങ്ങൾ മാറ്റാൻ പാട്ടുകളിലൂടെ ശ്രമിക്കുന്ന പുള്ളുവന്റെ മനസ്സാണ് കവിക്ക്. കേരളീയ പ്രകൃതിയുടെ അതിമനോഹരമായ ചിത്രങ്ങളും ഗ്രാമീണ ബിംബങ്ങളും കൊണ്ട് സമൃദ്ധമാണ് ഈ കവിത. ഓണം മലയാളിയുടെ ഒരു സാംസ്ക്കാരികത്തനിമ എന്ന വസ്തുത അനുഭവവേദ്യമാക്കാൻ ഈ കവിതയ്ക്ക് കഴിയുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു
   പാട്ടാണെന്ന് പഴിക്കാമിന്നു.........

   –ഈ വരികൾ നൽകുന്ന സൂചന.
   - ❖ നാടോടിപ്പാട്ടുകളെക്കുറിച്ച് പുതുതലമുറയുടെ കാഴ്ചപ്പാട്
   - ❖ നാടോടിപ്പാട്ടുകളുടെ പഴക്കം
   - ❖ നാടോടിപ്പാട്ടുകളുടെ മനോഹാരിത
   - ❖ നാടോടിപ്പാട്ടുകൾ ശ്രുതിമധുരമുള്ളതല്ല.
2. നല്ലതിഥി നമുക്കിനിയാരിതുപോലെ?

   –നല്ലതിഥി എന്നു വിശേഷിപ്പിക്കുന്നതാരെ?
   - ❖ മുക്കുറ്റിയെ
   - ❖ ആമ്പൽപ്പൂക്കളെ
   - ❖ ഉഷസ്സിനെ
   - ❖ മഹാബലിയെ
3. നീളും മലയുടെ ചങ്ങലവട്ടയിൽ

   നാളം പാടലവിരലാൽ നീട്ടിയു–

   –മലകളാകുന്ന ചങ്ങലവട്ടയിൽ തെളിയുന്ന ദീപനാളമായി വർണ്ണിച്ചിരിക്കുന്നത്?
   - ❖ സൂര്യനെ
   - ❖ നിലാവിനെ
   - ❖ മുക്കുറ്റിയെ
   - ❖ നക്ഷത്രങ്ങളെ
4. ഏതുമുറങ്ങുതെമ്പാടും വയ–

   ലേലകൾതോറും നടുവിൽ പൊൽക്കിഴി–

   യെരിയും വെള്ളിത്താലമെടുത്തു നി–
   രന്നു ലസിപ്പൂ നെയ്യാമ്പലുകൾ
   മഹാബലിയെ വരവേൽക്കാൻ വെള്ളിത്താലമെടുത്ത് കാത്ത് നിൽക്കുന്നത്?
   - ❖ കന്യകമാർ
   - ❖ ആമ്പൽപ്പൂക്കൾ
   - ❖ വയലേലകൾ
   - ❖ തുമ്പപ്പൂക്കൾ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. മലർക്കളമെഴുതിക്കാത്തോരരചനെ–

   മലർക്കളമെഴുതി കാത്തത് എന്തിനാവാം?
   - ❖ നന്മകൾ വീണ്ടെടുക്കാൻ
   - ❖ സ്വപ്നങ്ങൾ സഫലമാവാൻ
2. ഈ മലനാട്ടിൻ വായുവിലുണ്ടൊരു
   <u>മധുരോദാരവികാരം</u>

   അടിവരയിട്ട വിശേഷണത്തിന്റെ അർത്ഥസാധ്യതകൾ എഴുതുക.

- ❖ ഓണം വെറുമൊരു ഉത്സവമല്ല
- ❖ മലയാളിയുടെ ഹൃദയവികാരമാണ് ഓണം

3. പഴമൊരു പുള്ളുവനാണല്ലോ ഞാൻ

 –കവി തന്നെ സ്വയം പുള്ളുവനായി വിശേഷിപ്പിക്കുന്നതിന്റെ ഔചിത്യം കണ്ടെത്തുക?

- ❖ പുള്ളുവൻ ദോഷങ്ങൾ പാട്ടിലൂടെ അകറ്റാൻ ശ്രമിക്കുന്നു. കവി കവിതയിലൂടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നു.
- ❖ സാധാരണ ജനതയുടെ പ്രതീകമാണ് പുള്ളവൻ കവിയും അങ്ങനെ തന്നെയാണ്.

4. ഇവരറിയുന്നീലെന്നഭിമാനം –

 –ഈ വരി നൽകുന്ന അർത്ഥ സൂചനകൾ എന്തെല്ലാം?

- ❖ ഓണത്തേക്കുറിച്ച് പാടുന്നതിൽ കവി അഭിമാനിക്കുന്നു.
- ❖ പുതിയ തലമുറയുടെ മനോഭാവം

**<u>അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. മലയാളത്തറവാട്ടിന്നങ്കണ –
 മണിപീഠത്തിലിരുത്തൂ, ഞങ്ങളെ....

 മലയാളത്തറവാട്ടിന്നങ്കണ–
 വെൺമണലിങ്കലിരിപ്പൂ ഞാനെൻ

 – ഓണമുറ്റത്ത് എന്ന ശീർഷകം ധ്വനിപ്പിക്കുന്നത് എന്തൊക്കെയാണെന്ന് വിശദീകരിക്കുക.

- ❖ മുറ്റം അതിരുകൾ ഭേദിക്കുന്നു.
- ❖ വിശാലമായ സാംസ്ക്കാരിക കാഴ്ചപ്പാട്

2. പഴമയിലിഴയും പല്ലു കൊഴിഞ്ഞൊരു

 പാട്ടാണെന്നും പഴിക്കാമിന്നു പ–
 രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ

 –നഷ്ടപ്പെടുന്ന നാടോടി സംസ്ക്കാരത്തെക്കുറിച്ചുള്ള കവിയുടെ ദു:ഖം ഓണമുറ്റത്ത് എന്ന കവിതയിൽ പ്രകടമാണോ? വിശകലനം ചെയ്ത കുറിപ്പ് തയ്യാറാക്കുക.

- ❖ നാടോടി സംസ്ക്കാരത്തോടുള്ള പുതിയ തലമുറയുടെ മനോഭാവം
- ❖ കവിക്ക് പലപ്പോഴും അവഗണന നേരിടേണ്ടി വരുന്നു.

3. നീളും മലയുടെ ചങ്ങലവട്ടയിൽ

 നാളം പാടലവിരലാൽ നീട്ടിയു–
 മോമൽക്കവിളു തുടുത്തും തെല്ലൊരു
 നാണത്തോടു പരുങ്ങിയൊരുങ്ങിടി
 മോണക്കോടിയുടുത്തൊരുഷസ്സേ

 – ഈ വർണ്ണനയിലൂടെ ഉഷസ്സിന്റെ എന്തെല്ലാം സവിശേഷതകളാണ് അനാവരണം ചെയ്യപ്പെടുന്നത്?

- ❖ ഉഷസ്സിന് മനുഷ്യഭാവം കൽപ്പിക്കുന്നു.
- ❖ മലകൾക്കിടയിലൂടെ ഉദിച്ചുയരുന്ന സൂര്യൻ
- ❖ പ്രഭാതത്തിന്റെ മനോഹാരിത

4. വാങ്മയ ചിത്രത്തിന്റെ ഭംഗി വിശകലനം ചെയ്യുക?
 കാലേ രാവു നിറന്ന നിലാവാൽ

 കമുകിൻപൂവരിതൂകി, ത്തൂമയി–

 ലെതിരേറ്റങ്ങനെ നിൽക്കും വഴിയേ–
 യെഴുന്നള്ളുകയായോണത്തപ്പൻ

- ❖ വരികളുടെ ആശയം
- ❖ നിറനിലാവില തെളിയുന്ന കവുങ്ങുകളുടെ ഭംഗി
- ❖ കേരളീയ പ്രകൃതിയുടെ ഹൃദ്യമായ ആവിഷ്ക്കാരം

**<u>ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.</u>**

1. പാവം തുമ്പകൾ മലരിൽ കൂട നിറച്ചു.....
 ദീപക്കുറ്റികൾ നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ
 വെള്ളിത്താലമെടുത്തു നിരന്നു ലസിപ്പൂ നെയ്യാമ്പലുകൾ
 കവിയെ പ്രചോദിപ്പിച്ച ഈ ഗ്രാമീണ ചിത്രങ്ങളുടെ ഭംഗി വിശകലനം ചെയ്യുക.

ഇവയ്ക്ക് കവിതയുടെ ഭാവതലവുമായുള്ള ബന്ധമെന്ത്? കുറിപ്പ് തയ്യാറാക്കുക.

- ❖ ഗ്രാമീണ ചിത്രങ്ങൾ അവതരിപ്പിച്ചിരിക്കുന്നതിന്റെ സവിശേഷതകൾ കണ്ടെത്തുക.
- ❖ കേരളീയ ഗ്രാമീണതയുടെ വശ്യമായ കാഴ്ച
- ❖ ഓണം കേരളീയ പ്രകൃതിയുടേയും മനുഷ്യന്റേയും മധുരോദാര വികാരമാവുന്നു.

2. ഇവരറിയുന്നീലെന്നഭിമാനം—

—കവിയുടെ അഭിമാനം എന്തിലാണ്?ഈ വരികളിൽ തെളിയുന്ന മനോവികാരം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ❖ കേരളീയ സാംസ്ക്കാരിക പാരമ്പര്യത്തിലും തനിമയിലും അഭിമാനം
- ❖ ഓണം മുന്നോട്ട് വയ്ക്കുന്ന സ്വപ്നങ്ങളും പ്രതീക്ഷകളും കവിയിൽ നിറഞ്ഞു തുളുമ്പുന്നു.
- ❖ എന്തൊക്കെ അവഗണനകൾ നേരിട്ടാലും നാടിന്റെ നന്മയും മൂല്യങ്ങളും ഉയർത്തിപ്പിടിക്കുക തന്നെ ചെയ്യും.

## കോഴിയും കിഴവിയും (കഥ)

### കാരൂർ നീലകണ്ഠപ്പിള്ള

മനുഷ്യനന്മയെ ആഖ്യാനം ചെയ്യുന്ന, സൂക്ഷ്മമായ ജീവിത നിരീക്ഷണം കൊണ്ടു വേറിട്ടു നിൽക്കുന്ന കഥകളാണ് കാരൂരിന്റേത്. മനുഷ്യരുടെ ഇല്ലായ്മകളേയും വല്ലായ്മകളേയും അദ്ദേഹം കഥാലോകത്തേക്ക് കൊണ്ടു വന്നു.നിസ്വരുടേയും ഇടത്തരക്കാരുടേയും ജീവിത പരിസരങ്ങളിലേക്കാണ് കാരൂർക്കഥകൾ നമ്മെ കൂട്ടിക്കൊണ്ടുപോയത്. സ്വാർത്ഥതയും വിദ്വേഷവുമാണ് ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നത് എന്നോർമിപ്പിക്കുന്ന കഥയാണ് കോഴിയും കിഴവിയും.ഗ്രാമപശ്ചാത്തലത്തിൽ അയൽക്കാരാനായ രണ്ടു കുടുംബങ്ങളുടെ ഇണക്കങ്ങളുടെയും പിണക്കങ്ങളുടെയും കഥപറയുകയാണിതിൽ.
സംഗതി വളരെ നിസ്സാരമായിരുന്നു. ഒരുകോഴിയെ എറിഞ്ഞു കൊന്നു എന്നു തുടങ്ങുന്ന നാടകീയമായ കഥാരംഭം.

മത്തായിയുടെകോഴി — മർക്കാസിന്റെ മകന്റെ കല്ലേറ് കൊണ്ട് ചാവുന്നു. എന്നും, മർക്കോസുപറയുന്നതിന്റെ എതിരുപിടിക്കുന്ന മത്തായി, കോഴിയുടെ മരണം ഒരവസരമായെടുത്ത് മർക്കോസിനെതിരെ ഗൂഢാലോചന നടത്തുന്നു. മർക്കോസ് കോഴിയെ കട്ടുതിന്നെന്ന് പോലീസിൽ പരാതി കൊടുക്കുന്നു. കഥയിലെ കിഴവി (മത്തായിയുടെ അമ്മ) ഇടപെട്ട് പരിഹാരമുണ്ടാക്കുന്നു. മത്തായിയുടെ അമ്മയ്ക്ക് മത്തായിയുടെ നിലപാടിനോട് യോജിപ്പില്ല. മത്തായി മർക്കോസിന്റെ കുടുംബത്തോട് കാണിക്കുന്ന നന്ദികേടിൽ ആ വൃദ്ധയ്ക്ക് പ്രതിഷേധമുണ്ട്. ആ വല്യമ്മ നാട്ടിൻപുറത്തിന്റെ നന്മ മനസ്സിൽ സൂക്ഷിക്കുന്നയാളാണ് അവരുടെ അവസരോചിതമായ ഇടപെടലാണ് കഥാഗതിയെ നിയന്ത്രിക്കുന്നത്.
നാം പുലർത്തേണ്ട മൂല്യങ്ങളുടെ (സത്യം, നന്മ, നീതി.....) പ്രതീകമാണ് കഥയിലെ കിഴവി.

കഥയുടെ ശീർഷകത്തിലെ കോഴി — പ്രശ്നകാരണം

കിഴവി — പ്രശ്നത്തിൽ അവസരോചിതമായി ഇടപെട്ട് പരിഹരിക്കുന്നയാൾ

- ലോഭത്തിനുമേൽ നന്മയും സത്യവും നേടുന്നവിജയമാണ് കഥാന്ത്യത്തിൽ കാണാനാവുക.
- നന്മയുടെ ലോകം പുലരും എന്ന ശുഭാപ്തി വിശ്വാസം പകരാൻ ഈ കഥയ്ക്കാകുന്നു.

1. മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ <u>എതിരുപിടിക്കുക</u> എന്നത് മത്തായിയുടെ വ്രതമായി അടിവരയിട്ട പ്രയോഗത്തിന് കഥാസന്ദർഭത്തിൽ ലഭിക്കുന്ന അർഥമെന്ത്?
   - ➢ എപ്പോഴും എതിർക്കുക.
2. 'പനയോല' എന്ന പദം പരിച്ഛേഴുതിയാൽ?
   - ➢ പന + ഓല
3. വല്യമ്മ എഴുന്നേറ്റ് മുറ്റത്തേക്കിറങ്ങി. മത്തായി പടിക്കുവെളിയിൽ ചാടി. വല്ല്യമ്മ മർക്കോസിനെ കെട്ടിപ്പിടിച്ച് ഉമ്മകൊടുത്തിട്ടു പറഞ്ഞു.

   "എന്റെ മകനേ, ഈ നന്ദികെട്ടവരുടെ ഇടയീന്ന് കർത്താവെന്നെയങ്ങു വിളിച്ചിരുന്നെങ്കിൽ"! — കഥാ സന്ദർഭം പരിഗണിച്ച് വല്ല്യമ്മയുടെ രണ്ട് സ്വഭാവസവിശേഷതകൾ കുറിക്കുക.
   - ➢ നന്മയുടെ പക്ഷത്താണ്
   - ➢ അയൽപക്കസ്നേഹം

4. അടുത്ത പ്രഭാതത്തിൽ അയൽവീടുകളിൽ കോഴികൂകിയപ്പോൾ ചത്തകോഴി, ദഹിച്ചു പക്വാശയത്തിലെത്തിയ കോഴി മത്തായി മാർഗേണ കൂകി: നോക്കിക്കോ
   അടിവരയിട്ട പദത്തിന് കഥാസന്ദർഭത്തിൽ ലഭിക്കുന്ന അർഥ സാധ്യതകൾ എന്തെല്ലാം?
5. "അവർ അന്നു സുഖമായി അത്താഴം കഴിച്ചു. അല്പം താമസിച്ചെന്നു മാത്രം". കഥാസന്ദർഭത്തിൽ സൂചിതമാകുന്ന സംഭവങ്ങൾ കണ്ടെത്തിയെഴുതുക.
6. കാറ്റുമാറി വീശി, മർക്കോസ് ക്ഷീണിച്ചപ്പോൾ മത്തായി സഹായിച്ചു തുടങ്ങി. ഈ പ്രയോഗങ്ങളിൽ നിന്നു ലഭിക്കുന്ന സൂചനയെന്ത്?

**അർഥ വ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.**

a) അയൽവീട്ടുകാരെപ്പറ്റി എന്തെങ്കിലും ആക്ഷേപം പറയാതെ കിടന്നാൽ മത്തായിക്ക് ഉറക്കം വരുകയില്ല. അയാളുടെ ഭാര്യയ്ക്കും അങ്ങനെ തന്നെ.
   ..............................................................
b) ഇപ്പോൾ മത്തായിയുടെ പറമ്പിൽ ഒരു പേരയുണ്ട്.
   മുമ്പ് അതു മർക്കോസിന്റെ പറമ്പിലായിരുന്നു.
   ..............................................................

1. മർക്കോസിന് ഉറക്കം വന്നില്ല. ആ പ്രവൃത്തി ഒരു മുൻകൈയെടുക്കലായിപ്പോയി. യുദ്ധത്തിന് കാരണമായിപ്പോയി. ഏതു പ്രവൃത്തിയെ കുറിച്ചുള്ള സൂചനകളാണീ സന്ദർഭത്തിൽ നിന്നു ലഭിക്കുന്നത്?
   ..............................................................

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. മൺകലം എന്ന പദത്തിന്റെ ശരിയായ വിഗ്രഹാർഥം.
   - മണ്ണിലുള്ള കലം
   - മണ്ണും കലവും
   - മണ്ണുപിടിച്ച കലം
   - മണ്ണുകൊണ്ടുണ്ടാക്കിയ കലം
2. മർക്കോസിന്റെ അപ്പൻ നിന്നെ മകനെപ്പോലെയാ വിചാരിച്ചിരുന്നത്. കഥാ സന്ദർഭം മുൻനിർത്തി മത്തായിയുടെ സ്വഭാവത്തെ സൂചിപ്പിക്കുന്ന പഴഞ്ചൊല്ലായി പറയാവുന്നത് ഏത്?
   - കാര്യം കാണാൻ കഴുതക്കാലും പിടിക്കുക.
   - ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട
   - പാലു കൊടുത്ത കൈക്ക് കടിക്കുക
   - മുറ്റത്തെ മുല്ലയ്ക്ക് മണമില്ല.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. മത്തായിയുടെ വീട്ടിൽ സകലവായും അടച്ചുപൂട്ടി മുദ്രവച്ചിരിക്കുകയാണ്.
   അടിവരയിട്ട പ്രയോഗത്തിനു ലഭിക്കുന്ന അർത്ഥസാധ്യതയെന്ത്?

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. "ആ വീട്ടുകാരുടെ ഇടയിൽ ഒരഗ്നിപർവ്വതം പൊട്ടാറായി നിൽക്കുകയാണ്. അതു താമസിയാതെ പൊട്ടും.അതിൽ രണ്ടു കുടുംബങ്ങളും തകർന്നെന്നു വരാം. അതിലാർക്കും വിരോധമില്ല. തന്റെ കൂടെ മറ്റവരും തകർന്നാൽ മതി".
   –കഥാസന്ദർഭത്തിലെ മനോഭാവം വർത്തമാനകാല സമൂഹത്തിലും നിലനിൽക്കുന്നുണ്ടോ? നിങ്ങളുടെ അഭിപ്രായം സമർത്ഥിക്കുക.
2. 'മുകളിൽ നിന്നും കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു'!
   'മർക്കോസിന്റെ പറമ്പു ചെറുതായി. വന്നു കേറിയവന്റെ വീതം വലുതും'.

- മർക്കോസിന്റെയും മത്തായിയുടെയും ജീവിതാവസ്ഥകളിൽ വന്നു ചേരുന്ന മാറ്റം അവതരിപ്പിക്കാൻ ഇത്തരം പ്രയോഗങ്ങൾക്കു കഴിയുന്നുണ്ടോ? സ്വാഭിപ്രായം സമർഥിക്കുക.

3. ‘മത്തായിയുണ്ടോ ഈ കൂട്ടത്തില് ! അവനോടൊന്നു പറയണേ, എന്റെ കൈയേൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊണ്ടുപോകാൻ ഞാൻ അവിടെ കെടന്നു ചത്തോളാം’–

   - വല്യമ്മയുടെ ഈ സമീപനത്തോടുള്ള നിങ്ങളുടെ അഭിപ്രായം കുറിക്കുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. നീ കരഞ്ഞതു കൊണ്ടു ഞാൻ തിന്നാതെ വച്ചിരുന്നതാ ഇത്. നീ തിന്നാലേ ഞാനും തിന്നുകൊള്ളൂ/അവളുടെ മുഖം തെളിഞ്ഞു. അവൾ പേരയ്ക്കാ രണ്ടും വാങ്ങി. എന്നിട്ടു പുഞ്ചിരിയോടെ ഒന്ന് അവനു നീട്ടി.
   - കഥയിലെ കുട്ടികളിൽ നിന്നു മുതിർന്നവർക്കു ലഭിക്കുന്ന ജീവിത സന്ദേശം കണ്ടെത്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.
2. അയൽപക്കത്ത് അത്താഴപ്പട്ടിണിക്കാരൻ പാർത്താൽ അതൊരു സൈ്വരക്കേടാണെന്ന് അവനറിയാം.
   - മർക്കോസിനോടുള്ള മത്തായിയുടെ സമീപനം കഥാസന്ദർഭത്തിൽ നിന്നു വ്യക്തമാകുന്നുണ്ടോ? വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ‘നന്മകളാൽ സമൃദ്ധമായ നാട്ടിൻപുറമാണ് കരൂർ കഥകളുടെ പശ്ചാത്തലം’

   – ഈ പ്രസ്താവന ‘കോഴിയും കിഴവിയും’ എന്ന കഥയ്ക്ക് എത്രത്തോളം ഇണങ്ങുന്നുണ്ട്? പരിശോധിച്ച് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.
2. ‘അതിന്റെ ജീവൻ പോകുന്നതുകാണുമ്പോൾ കണ്ണു നിറയാത്തത്. കണ്ണിൽകൂടി വരേണ്ട വെള്ളം വായിൽ ഊറുന്നതു കൊണ്ടാണ്. ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്’.
   - ‘കോഴിയും കിഴവിയും’ എന്ന കഥയുടെ ഒരു സവിശേഷതയായി ആക്ഷേപ ഹാസ്യത്തെ കണക്കാക്കാമോ? മറ്റു കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.
3. ‘ഏഴു പെങ്ങന്മാരുടെയിടയ്ക്കൊരു കുഞ്ഞാങ്ങള വന്നതു നന്നായി’.

   ‘അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു’.

   “ഞാൻ കട്ടെന്നാ മത്തായി പറയുന്നത്. ഞാനിനി എന്നാ വരുകാന്നാർക്കറിയാം. അതു വരെ എന്റെ വീട് അമ്മ നോക്കിക്കൊള്ളണം”
   - മർക്കോസിന്റെ ജീവിതാവസ്ഥ വ്യക്തമാക്കുന്ന പല സന്ദർഭങ്ങൾ കോഴിയും കിഴവിയും എന്ന കഥയിലുണ്ടല്ലോ.
     മറ്റ് കഥാസന്ദർഭങ്ങൾ കൂടി പരിഗണിച്ച് മർക്കോസ് എന്ന കഥാപാത്രത്തെക്കുറിച്ച് നിരൂപണം തയ്യാറാക്കുക.

## ശ്രീനാരായണ ഗുരു (ലേഖനം)

***–കുറ്റിപ്പുഴ കൃഷ്ണപിള്ള***

സാഹിത്യ നിരൂപകൻ, ചിന്തകൻ എന്നീ നിലകളിൽ പ്രസിദ്ധനായ കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ലേഖനമാണ് ശ്രീനാരായണഗുരു എന്ന പാഠം.ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ലേഖനമാണിത്. ആധുനിക കാലത്തെ ധർമ്മസ്ഥാപനത്തിനുള്ള കർമ്മ പരിപാടിയായി അധ:കൃത വർഗ്ഗോദ്ധാരണത്തെ സ്വീകരിച്ച യോഗിയും ആദ്വൈതിയുമായാണ് ശ്രീനാരായണഗുരുവിനെ ലേഖകൻ കണക്കാക്കുന്നത്.മറ്റു സന്യാസിമാരെപ്പോലെ സ്വാർഥ

മായ സ്വമോക്ഷ ചിന്തയായിരുന്നില്ല ഭാവിയെ കരുതിയ പ്രവൃത്തിമാർഗ്ഗമായിരുന്നു ഗുരുവിന്റേത്.ബഹുലക്ഷം ജനങ്ങളുടെ ഇരുളടഞ്ഞ ജീവിതത്തിൽ പ്രകാശം പരത്തി ജാതി വേർതിരിവുകൾ ഇല്ലാതാക്കിയ ഗുരുദേവന് കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥനെന്ന വിശേഷണമാണ് കുറ്റിപ്പുഴ നൽകുന്നത്. ഒരേ സമയം ജ്ഞാനസിദ്ധനും കർമ്മസിദ്ധനുമായിരുന്നു ഗുരു. അറിവിനേയും പ്രവൃത്തിയേയും ഒന്നിച്ചു ചേർത്ത പ്രയോഗിക വേദാന്തത്തിന് ഗുരു പ്രാധാന്യം നൽകി. മനുഷ്യജാതി എന്ന വിശ്വവിശാലമായ ആശയത്തിന്റെ ആദ്യത്തെ അവതാരകനായാണ് നമുക്ക് ഗുരുവിനെ കാണാനാവുക.പരിഷ്കാരദാഹിയായ ഗുരുവിന് ആത്മീയതയും ഭൗതികതയും ഒരുപോലെ പ്രധാനമായിരുന്നു. സേവന നിരതമായ ജീവിതം നയിച്ച ശ്രീനാരായണ ഗുരു അലസജീവിതം നയിച്ചുവരുന്ന മറ്റ് ഇന്ത്യൻ സന്ന്യാസിമാർക്ക് നല്ല മാതൃകയാണ്.“മതമേതായാലും മനുഷ്യൻ നന്നായാൽ മതി” എന്ന ഗുരുവചനം മനുഷ്യ നന്മയെ വിളംബരം ചെയ്യുന്ന ഒന്നാണ്.മനുഷ്യ നന്മയ്ക്ക് മതം അത്യാവശ്യമില്ലെന്ന് ലോകത്തെ പഠിപ്പിച്ച ഗുരു, “പലമതസാരവുമേകം” എന്ന്, തന്റെ ആശയത്തെ ലളിതസൂത്രവാക്യംപോലെ മനുഷ്യമനസ്സിലെത്തിച്ചു. ഗുരു എന്ന മതാതീതനായ തത്ത്വജ്ഞാനിയുടെ ഉപദേശങ്ങൾ സാർവലൗകികത്വമെന്ന സവിശേഷതയുള്ളവയാണ് എന്നു ലേഖകൻ സമർഥിക്കുന്നു.കേരളത്തെ ജാതി പാതാളത്തിൽ നിന്നു കരകയറ്റി അതിന്റെ ഭ്രാന്താലയത്വം നിശ്ശേഷം നീക്കം ചെയ്ത ശ്രീനാരായണ ഗുരുവചനങ്ങൾ ഭാവിതലമുറയ്ക്ക് പ്രചോദനമാകും എന്ന പ്രത്യാശയിലാണ് ലേഖനം അവസാനിക്കുന്നത്.

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. മോക്ഷം എന്നതു കൊണ്ട് ശ്രീനാരായണഗുരു ലക്ഷ്യമാക്കിയത് എന്ത്?
   - സമൂഹത്തിന്റെ ആകെയുള്ള ഉന്നമനം
   - വ്യക്തിയെ മാത്രം ലക്ഷ്യംവെക്കുന്ന ഒന്ന്
   - വ്യക്തിയെയും സമൂഹത്തെയും ലക്ഷ്യം വെക്കാത്തത്
   - സന്ന്യാസത്തെ മാത്രം ലക്ഷ്യം വയ്ക്കുന്നത്.
2. ശ്രീനാരായണ ഗുരുവിന്റെ ജീവിതവുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?
   - അധ:കൃത വർഗ്ഗോദ്ധാരകൻ
   - മതാതീതനായ തത്ത്വജ്ഞാനി
   - കർമ്മജ്ഞാനങ്ങളെ സമന്വയിപ്പിച്ച പ്രായോഗിക വേദാന്തി
   - സ്വമോക്ഷത്തിനു വേണ്ടി യത്നിച്ച യതിവര്യൻ.

**ക്ലാസ് പ്രവർത്തനം**

1. കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏകഗുരുനാഥനെന്നും ഈ ഋഷിവര്യനെ വിശേഷിപ്പിക്കാം.
   – ഈ നിരീക്ഷണത്തെ സാധൂകരിക്കുന്ന ഒരു ശ്രീനാരായണ വചനം എഴുതുക.
2. ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയായി കുറ്റിപ്പുഴ നിരീക്ഷിക്കുന്നത് എന്താണ്?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1. “ജാതിപ്പിശാചിനെ ഉച്ചാടനം ചെയ്തു കേരളീയരെ മനുഷ്യത്വം പഠിപ്പിച്ച ഏക ഗുരുനാഥൻ”

   –ഗുരുവിനെ ലേഖകൻ ഇങ്ങനെ വിലയിരുത്തുന്നതിന്റെ രണ്ടു കാരണങ്ങൾ എഴുതുക.
2. ശ്രീനാരായണഗുരുവും മറ്റു മതാചാര്യന്മാരും തമ്മിലുള്ള രണ്ടു വ്യത്യാസങ്ങൾ കുറിക്കുക.

**നാലോ അഞ്ചോ വാക്യങ്ങളിൽ ഉത്തരമെഴുതുക.**

1. “പലമതസാരവുമേകമെന്നു പാരാ–
   തുലകിലൊരാനയിലന്ധരെന്നപോലെ
   പലവിധയുക്തി പറഞ്ഞു പാമരന്മാ–
   രലയുവതോർത്തലയാതിരുന്നിടേണം”

   *–ആത്മോപദേശ ശതകം*

–ഈ ഉപദേശം മതഭേദങ്ങളെ പരിഹസിക്കുന്നതു കൂടിയായിത്തീരുന്നുണ്ടോ? സ്വാഭിപ്രായം സമർത്ഥിക്കുക.

2. 'ശ്രീനാരായണ സന്ദേശങ്ങളെ ദേശകാലോചിതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഇന്നത്തെ ഒരാവശ്യമാകുന്നു'.

   ഇന്ന് ഏറെ പ്രസക്തമാകുന്ന രണ്ട് ഗുരു സന്ദേശങ്ങളെ മുൻ നിർത്തി, ലേഖകന്റെ അഭിപ്രായത്തെ വിലയിരുത്തി ലഘുകുറിപ്പ് തയ്യാറാക്കുക.

3. പ്രവഞ്ചത്തിന്റെ മിഥ്യാത്വത്തിൽ ഭ്രമിച്ച് കർമ്മവിമുഖരായി അലസജീവിതം നയിക്കുന്ന ഇന്ത്യൻ സന്ന്യാസിമാർക്ക് ശ്രീനാരായണന്റെ സേവനസമർപ്പിതമായ ജീവിതം മഹത്തായ ഒരു മാതൃകയാവേണ്ടതാണ്.

   –ഇതര സന്ന്യാസിമാരിൽ നിന്നും വ്യത്യസ്തമായി ശ്രീനാരായണ ഗുരുവിൽ ലേഖകൻ കാണുന്ന പ്രത്യേകതകൾ എന്തെല്ലാം? ലഘുകുറിപ്പ് തയ്യാറാക്കുക.

4. ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ശ്രീനാരാണസന്ദേശം എക്കാലത്തും ഏതു രാജ്യത്തും വിലമതിക്കുന്നതും ഏതു സമുദായത്തിന്റെയും സാംസ്കാ രിക വികസനത്തിന് അത്യന്തം ഉപകരിക്കുന്നതുമായ വിശിഷ്ടാശയമാണ്.

   –കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ ഈ നിരീക്ഷണത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

<u>**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക**</u>.

1. "മതമേതായാലും കൊള്ളാം, മനുഷ്യൻ നന്നായാൽ മതി"

   ***– ശ്രീനാരായണ ഗുരു***

   "വാസ്തവത്തിൽ മതാതീതനായ ഒരു തത്ത്വജ്ഞാനിയായിരുന്നു അദ്ദേഹം"

   ***–കുറ്റിപ്പുഴ കൃഷ്ണപിള്ള***

   –കുറ്റിപ്പുഴ കൃഷ്ണപിള്ളയുടെ നിരീക്ഷണത്തിന്റെ പൊരുൾ ശ്രീനാരായണഗുരുവിന്റെ സന്ദേശം മുൻനിർത്തി വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

2. "ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന്"

   ***–ശ്രീനാരായണഗുരു***

   'ഏകലോകമെന്ന ആശയത്തിന്റെ ഒരു മുദ്രാവാക്യമായി പ്രസ്തുത സന്ദേശത്തെ പരിഗണിക്കാം'.

   –ശ്രീനാരാണയഗുരുവിന്റെ സന്ദേശം മുൻനിർത്തി കുറ്റിപ്പുഴ കൃഷ്ണപ്പിള്ളയുടെ നിരീക്ഷണത്തിന്റെ പൊരുൾ വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

<u>***ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതു***</u>ക.

'സാർവലൗകികത്വം ശ്രീനാരായണോപദേശങ്ങളുടെ ഒരു പ്രത്യേകതയാണ്'.– ശ്രീനാരായണോപദേശങ്ങളുടെതായി ലേഖകൻ ചൂണ്ടിക്കാണിക്കുന്ന മറ്റു പ്രത്യേകതകൾ കൂടി വിശകലനം ചെയ്ത് 'ശ്രീനാരായണ സന്ദേശങ്ങളുടെ സവിശേഷതകൾ' എന്ന വിഷയത്തിൽ ഒരു ലഘൂപന്യാസം തയ്യാറാക്കുക.

## <u>പത്ര നീതി</u>

സുകുമാർ അഴീക്കോട് എഴുതിയ ലേഖനമാണ് പത്രനീതി. ഏറ്റവും ജനകീയമായ മാധ്യമമാണ് പത്രം. സാമൂഹ്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചു കൊണ്ട് സമൂഹത്തിന് വഴി കാട്ടാൻ പത്രങ്ങൾക്ക് കഴിയേണ്ടതുണ്ട്. സ്വേച്ഛാധിപതിപോലും പത്രങ്ങളെ ഭയപ്പെടുന്നു. പത്രങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ബഹുമതിയുടെ കറുത്ത വശം ലേഖകൻ ചൂണ്ടിക്കാട്ടുന്നു. അച്ചടിച്ചതു കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്ന അവസ്ഥ പത്രങ്ങൾ നേരിടുന്ന അപചയത്തെ ശക്തമായി വ്യക്തമാക്കുന്നു. പത്രധർമ്മത്തെക്കുറിച്ച് കൃത്യമായ തിരിച്ചറിവുണ്ടാക്കാൻ ഈ ലേഖനം സഹായിക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. പത്രമില്ലാതെയുള്ള ഭരണത്തേക്കാൾ താൻ അഭിലഷിക്കുക, ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്.

   —ജഫഴ്സന്റെ ഈ അഭിപ്രായത്തിന്റെ പൊരുൾ

   ❖ പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.
   ❖ പത്രങ്ങൾ ഭരണകൂടത്തെ സ്വാധീനിക്കുന്നു
   ❖ പത്രങ്ങളെ ഭരണകൂടം ഭയപ്പെടുന്നു.
   ❖ പത്രങ്ങളാണ് ഭരണം നടത്തേണ്ടത്.

2. സ്വേച്ഛാധിപതി പത്രത്തെ ഭയപ്പെടാൻ കാരണം.

   ❖ പത്രവാർത്തകൾ വ്യാജമായതിനാൽ
   ❖ പത്രങ്ങൾ സത്യം പറയുന്നതിന്റെ മൂർച്ചകൊണ്ട്
   ❖ പത്രങ്ങൾക്ക് പ്രചാരം കൂടുമെന്നതിനാൽ
   ❖ പത്രങ്ങളുടെ നടത്തിപ്പിന് ചിലവേറുന്നതിനാൽ

3. സത്യംകണ്ടു പിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും

   —ഇവിടെ സൂചിതമാവുന്നത്

   ❖ പത്രങ്ങൾ വളരെ വിശദമായി വായിക്കേണ്ടതുണ്ട്.
   ❖ പത്രത്തിന്റെ ഭാഷ വളരെ കടുപ്പമുള്ളതാണ്.
   ❖ പത്രങ്ങൾ നൽകുന്ന വാർത്തകൾ പലപ്പോഴും കൃത്യമല്ല.
   ❖ പത്രവായന വളരെ പ്രയാസകരമാണ്.

4. പത്രമെന്ന വിരോധാഭാസം ഇതത്രേ

   —ഈ പ്രസ്താവനയിൽ നിന്ന് സൂചിതമാവുന്നത്?

   ❖ പത്രം അനുദിന വാർത്തകൾ നൽകുന്നു.
   ❖ പത്രം ശാസ്ത്രസംബന്ധിയായ വാർത്തകൾ നൽകുന്നു.
   ❖ പത്രം യുക്തിചിന്തകൾ നൽകുന്നു.
   ❖ പത്രത്തെ എതിർക്കണമെങ്കിൽ പത്രത്തെത്തന്നെ ആശ്രയിക്കണം.

5. **അർത്ഥവ്യത്യാസം വരാതെ ലഘുവാക്യങ്ങളാക്കി മാറ്റുക.**
   എന്തിന്റെയും മറുവശം ചൂണ്ടിക്കാണിക്കുന്നതിൽ അതി വിരുതനായിരുന്ന ഓസ്ക്കാർ വൈൽഡ് പത്രങ്ങളുടെ ദ്രോഹകാരിത്വത്തെ പലപ്പോഴും തുറന്നുകളിയാക്കിക്കൊണ്ടിരുന്നു.

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. ബയനറ്റിന്റെ മൂർച്ച ഭയങ്കരമാണ്. അതിനെക്കാൾ മൂർച്ചയാണ് പത്രത്തിന്.

   —പത്രനീതിയെക്കുറിച്ചുള്ള എന്ത് സൂചനയാണ് ഈ വാക്യങ്ങൾ നൽകുന്നത്?

❖ പത്രങ്ങളുടെ വിമർശനശക്തി.
❖ പത്രങ്ങൾ സത്യത്തിന്റെ പക്ഷത്ത് നിൽക്കണം.

2. പത്രം അസത്യമാണെന്നറിഞ്ഞുകൊണ്ട് ഒരു കാര്യം പറയുകയും അത് സത്യമായിത്തീരുമെന്ന വിചാരത്തിൽ അക്കാര്യം ആവർത്തിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

—പത്രങ്ങളുടെ അപചയത്തെക്കുറിച്ച് ഈ വാക്യം നൽകുന്ന രണ്ട് സൂചനകൾ എഴുതുക?

❖ വാസ്തവിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുകയും വിശ്വസിപ്പിക്കുകയും ചെയ്യുന്നു.

3. പത്രങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ സേവനം അച്ചടിച്ചത് കണ്ടാൽ അവിശ്വസിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു എന്നാതാണ്.

   —ഈ അഭിപ്രായത്തിന്റെ പൊരുൾ വ്യക്തമാക്കുക.

   ❖ പത്രത്തിന്റെ വിശ്വാസ്യത നഷ്ടപ്പെടുന്നു.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. അരാജകമായ ഒരവസ്ഥയിൽപ്പോലും സത്യവും നീതിയും പുലർത്തുന്ന പത്രങ്ങളുടെ സാന്നിധ്യം സമൂഹത്തെ രക്ഷിക്കുന്നു.

 –ഈ പ്രസ്താവനയുടെ സാധുത പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

 ❖ പത്രങ്ങൾ സാമൂഹ്യമൂല്യങ്ങൾ ഉയർത്തിപ്പിടിക്കണം.

2. സത്യം കണ്ടുപിടിക്കാൻ പല അടവുകളും നോക്കേണ്ടി വരും. ഗുണിക്കൽ, ഹരിക്കൽ, അഭ്യൂഹം, ഭാവന തുടങ്ങി പലതും.

 –ഈ നിരീക്ഷണത്തിന്റെ പൊരുൾ വിശദമാക്കുക.

 ❖ പത്രങ്ങൾ നേരിടുന്ന അപചയം
 ❖ പത്രങ്ങളുടെ വിശ്വാസ്യത നഷ്ടമാവുന്നു.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. ബയനറ്റിനേക്കാൾ ഞാൻ പേടിക്കുന്നത് പത്രങ്ങളെയാണ്.

 **–നെപ്പോളിയൻ**

 രാഷ്ട്രീയത്തിലെ നാലാമത്തെ ശക്തിയാണ് പത്രം.

 പത്ര നീതി എന്ന പാഠഭാഗത്തിലെ ആശയങ്ങൾ പരിഗണിച്ചുകൊണ്ട് പത്രങ്ങളുടെ സ്വാധീനം സമൂഹത്തിൽ എന്ന വിഷയത്തിൽ ലഘുപ്രഭാഷണം തയ്യാറാക്കുക.

 ❖ അഭിപ്രായങ്ങൾ വിശകലനം ചെയ്യുന്നു
 ❖ പത്രങ്ങളുടെ പ്രാധാന്യം
 ❖ പത്രങ്ങൾ സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം

## പണയം (കഥ)

**–ഇ. സന്തോഷ് കുമാർ**

ആധുനിക മലയാള ചെറുകഥാകൃത്തായ ഇ. സന്തോഷ്കുമാറിന്റെ ഹൃദയസ്പർശിയായ ചെറുകഥയാണ് പണയം. ഈ കഥ കലയ്ക്കും സാഹിത്യത്തിനുമൊക്കെ മനുഷ്യജീവിതത്തിലുള്ള സ്ഥാനമെന്ത് എന്നു ചിന്തിക്കാൻ പ്രേരിപ്പിക്കുന്നു. ദരിദ്രനായ തയ്യൽക്കാരൻ ചാക്കുണ്ണിയും പണയമെടുത്ത് പണം പലിശയ്ക്കു കൊടുക്കുന്ന ചെമ്പുമത്തായിയുമാണ് പ്രധാന കഥാപാത്രങ്ങൾ. പണയ മുതലായ റേഡിയോയും ഒരു കഥാപാത്രം തന്നെ. കലാഹൃദയമുള്ള ചാക്കുണ്ണി ഏറെ ബുദ്ധിമുട്ടുകൾ സഹിച്ച് സ്വന്തമാക്കിയ റേഡിയോ അയാളുടെ ഇളയകുട്ടിയുടെ ചികിത്സയ്ക്കായി ചെമ്പുമത്തായിക്കു പണയം വയ്ക്കേണ്ടി വരുന്നു. ചാക്കുണ്ണിയുടെ ജീവിതത്തിന്റെയും ജോലിയുടെയുമൊക്കെ സമയതാളങ്ങളെ നിശ്ചയിച്ചിരുന്ന ആ റേഡിയോ നഷ്ടമാവുന്നതോടെ അയാളുടെ തൊഴിലിന്റെ താളം തെറ്റുന്നതും മകന്റെ വേർപാട് മനോവേദനകൂട്ടുന്നതും കഥയിൽ വായിക്കാം.ജീവിതത്തിൽ കഷ്ടപ്പാടുകളും ദുരിതങ്ങളും വന്നു നിറയുമ്പോൾ അതിനെയൊക്കെ മറികടക്കാൻ കലയും സാഹിത്യവും സഹായിക്കും. മനസ്സ് മറ്റൊന്നിനും പണയപ്പെടുത്താത്തവർക്ക് ഇക്കാര്യം ബോധ്യപ്പെടുമെന്നു കഥ ഓർമ്മപ്പെടുത്തുന്നു.ഒരു ചലച്ചിത്രത്തിലെന്നപോലെ വായനക്കാരന്റെ മനസ്സിൽ ദൃശ്യാനുഭവം പകർന്നു നൽകാൻ പണയം എന്ന കഥയ്ക്ക് കഴിയുന്നു.മാധ്യമങ്ങൾ ആനന്ദിപ്പിക്കാനും ആശ്വസിപ്പിക്കാനും കൂടിയുള്ളതാണ് എന്ന തിരിച്ചറിവു പകരുന്ന കഥയാണ് പണയം.ജീവിതാനുഭവങ്ങൾ ശക്തമായി ആവിഷ്ക്കരിക്കാനുള്ള ഭാഷയുടെ കഴിവ് കണ്ടെത്താനും പോയകാലത്തെ ഗ്രാമീണ നന്മകളുടെ ഭാഗമായ ശ്രവണസംസ്ക്കാരത്തെ വിലയിരുത്തുന്നതിനും കഥ സഹായിക്കുന്നു. നവമാധ്യമങ്ങളുടെ സ്വാധീനം സമൂഹത്തിൽ വർദ്ധിച്ചു വരുന്ന കാലത്തും നാട്ടിൻപുറങ്ങളിലും നഗരങ്ങളിലും ചില മനുഷ്യർക്കെങ്കിലും പ്രിയപ്പെട്ട മാധ്യമമായി റേഡിയോ നിലനിൽക്കുന്നത് ബോധ്യപ്പെടുത്താനും കഥ നിമിത്തമാകുന്നു.

**ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.**

1. "അങ്ങനെപറയരുത്, കുറച്ചു നേരം അതുകേട്ട് ഞാനങ്ങ് പോയ്ക്കോളാം"– ഇവിടെ പ്രതിഫലിക്കുന്നതെന്ത്?

 ❖ ചാക്കുണ്ണിയുടെ ദൈന്യം
 ❖ ചാക്കുണ്ണിയുടെ അനിഷ്ടം
 ❖ നാട്ടുകാരുടെ ആവേശം
 ❖ ചെമ്പുമത്തായിയുടെ അഹങ്കാരം

2. ചുവടെ ചേർക്കുന്നവയിൽ ചാക്കുണ്ണിയുടെ ജീവിതാവസ്ഥ സൂചിപ്പിക്കുന്ന പരാമർശം ഏത്?
    - ❖ അയാളുടെ കണ്ണുകൾ വിടർന്നിരുന്നു.
    - ❖ ചുറ്റുമുള്ളവർ അയാളെ ആദരവോടെ നോക്കി
    - ❖ മൂന്നുപതിറ്റാണ്ടു നൂലുകോർത്തു കുഴിഞ്ഞുപോയ കണ്ണുകൾ
    - ❖ അയാൾ വരണ്ട തൊണ്ടയിൽ ചുമച്ചു.
3. 'ചാക്കോ മാപ്ലക്ക് സ്വർണം ചോരേല്ണ്ടാർന്നതാ'—
   അടിവരയിട്ട പദം കൊണ്ട് അർഥമാക്കുന്നതെന്ത്?
    - ❖ പാരമ്പര്യം
    - ❖ കച്ചവടബുദ്ധി
    - ❖ തറവാടിത്തം
    - ❖ രസികത്തം
4. പണയത്തിലെ ചെമ്പുമത്തായിയുടെ സ്വഭാവത്തിനു യോജിച്ച ശൈലിയേത്?
    - ❖ ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്നവൻ
    - ❖ അറ്റകൈക്ക് ഉപ്പുതേക്കാത്തവൻ
    - ❖ അഴകിയ രാവണൻ
    - ❖ അമരക്കാരൻ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. 'ചെമ്പുമത്തായിയുടെ അടുക്കൽ ചെന്നു റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയുടെ ഉള്ളിൽ തീയായിരുന്നു'.
   —ഇവിടെ ചാക്കുണ്ണിയുടെ മാനസികാവസ്ഥ പ്രകടമാകുന്നുണ്ടോ? വ്യക്തമാക്കുക.
2. 'പിന്നെ, മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണി ബാധിച്ച കാലുകൾ മണ്ണിലൂടെ ഇഴച്ചുകൊണ്ട് അയാൾ തിരിഞ്ഞു നോക്കാതെ നടന്നു'.
   **(പണയം)**
   — കഥാന്ത്യത്തിലെ ഈ വാക്യത്തിൽ തെളിയുന്നതെന്തെല്ലാം?

**നാലോ അഞ്ചോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. 'മനുഷ്യൻ പാട്ടുകേട്ട് സമയം കളയുന്നതതെന്തിനെന്ന് ചെമ്പുമത്തായിക്ക് ഒരു കാലത്തും മനസ്സിലായിരുന്നില്ല'.
   — ഈ വാക്കുകൾ ചെമ്പുമത്തായിയുടെ സ്വഭാവത്തെ വെളിപ്പെടുത്തുന്നവയാണ്. ശരിയോ? സമർഥിക്കുക.
2. 'പണയം' എന്ന കഥയിലെ പ്രധാന കഥാപാത്രം തന്നെയാണ് റേഡിയോ.
   — ഈ അഭിപ്രായത്തോടുള്ള നിങ്ങളുടെ പ്രതികരണം കുറിക്കുക.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. 'ചുറ്റുപാടും നിരവധി ആളുകളുണ്ടായിട്ടും പറഞ്ഞറിയിക്കാനാകാത്ത ഒരേകാന്തത അപ്പോൾ അയാളെ വലയം ചെയ്തു'—
   'തുണികളിലൂടെ കത്രിക തെറ്റിസഞ്ചരിച്ചു'
   —റേഡിയോ പണയം വച്ചതോടെ ചാക്കുണ്ണിയിലുണ്ടായ മാറ്റം സൂചിപ്പിക്കാൻ ഇത്തരം പ്രയോഗങ്ങൾക്കാവുന്നുണ്ടോ? വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.
2. "മത്തായി അയാളെ സൂക്ഷിച്ചു നോക്കി. ഇതെന്തൊരു കോലമാണ് ഇയാളുടെ? തയ്യൽക്കാരൻ ചാക്കുണ്ണി സ്വയം തെറ്റി അളന്ന ഉടുപ്പുകളിൽ കയറികൂടിയതുപോലെ അയാൾക്ക് തോന്നി".
   ചെമ്പുമത്തായിയുടെ ഈ നിരീക്ഷണത്തിൽ നിന്ന് തെളിയുന്നതെന്ത്? കഥാസന്ദർഭം വിശകലനം ചെയ്തു കുറിപ്പു തയ്യാറാക്കുക.

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

1. റേഡിയോ എന്ന ശ്രാവ്യമാധ്യമത്തിന്റെ സാന്നിധ്യം ഗ്രാമീണജീവിതത്തിലുണ്ടാക്കിയ സ്വാധീനം 'പണയം' എന്ന കഥയിൽ ആവിഷ്ക്കരിക്കുന്നുണ്ട്. ടെലിവിഷനും നവമാധ്യമങ്ങളുമാണ് ഇന്നു നമ്മുടെ സമൂഹത്തിൽ സ്വാധീനം ചെലുത്തിക്കൊണ്ടിരിക്കുന്നത്.

   —ഈ പശ്ചാത്തലത്തിൽ 'നിത്യജീവിതത്തെ സ്വാധീനിക്കുന്ന നവമാധ്യമങ്ങൾ' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

2. 'എന്റെ കണക്കൊക്കെ തെറ്റീലോ മത്തായി മൂപ്പരേ,
   ഒക്കെ നിങ്ങള് എഴുതിവയ്ക്കണം'

   —ചാക്കുണ്ണിയുടെ ദൈന്യം നിറഞ്ഞ വാക്കുകളാണിത്. കഥ വിലയിരുത്തി 'ചാക്കുണ്ണി' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

3. 'ഈ റോഡിയോം പാട്ട്വക്കെ ഇനിക്ക്രെ പിട്ത്തല്യാ. മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള്! ആ നേരം നോക്കി വല്ല പണീം എടുത്താല് നാല് കാശുണ്ടാക്കാം'.

   **—ചെമ്പുമത്തായി**

   'പണ്യെടുക്കമ്പളും റേഡിയോകേൾക്കാം മൂപ്പരേ,
   ഞാനങ്ങന്യാർന്നു. തയ്ക്കണ സമയത്ത് പാട്ടും
   നാടകോം ശബ്ദരേഖേം ഒക്കെ കേൾക്കും' **—ചാക്കുണ്ണി**

   —രണ്ടു ധ്രുവങ്ങളിൽ നിൽക്കുന്ന കഥാപാത്രങ്ങളാണോ ചെമ്പുമത്തായിയും ചാക്കുണ്ണിയും.

   കഥാപാത്രങ്ങളെ താരതമ്യം ചെയ്തു കുറിപ്പു തയ്യാറാക്കുക.

## അമ്മയുടെ എഴുത്തുകൾ

വി.മധുസൂദനൻ നായർ എഴുതിയ കവിതയാണ് അമ്മയുടെ എഴുത്തുകൾ. വീടിന് മോടികൂട്ടുമ്പോൾ മകന് കിട്ടുന്ന അമ്മയുടെ എഴുത്തുകൾ അയാളിലുണ്ടാക്കുന്ന ചിന്തകളാണ് കവിതയുടെ പ്രമേയം. നോക്കിയാൽ മിണ്ടുന്ന ചിത്രലേഖത്തിന്റെ താളുകൾ മകന് ഹൃദയസ്പർശിയായ അനുഭവമായി മാറുന്നു. ഇവിടെ അമ്മ മാതൃഭാഷയുടെ പ്രതീകമായി മാറുന്നു. ഹൃദയഹാരിയായ ഈ ഉള്ളെഴുത്തുകൾ അറിയാത്ത തലമുറ കവിയുടെ വേദനയായി മാറുന്നു. അമ്മയിൽ നിന്ന് അകലുക എന്നാൽ ഭാഷയിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും അകന്നുപോവുക എന്നതാണ്. വേരുകൾ നഷ്ടപ്പെടുന്ന ഒരു തലമുറയെക്കുറിച്ചുള്ള ഉത്കണ്ഠ കവിത പങ്കുവെക്കുന്നു.

**ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക.**

1. തായ്മൊഴി തന്നീണമെങ്ങനെ?
   അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?
   - ❖ മാതൃഭാഷ
   - ❖ ഉപദേശങ്ങൾ
   - ❖ പാട്ടുകൾ
   - ❖ എഴുത്തുകൾ
2. അമ്മതൻ ചിന്മുദ്രയാണീയെഴുത്തുകൾ
   —ഇവിടെ സൂചിതമാവുന്നത്
   - ❖ ഹൃദയത്തിന്റെ ഭാഷ
   - ❖ സാഹിത്യ ഭാഷ
   - ❖ ഗദ്യഭാഷ
   - ❖ ആലങ്കാരിക ഭാഷ
3. നാദമായ് വന്നെന്റെ നാവിലെത്തേനായി
   നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ
   — അടിവരയിട്ട പദം സൂചിപ്പിക്കുന്നത്?
   - ❖ കവിത
   - ❖ വാക്കുകൾ

❖ മാതൃഭാഷ

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. അമ്മയൊരോർമ്മ–
യിപ്പുത്തൻ പ്രകാശങ്ങൾ
ജന്മമാളും വനപ്രാചീന നീലയിൽ
മങ്ങിയമർന്നതാമോർമ്മ

– ഈ വരികൾ ധ്വനിപ്പിക്കുന്നതെന്ത്?

❖ പുത്തൻ പരിഷ്ക്കാരങ്ങളുടെ കടന്നു കയറ്റത്തിനിടയിലും അമ്മയും മാതൃഭാഷയും സ്വത്വത്തിന്റെ അടിത്തറയായി ശക്തമായി നിലനിൽക്കുന്നു.

2. നമ്മളോർത്താലുമില്ലെങ്കിലും
കാവലായ്
പിൻപേ പറക്കും കുളിർമ്മ

–അമ്മയുടെയും ഭാഷയുടെയും എന്തു പ്രത്യേകതകളാണ് ഈ വരികളിൽ കാണാനാവുന്നത്?

❖ സംസ്ക്കാരത്തിന്റെ അടിവേര്
❖ സ്വത്വത്തിന്റെ അടിസ്ഥാനം

3. ആരു തേടും? നാളെ നമ്മുടെ കുട്ടികൾ–
ക്കോർക്കാനുമമ്മയെ വേണ്ടായിരിക്കുമോ?

–ഈ വരികളിലെ സാമൂഹ്യ വിമർശനം വ്യക്തമാക്കുക.

❖ ഭാഷയിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും അകന്നു പോവുന്ന പുതുതലമുറ.

**അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക?**

1. എത്ര കൗതൂഹലം, നോക്കിയാൽ മിണ്ടുമി–
ച്ചിത്രലേഖത്തിന്റെ താളുകൾ.....

അമ്മയുടെ എഴുത്തുകൾ മകന് ഹൃദയസ്പർശിയായ അനുഭവമായി മാറുന്നത് എങ്ങനെയൊക്കെയാണ്?

❖ എഴുത്തുകളുടെ വൈവിദ്ധ്യം
❖ അമ്മയുടെ വാത്സല്യവും ലാളനയും മൊഴിമാധുര്യവും

2. നാളെയിക്കുട്ടികൾ ചോദിക്കുമോ? നമ്മ–
ളാരുടെ കുട്ടികൾ?
ആരുടെ നോവുകൾ?
കവിയുടെ ആശങ്ക എത്രമാതം പ്രസക്തമാണ്? നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

❖ ഭാഷയിൽ നിന്നും സംസ്ക്കാരത്തിൽ നിന്നും അകന്നു പോകുന്ന പുതിയ തലമുറ.
❖ വേരുകൾ നഷ്ടപ്പെടുന്ന അവസ്ഥ

3. താരാട്ടിലോലുന്ന മാധുര്യമെങ്ങനെ?
താൻതന്നെ വന്നു പിറന്നതുമെങ്ങനെ?

–വരികളിലെ സാമൂഹ്യവിമർശനം വ്യക്തമാക്കുക.ക

❖ പെറ്റമ്മയിൽ നിന്നും മാതൃഭാഷയിൽ നിന്നും അകന്നു പോവുന്ന തലമുറ

**ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.**

ഓരോന്നിനോരോ മൊഴിച്ചന്ത,മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും
അമ്മയ്ക്കു മാത്രം തരാൻ കഴിയുന്നതാം
വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും

–ഓരോ മനുഷ്യന്റെയും വ്യക്തിത്വത്തിന്റെ അടിസ്ഥാനമാണ് മാതൃഭാഷ. എന്നാൽ ഇന്ന് മാതൃഭാഷ വെല്ലുവിളികൾ നേരിടുന്നുണ്ടോ? സമകാലിക സാമൂഹിക അവസ്ഥകൂടി പരിഗണിച്ച് 'മാതൃഭാഷയും സമൂഹവും' എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക